Reg. No. C. 101, M; 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 കുംഭം 4 | ലക്കം 25 |
|---|---|---|

## വിശുദ്ധവത്സരത്തിൽ

### പശ്ചാത്തപിക്കുക, പരിഹാരംചെയ്യുക, പരസ്പരം ക്ഷമിക്കുക

[വിശുദ്ധവത്സരം സംബന്ധിച്ചു് എറണാകുളം മെത്രാപ്പോലീത്താ കൺതത്തിൽ മാർ ആഗ്ഗസ്തീനോസ് തിരുമേനി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഇടയലേഖനം ചുവടെ ചേക്കുന്നു.]

നോമ്പുകാലം ആരംഭിക്കുവാൻ പോകയാണല്ലോ. വലിയ പ്രതീക്ഷകളോടുകൂടെ പ്രഖ്യാപനംചെയ്തിരിക്കുന്ന വിശുദ്ധവത്സരം പ്രതീക്ഷിതമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനു കൂടുതലായ ആദ്ധ്യാത്മികതീക്ഷ്ണതയും വിശ്വാസചൈതന്യവും ആവശ്യകമായിരിക്കയാൽ, തപോജീവിതത്തിനു പ്രത്യേകം നിശ്ചയിക്കപ്പെട്ടിരിക്കുന്ന നോമ്പുകാലം പ്രത്യേകവിധം ഭക്തിയായി കഴിക്കുവാൻ എല്ലാവരും യത്നിക്കേണ്ടതാണു്. പരിശുദ്ധ മാർപ്പാപ്പാ ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, വിശുദ്ധവത്സരം ദൈവത്തിന്റെ വത്സരമാണു്. അതു ദൈവത്തിനായിത്തന്നെ ചെലവഴിക്കണം. നമ്മൾ ജീവിക്കുന്ന സാഹചര്യങ്ങളും ലോകത്തിന്റെ ഇന്നത്തെ പരിതസ്ഥിതികളും നോക്കുമ്പോൾ ഈ വിശുദ്ധവത്സരത്തിൽ കത്തോലിക്കരിൽ കാണുന്ന വിശുദ്ധ ജീവിതമായിരിക്കും തിരുസഭയുടെ വിജയത്തിനുള്ള നിദാനമെന്നു നിശ്ചയമാണു്.

ജൂബിലി പ്രമാണിച്ചു വിശുദ്ധ വാതിൽ തുറക്കുന്നതിന്റെ തലേദിവസം ചെയ്ത റേഡിയോപ്രഭാഷണത്തിൽ നമ്മുടെ പരിശുദ്ധപിതാവു് ഇപ്രകാരം പ്രസ്താവിച്ചു: "പാപം ഒരു ബലഹീനതയായും ആ ബലഹീനതയെ ഒരു പുണ്യമായും കരുതുന്ന പലരും ഇന്നു ജീവിക്കുന്നുണ്ടു്. പരസ്യജീവിതത്തിലെ പല പ്രധാന സംഗതികളിൽ സാമത്ഥ്യപൂർവ്വം വാക്കുകൾ മാറി മനസ്സാക്ഷിയെ വഞ്ചിക്കുവാൻ പരിശ്രമിക്കുന്നു. ഹൃദയംകൊണ്ടു് അപലപിക്കുന്ന സംഗതികളെ അവർ പുറമെ അംഗീകരിക്കുന്നു. എത്ര പേരാണു് ദൈവത്തിന്റെ സ്ഥാനത്തു സ്വന്തം അഭിലാഷങ്ങളാകുന്ന വിഗ്രഹങ്ങളെ സ്ഥാപിക്കുന്നതു്. ദൈവത്തിലുള്ള വിശ്വാസവും അവിടുത്തെ സേവിക്കുവാനുള്ള സന്നദ്ധതയും ഉറപ്പിച്ചുപറയുന്നുണ്ടെങ്കിലും സ്വന്ത ആഗ്രഹങ്ങളും ചാപ്പില്യകളും ബലഹീനതകളും ചമച്ചുണ്ടാക്കുന്ന വിഗ്രഹത്തെ അവർ ആരാധിക്കുന്നു. ദൈവത്തിന്റെ മഹിമപ്രതാപവും കളങ്കമററ പരിശുദ്ധിയും ഗ്രഹിച്ചിട്ടില്ല. അവിടുന്നു സൃഷ്ടിച്ച മനുഷ്യഹൃദയങ്ങളെ ശരിയായി ഗ്രഹിക്കുകയും അവയെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സർവ്വേശ്വരന്റെ കാരുണ്യാതിരേകത്തെ അവർ മനസ്സിലാക്കിയിട്ടില്ല.

"ഇതിൽനിന്നു ഗ്രഹിക്കാം എന്തുകൊണ്ടാണു പലരും പേരിനുമാത്രം ക്രിസ്ത്യാനികളായി യാതൊരു ചിന്തയും ശ്രദ്ധയുംകൂടാതെ കഴിയുന്നതെന്നു്. യഥാത്ഥമായ സുവിശേഷം ക്രിസ്തുമതമല്ലെന്നു വിചാരിച്ചു് ചില ആത്മാക്കൾ നിരാശയിലുൾപ്പെട്ടു് കഴയുന്നുണ്ടു്. മനുഷ്യസഹജമായ മനസ്സിന്റെ ഈ വ്യാജങ്ങൾ — സർവ്വേശ്വരനെപ്പററിയുള്ള അബദ്ധാഭിപ്രായങ്ങൾ—വിശുദ്ധവത്സരം മനുഷ്യഹൃദയത്തിൽനിന്നു എടുത്തു നീക്കണം.

"വിശുദ്ധവത്സരം കോലാഹലത്തോടുകൂടിയ ഒരു തിരുനാളല്ല; ഭക്തിപരമായ വിനോദങ്ങൾക്കുള്ള ഒരു സന്ദർഭമല്ല. ലോകം മനസ്സിലാക്കിവച്ചിരിക്കുന്ന വിധത്തിലുള്ള കത്തോലിക്കരുടെ ശക്തിയുടെ വ്യാജപ്രകടനവുമല്ല. വിശുദ്ധവത്സരം ദൈവത്തിന്റെ രഹസ്യാദേശങ്ങൾക്കു് അനുയോജ്യമായിരിക്കണം. നഷ്ടപ്പെട്ടുപോയതും തൊഴുത്തിൽകയറിയിട്ടില്ലാത്തതുമായ ആടുകളുടെ തൊഴുത്തുകയററത്തിനുള്ള കാലമാകണം. മതത്യാഗവും പാപവുംനിറഞ്ഞ ഈ കാലഘട്ടത്തിൽ വിശുദ്ധവത്സരം പാപപ്പെ രുതിയുടെ ഒരു വത്സരമായിരിക്കണം.

"ഇന്നത്തെ ഈ അസാധാരണ സാഹചര്യങ്ങളിൽ വലിയ ഒരു തൊഴുത്തുകയററം ആവശ്യമായിരിക്കുന്നു. എല്ലാ സ്ഥലത്തും എല്ലാകരയിലുമുള്ള സകല ജനങ്ങളോടുംനാം ആവശ്യപ്പെടുന്നു ഈ തൊഴുത്തുകയററത്തിനായി ആവുംവിധം പരിശ്രമിക്കണമെന്നു്. എല്ലാ മക്കളുടെയും നന്മയ്ക്കും സൗഭാഗ്യത്തിനുംവേണ്ടി താല്പര്യപൂർവ്വം അദ്ധ്വാനിക്കുകയും സഹിക്കുകയും പ്രാത്ഥിക്കുകയും എല്ലാവരേയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു പിതാവിന്റെ ക്ഷണമാണു നമ്മുടേതു്. നമ്മെ ഉപേക്ഷിച്ചവരും നമ്മെ ദ്രോഹിച്ചവരും ഇപ്പോഴും നമ്മെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നവരുമായി ഭൂമുഖത്തുള്ള എല്ലാവരും നമ്മുടെ മക്കളാണു്. അകന്നുപോയിരിക്കുന്നവരോ വഞ്ചിതരോ, വെറുപ്പോടുകൂടെ വർത്തിക്കുന്നവരോ ആയ മക്കളേ, വിശിഷ്യ യാഥാത്ഥ്യത്തെ ശരിയായി കാണ്മാൻ കഴിയാതെ പഞ്ചസാരവാക്കുകളാൽ വഞ്ചിതരായി തിരുസഭയോടുണ്ടായിരുന്ന സ്നേഹം തീരെ നഷ്ടപ്പെടുത്തിക്കളഞ്ഞ മക്കളേ, നിങ്ങൾ തൊഴുത്തിലേക്കു കയറണമെന്നു നാം അഭ്യത്ഥിക്കുന്നു.

"സ്വീകാര്യമായ ഈ സമയത്തു ദൈവവുമായി രമ്യപ്പെടുന്നതിനു് നാംവഴി അവിടുന്നു നൽകുന്ന ക്ഷണം നിരസിക്കല്ലെ. പിതാവിന്റെ വീട്ടിലേക്കുള്ള മാർഗ്ഗം മധുരമാണെന്നു നിങ്ങൾ ധരിക്കുവിൻ; നിങ്ങൾക്കു ലഭിക്കുവാൻപോകുന്ന സ്വീകരണം ആമോദപൂർണ്ണമാണെന്നുകൂടെ മനസ്സിലാക്കുവിൻ."

അനന്തരം പരിശുദ്ധ പിതാവു നിരീശ്വരരേയും, കത്തോലിക്കാസഭയാകുന്ന തൊഴുത്തിൽ ഒരിക്കലും പ്രവേശിച്ചിട്ടില്ലാത്തവരേയും, പ്രസ്തുത തൊഴുത്തിൽനിന്നു വഴക്കുമൂലമോ ഭിന്നതമൂലമോ ഇറങ്ങിപ്പോയിട്ടുള്ളവരേയും തിരുസഭയുടെ മടിയിലേക്കു ക്ഷണിക്കുന്നു.

സാമുദായികവും അന്തർദേശീയവുമായ കാര്യങ്ങളിൽ ദൈവത്തെ മറന്നു മനുഷ്യനുള്ള ഔദ്ധത്യത്തെ തുടർച്ചയായി അവഗണിച്ചുകൊണ്ടിരിക്കുന്ന കാഴ്ച നന്മനസ്സുള്ള എല്ലാവരുടേയും ഹൃദയത്തെ തകർക്കത്തക്കതാണു്. മനുഷ്യന്റെ പരമാന്ത്യം ദൈവമാണെന്നുള്ള വസ്തുത ത്യാജ്യകോടിയിൽ തള്ളി മനുഷ്യനു താൻ തന്നെ മതിയാകും എന്നുള്ള നില സ്വീകരിച്ചു സർവ്വാധിപത്യബോധത്തോടുകൂടെ മനുഷ്യസമുദായത്തിനുള്ള നിയമങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. സഹോദരരോടോ സമുദായത്തോടോ സർവ്വേശ്വരനോടോ മനുഷ്യനുള്ള ബന്ധത്തെ പരിഗണിക്കാതെ നിയമകർത്താക്കളുടെ സ്വാർത്ഥവും സ്വേച്ഛാപ്രഭുത്വവുമനുസരിച്ചു നിയമങ്ങളും വിപ്ലവങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ പരമാന്ത്യം ജീവിതത്തിലെ സന്തോഷങ്ങളാണെന്നും ഗവമ്മെണ്ടിനു മീതെ ഒരധികാരി സ്വർഗ്ഗത്തിലോ ഭൂമിയിലോ ഇല്ലെന്നും കരുതുന്ന നേതാക്കന്മാരിൽ തങ്ങളുടെ വിശ്വാ

(ശേഷം 12-ാം പേജിൽ)

### വാടാത്ത പുഷ്പകിരീടങ്ങൾ



ഇംഗ്ലണ്ടിൽ സ്റ്റോക്ക്പോർട്ടിലെ ഹീററൻനോറിസ് ദേവാലയത്തിലെ മാതൃസ്വരൂപത്തിന്മേൽ 1947 മേയ് 1-ാംനും 1948 മേയ് 1-ാംനും ചാർത്തിയ പുഷ്പകിരീടങ്ങൾ വാടാതിരിക്കുന്ന സംഗതി പ്രസ്താവിച്ചിരുന്നല്ലോ (പു. 22, ല. 37). വാടാത്ത രണ്ടു പുഷ്പമുടികളും ധരിച്ച പ്രതിമയുടെ ചിത്രവും പ്രസിദ്ധംചെയ്തിരുന്നു (പു. 22, ല. 42). 1949 മേയ് 1-ാംനു അർപ്പിച്ച പുഷ്പമുടിയും വാടിയിട്ടില്ല. പുഷ്പമുടികൾ മൂന്നും ചിത്രത്തിൽ കാണാം.

ചെറുകഥ

# പൊരുത്തക്കാരൻ

(ജയിംസ് കെ. സി. മണിമല)

ഒരു ചാൺ വയറിനുവേണ്ടി ഓടിനടന്നു കഷ്ടപ്പെടുന്ന സാധുക്കളെ നോക്കി ഹാസപൂർവ്വം ഒന്നു ചിരിക്കുവാൻ കഴിയുന്ന ന്യൂനപക്ഷങ്ങളിൽ ഒരാളാണ് ചാണ്ടിച്ചേട്ടൻ. അയാൾക്ക് ഇന്നോളം തൻെറ ഉദരപൂരണത്തിനുവേണ്ടി ക്ലേശിക്കേണ്ടിവന്നിട്ടില്ല.

കർഷകനേതാക്കന്മാർ എന്തൊക്കെപ്പറഞ്ഞാലും ചാണ്ടിച്ചേട്ടൻ ആജീവനാന്തം ഒരു ദല്ലാളിയായിരിക്കും. പക്ഷെ ഉല്പന്നങ്ങളുടെ വിനിമയരംഗങ്ങളിലല്ല അയാളുടെ പ്രവർത്തനം; തലമുറകളിലേക്കുള്ള മാനുഷികപരിവർത്തനത്തിൻെറ അടിസ്ഥാനരംഗമായ വിവാഹവേദിയിലത്രെ. അധർമ്മത്തിൻെറയും അനീതിയുടെയും ഒന്നും പരുപരുത്ത സ്വരം അയാൾ കേൾക്കുന്നില്ല. ലോകസേവനത്തിൻെറ ഒരു നേരിയ മാറ്റൊലിമാത്രം.

അന്നാട്ടിൽ ചാണ്ടിച്ചേട്ടനെക്കാൾ പ്രായം കുറഞ്ഞ പലർക്കും ഷഷ്ടിപൂർത്തി കഴിഞ്ഞ ചിലർക്കും, ഗൃഹസ്ഥാശ്രമത്തിൻെറ കവാടം തുറന്നുകൊടുത്തത് അയാളാണ്. അവരെല്ലാം തന്നെ കൃതജ്ഞതാപൂർവ്വം സ്മരിക്കണമെന്ന് അയാൾക്ക് നിർബന്ധവുമുണ്ട്. മാവേലിയെപ്പോലെ ആണ്ടിൽ ഒരിക്കലെങ്കിലും അയാൾ അവരുടെ ഭവനങ്ങൾ സന്ദർശിക്കും. അന്നെല്ലാം ആ വീടുകൾ സുഭിക്ഷത നിറഞ്ഞവതന്നെ. റേഷൻ യൂണിററിന്, 1¾ നാഴിയാക്കിയാലും വിപാകവിപണി ഒന്നര രൂപാവരെയായാലും ചാണ്ടിച്ചേട്ടനു കുഴപ്പമൊന്നുമില്ല. സമ്പൂർണ്ണറേഷനും സൗജന്യവിലയും മാത്രമാണ് ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചിടത്തോളം അയാളുടെ മാനദണ്ഡം.

ഇങ്ങനെയൊക്കെയാണെങ്കിലും മദ്ധ്യവയസ്കരായ ചില തരുണികൾ ചിലപ്പോൾ പറയും, "എൻെറ ചാണ്ടിച്ചേട്ടാ! ഈ കൊല്ലാക്കൊല ചെയ്യേണ്ടായിരുന്നു. ഇവിടെ ഉണ്ണാനും ഉടുക്കാനും തേക്കാനും കുളിക്കാനും എല്ലാം അനുവാദം വേണം. എന്നാലും തൊട്ടതിനെല്ലാം കുററം."

"ഹ ഹാ ഹാ! കൊള്ളാം" ചാണ്ടിച്ചേട്ടൻ പൊട്ടിച്ചിരിക്കും "അതിനിപ്പം എൻെറ കുററമാണോ! ഓരോരുത്തരുടെ വിധിയാ ഇതൊക്കെ. അതിനാവലാതി പറഞ്ഞാലൊക്കുമോ?"

അയാളുടെ സമപ്രായക്കാരായ അമ്മായിയമ്മമാരിൽ ചിലരുടെ പരാതി ഇങ്ങനെയല്ല. "എങ്കിലും അറിഞ്ഞിരുന്നോണ്ടു ഈ ചതിവു ചെയ്തല്ലോ. നമ്മുടെ പെണ്ണിനാണേൽ മാനംമര്യാദയില്ല; വിറും വൃത്തിയുമില്ല, ചൊവ്വും ചെമ്മാന്ത്രോമൊട്ടുമില്ല."

"ഹതുകൊള്ളാം. പെങ്കുഞ്ഞുങ്ങളുനന്നായിരിക്കുന്നതൊക്കെ അവരവരുടെ ഭാഗ്യമാ. അവരല്പം മോശക്കാരാണേൽ ഒണ്ടോ കളയാനൊക്കു, കാലക്കേടാണെന്നു വിശാരിച്ചോക്കെയങ്ങു സഹിക്കണം." അങ്ങനെ ചാണ്ടിച്ചേട്ടൻെറ നീതിശാസ്ത്രം അവിടെയും സമാധാനം നല്കും.

ലോകസംസ്കാരം ഇത്രയധികം പുരോഗമിച്ചിട്ടും നാണമില്ലാതെ അതിൻെറ പിമ്പെ മന്ദംകാലിൽ നടക്കുന്ന വിധിയേയും ഭാഗ്യത്തേയുമൊക്കെ വേണമെങ്കിൽ അവർ അവഗണിക്കും. എങ്കിലും ചാണ്ടിച്ചേട്ടൻ പറയുന്നത് അവിശ്വസനീയമെന്ന് ആരും കരുതുകയില്ല.

ഇങ്ങനെ ഒരു ന്യൂനപക്ഷത്തിനു ചാണ്ടിച്ചേട്ടൻെറ പ്രവർത്തനത്തിൽ ചില ആക്ഷേപങ്ങളുണ്ടെങ്കിലും ബഹുഭൂരിപക്ഷവും അദ്ദേഹത്തെ അഭിനന്ദിക്കുകതന്നെ ചെയ്യുന്നു. അക്കൂട്ടത്തിൽ ഒരാളാണ് മാത്തൻ. തൻെറയും മൂന്നു സഹോദരികളുടെയും വിവാഹത്തിന് ഇടനിലനിന്ന ആ സേവനനിരതനെ അയാൾ മററാരെക്കാളും വിശ്വസിക്കുന്നു; ബഹുമാനിക്കുന്നു.

മാത്തൻെറ വിവാഹസ്മരണ ഇപ്പോൾ ഇരുപതു വർഷങ്ങൾക്കു പിമ്പിൽ നിൽക്കുന്നു. അഞ്ചാറു കുഞ്ഞുങ്ങളുടെ പിതൃത്വമാണ് ഇന്നയാളെ പുളകം കൊള്ളിക്കുന്നത്. മൂത്തമകൾ കുഞ്ഞമ്മ അവളുടെ ജീവിതത്തിൽ പതിനേഴു വർഷങ്ങൾ എണ്ണിക്കഴിഞ്ഞു. തൻെറ ഓമനമകൾ നവയൗവനത്തിലെത്തി നാൾതോറും വളരുന്നതു കാണുമ്പോൾ മാത്തൻെറ അഭിമാനം ചിറകുവിരിക്കും. പക്ഷേ അവളുടെ ഭാവിയിലേക്കുനോക്കുമ്പോൾ അയാൾക്ക് ആകസ്മികമായ ഒരു ഞെട്ടൽ. അതിനു കാരണമെന്തെന്നു യൗവനയുക്തരായ പെൺകുട്ടികളുടെ പിതാക്കന്മാരോടു ചോദിച്ചറിയുകയേ തരമുള്ളൂ.

നാലേക്കർ സ്ഥലത്തുള്ള ദേഹണ്ഡാവകാശം മാത്രമായിരുന്നു മാത്തനുള്ള സ്വത്തിൻെറ ആകെത്തുക. ആണ്ടുതോറുമുള്ള ആദായത്തിൽ പകുതി ജന്മിക്കു കൊടുക്കണം. ശേഷിക്കുന്ന അർദ്ധാദായംകൊണ്ടുവേണം അയാളുടെ കുടുംബകാര്യങ്ങൾ നടത്തുവാൻ. എന്നിരുന്നാലും ആ അദ്ധ്വാനനിരതനു് ഇന്നോളം പട്ടിണിയുടെ മുൻപിൽ തലകുനിക്കേണ്ടി വന്നിട്ടില്ല.

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അയാൾ അലസനല്ലായിരുന്നു. കുഞ്ഞമ്മയെ രണ്ടാംഫാറംവരെ പഠിപ്പിച്ചിട്ടുണ്ട്. അതിൽ മുന്നോട്ടുവിടുന്നതിന് അയാളുടെ സാമ്പത്തികനില അനുവദിക്കുന്നില്ല. പോരെങ്കിൽ "കൊള്ളാവുന്ന" പലരും പറഞ്ഞു പെൺകുട്ടികളെ അധികം പഠിപ്പിക്കുന്നത് അപകടമാണെന്ന്!

മാത്തൻെറ പതിന്നാലുവയസ്സുള്ള പുത്രൻെറ കാര്യത്തിൽ ഈ അഭിപ്രായത്തിനു സ്ഥാനമില്ലല്ലോ. അവൻ ഒന്നാംഫാറംവരെ എത്തിയിട്ടുണ്ട്. ഭാവി എങ്ങനെയോ ആർക്കറിയാം?

മററു കുട്ടികളുടെയൊക്കെ വിദ്യാഭ്യാസം പ്രാഥമികപാഠശാലയിലും വീട്ടിലും തങ്ങിനിൽക്കുന്നതേയുള്ളൂ. ഏതായാലും കുഞ്ഞമ്മയ്ക്ക് ഒരു നല്ല കാലം ഉണ്ടായിട്ടേ ആ പിതാവു് ഇനി മററു കാര്യങ്ങളിൽ ശ്രദ്ധിക്കൂ. അതിനുണ്ടോ അയാൾ അധികം ക്ലേശിക്കേണ്ടതുള്ളൂ, ചാണ്ടിച്ചേട്ടൻ സ്വന്തമായിരിക്കുമ്പോൾ!

മാത്തൻ ക്ഷണിച്ചും ക്ഷണിക്കാതെയും ചാണ്ടിച്ചേട്ടൻ അവിടെ പോകും, ഉണ്ണും, മുറുക്കും, വെടിപറയും, പിന്നെ കാര്യങ്ങൾ പലതും പറയും; ചിലതെല്ലാം തീരുമാനിക്കുകയും ചെയ്യും. അങ്ങനെ അവരുടെ സൗഹാർദ്ദബന്ധം അനുദിനം പുരോഗമിക്കുന്നു.

II

അന്നാട്ടിൽ വില്ലേജുബാങ്കിൻെറ ഒരു ശാഖ സ്ഥാപിച്ചിട്ട് അധികകാലമായിട്ടില്ല. എങ്കിലും അതിനു ഗണ്യമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ബാങ്ക് ഏജൻറ് മി: മാത്യു ജനസമ്മതനായ ഒരു യുവാവാണ്. ധനവിനിമയസ്ഥാപനത്തെ ധനികർക്കും നിർദ്ധനർക്കും തൃപ്തികരമായവിധത്തിൽ നയിക്കുന്ന അദ്ദേഹത്തിൻെറ പ്രാപ്തിയെ എല്ലാവരും പ്രശംസിച്ചു.

വിശ്രമവേളയിലെല്ലാം മി: മാത്യുവിൻെറ വസതിയിൽ പലരും ചെന്നിരുന്നു, വെറും സൗഹാർദ്ദസംഭാഷണത്തിനായിമാത്രം. അതിൽ അദ്ദേഹത്തിന് അതൃപ്തിയില്ല. ആ പ്രദേശത്തുള്ള സകല ജനങ്ങളോടും ജാതിമതഭേദമെന്യേ സൗഹാർദ്ദബന്ധം പുലർത്തുവാൻ അയാൾ ജാഗരൂകനായിരുന്നു.

ഒരു സായാഹ്നത്തിൽ ചാണ്ടിച്ചേട്ടൻ മാത്യുവിൻെറ താമസസ്ഥലംസന്ദർശിച്ചു. അയാൾ ആഗതനെ യഥായുക്തം ഉപചരിച്ചു.

"എന്നെയറിയുകയില്ലേ?" ചാണ്ടിച്ചേട്ടൻ സംഭാഷണമാരംഭിച്ചു.

"കണ്ടിട്ടുണ്ട്."

"വീടു തൊടുപുഴയല്ലേ?"

അതെ."

"അപ്പനും അമ്മയും സഹോദരങ്ങളുമൊക്കെയുണ്ടല്ലോ?"

"എല്ലാവരുമുണ്ട്."

"കുഞ്ഞ് എത്ര ക്ലാസ്സു പഠിച്ചിട്ടുണ്ട്?"

"ഇൻററിനു തോററുപോയി."

"അപ്പോൾ കുഞ്ഞിനു ബാങ്കിൽ ജോലി കിട്ടിയതെങ്ങനെ?"

"ഇതിൻെറ മാനേജിംഗ് ഡയറക്ടറെ ഞങ്ങൾക്കു പരിചയമുണ്ടായിരുന്നു."

"ഇവിടെ ജോലിക്കുവരുമ്പോൾ പുരയിടങ്ങളൊക്കെ അന്വേഷിക്കുന്നതാരാണ്?"

"അതിനു് എൻെറ സഹോദരന്മാരുണ്ട്." പരുഷഭാവത്തിലല്ലെങ്കിലും അല്പം വിരസതയോടെ അയാൾ പറഞ്ഞു.

"ചേട്ടൻ എന്തിനാണ് എൻെറ ഗാർഹികകാര്യങ്ങൾ ചോദിക്കുന്നത്?"

"ഓ, ഒരു ലോഹ്യത്തിനുവേണ്ടി ചോദിച്ചെന്നേയുള്ളൂ. കുഞ്ഞിന് അതിൽ നീരസം വല്ലതുമുണ്ടെങ്കിൽ ഇനി ചോദിക്കുന്നേയില്ല." ചാണ്ടിച്ചേട്ടൻ തൻെറ ജിജ്ഞാസയ്ക്ക് ഒരു മൂടുപടമിട്ടു. പിന്നെ അവരുടെ സംഭാഷണം രാഷ്ട്രീയം, സാമ്പത്തികം, സാമുദായികം എന്നിങ്ങനെ വകുപ്പുകൾ മാറിമാറി കുറെ ദീർഘിച്ചു. ഒടുവിൽ ചാണ്ടിച്ചേട്ടൻ ഇറങ്ങിപ്പോയപ്പോൾ മാത്യു ഒരു സ്നേഹിതനോടു ചോദിച്ചു അയാൾ ആരാണെന്നു്.

"അയാളാണ് ഇടച്ചാണ്ടിച്ചേട്ടൻ." ആ പ്രസ്താവത്തിനു് ഒരു വിശദീകരണം ആവശ്യമായിരുന്നു. അതിനാൽ വിവാഹകാര്യത്തിന് ഇടനിലനിന്നു് ജനസമ്മതമാർജ്ജിച്ചിട്ടുള്ള ചാണ്ടിച്ചേട്ടൻെറ ചരിത്രം ആ സ്നേഹിതനിൽനിന്നു വ്യക്തമായി ഗ്രഹിക്കുവാൻ മാത്യുവിനു കഴിഞ്ഞു. എന്നാൽ ഇങ്ങനെ ഒരു ഇടക്കാരനെ ഭയപ്പെടേണ്ട ആവശ്യം തനിക്കില്ല എന്ന് അയാൾക്കു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു.

III

"എടാ കുഞ്ഞുമത്താ, ചക്രമുണ്ടാക്കിക്കോ; കാര്യമൊക്കെ നേരെവന്നു." ചാണ്ടിച്ചേട്ടൻ ഒരു സന്തോഷവാർത്തയുമായി അവിടെ പ്രത്യക്ഷപ്പെട്ടു.

"ഒന്നു പോകയും കാണുകയും ഒന്നും വേണ്ടെ ചാണ്ടിച്ചേട്ടാ?" മാത്തന് ഒരു സംശയം.

"ഒന്നും വേണ്ടാടാ, ഞാൻ പറയുന്നതങ്ങു വിശ്വസിക്ക്. നല്ല ഒന്നാംതരം കുടുംബക്കാരു്. സ്വത്തു ബഹുധാരാളം. പഠിത്തത്തിൻെറ കാര്യമാണേ പറയാനുമില്ല."

"അത്ര കൊള്ളാവുന്നടത്തെങ്ങാനുമടുക്കാൻ എനിക്കു സ്ഥിതിയുണ്ടോ ചാണ്ടിച്ചേട്ടാ!" മാത്തനു പിന്നെയുമൊരു സംശയം.

"നോക്കണേ! ചക്കെന്നു പറേമ്പം കൊക്കെന്നു മനസ്സിലാക്കുന്നെ." ചാണ്ടിച്ചേട്ടൻെറ മുഖത്ത് കോപത്തിൻെറ ഒരു നിഴൽ. "എടാ നീ ചക്രം ഉണ്ടാക്ക്, പിന്നത്തെ കാര്യമൊക്കെ ഞാൻ ഏററെന്നു പറഞ്ഞില്ലേ?"

"ചക്രത്തിനു വശമൊന്നുമില്ല. ഈ ദേഹണ്ഡാവകാശം വല്ലവർക്കും എഴുതിക്കൊടുക്കയേ ഉള്ളൂ." അയാൾ അനാവശ്യസംശയങ്ങളൊക്കെ ഉപേക്ഷിച്ചു കാര്യത്തിലേക്ക് കടന്നുവന്നു.

"അങ്ങോട്ട് എഴുതിക്കൊട്." ചാണ്ടിച്ചേട്ടൻ വിധിച്ചു. "കല്യാണം കഴിഞ്ഞാലുടൻ നിങ്ങളെക്കൂടെ അവരങ്ങു കൊണ്ടുപൊയ്ക്കോളും."

മാത്തൻെറ മുഖം സന്തോഷംകൊണ്ടു വികസിച്ചു. ചാണ്ടിച്ചേട്ടൻ തനിക്കുവേണ്ടി അന്വേഷിച്ച ജാമാതാവിനെ ദർശിക്കുകയാണ് അയാളുടെ ഭാവന. അവിടുത്തെ ഗൃഹനായിക ധൃതഗതിയിൽ പാചകവേലയിലേർപ്പെട്ടിരുന്നെങ്കിലും അവരറിയാതെ ചാണ്ടിച്ചേട്ടൻെറ പ്രസ്താവനയിൽ ദത്താവധാനയായി അങ്ങു നിന്നുപോയി.

കുഞ്ഞമ്മ നന്നായിട്ടൊരു മത്സ്യക്കറി വയ്ക്കുന്നതിൽ വ്യാപൃതയായിരിക്കുകയാണ്. എങ്കിലും മററാരുമറിയാതെ അവളുടെ ശ്രദ്ധ ചാണ്ടിച്ചേട്ടൻെറ മുമ്പിൽ ഏകാഗ്രമായി ചെന്നുനിന്നു.

"ഏതാ, ചാണ്ടിച്ചേട്ടാ ഈ ചെറുക്കൻ?" മാത്തൻെറ നിയന്ത്രണശക്തിയെ തള്ളിപ്പൊളിച്ചുകൊണ്ടു് ജിജ്ഞാസ പുറത്തുവന്നു.

"പുറത്തു പോകരുത്. പലരറിഞ്ഞാൽ കാര്യം കുഴയും." ഇടക്കാരൻെറ ഒരു വിദഗ്ദ്ധനിർദ്ദേശം.

"ഇല്ലന്നേ, കാര്യം നടക്കേണ്ട ആവശ്യം എനിക്കല്ലേ?" ന്യായയുക്തമായ ഒരുറപ്പ്.

ചാണ്ടിച്ചേട്ടൻ കുമ്പസാരരഹസ്യം പോലെ മാത്തൻെറ ചെവിയിൽ എന്തോ മന്ത്രിച്ചു. അയാൾ കുറേനേരം നിശ്ചേഷ്ടനായി ഇരുന്നുപോയി; ആ വാക്യത്തിൻെറ മാന്ത്രികശക്തിയാലായിരിക്കണം.

"എൻെറ ചേട്ടാ ഇതു കിനാവു കാണാൻതക്ക യോഗ്യത എനിക്കുണ്ടോ?" പിന്നെയും വരുന്നു നശിച്ച സംശയം ഭാഗ്യത്തിൻെറ കണ്ണുപൊത്താൻ.

"ഇങ്ങനെ തറുതല പറഞ്ഞാൽ കാര്യത്തിനു ഞാനില്ല. പറയുന്നതു കേൾക്കാമെങ്കിൽ എല്ലാം ശരിയാക്കാം." കർശനമായ ഒരു താക്കീത്.

"ചാണ്ടിച്ചേട്ടൻ പറഞ്ഞാൽ പിന്നെ എനിക്കു വിശ്വാസമാ. ആട്ടെ, എന്താ കൊടുക്കേണമായിരിക്കും?"

"ആയിരത്തി അഞ്ഞൂറും നടപടിയും കൊടുത്താൽ നമുക്കു നടത്താം. ഇന്നത്തെ നിലയ്ക്കു മൂവായിരം കൊടുത്താൽ അവരുടെ പറമ്പിൽ കയറാനൊക്കുമോ?"

"1500—ം നടപടിയും!" മാത്തൻ ഒന്നു ഞെട്ടി.

"എൻെറ ഉടേവനെ, ഒള്ളതു മുഴുവൻ എഴുതിക്കൊടുക്കണമല്ലോ?" മാത്തൻെറ ഭാര്യ അടുക്കളയിൽ ഇരുന്നു തന്നത്താൻ മന്ത്രിച്ചു.

എങ്കിലെന്താണ്; തങ്ങളുടെ ഓമനക്കുഞ്ഞിന് ഒരു നല്ലകാലം വരുന്നതിന് അതും അതിൽക്കൂടുതലും പരിത്യജിക്കാൻ ആ മാതാപിതാക്കന്മാർ സന്നദ്ധരാണ്. പോരെങ്കിൽ വലിയ ആളുകളുമായുള്ള ബന്ധവും നിസ്സാരകാര്യമാണോ?

ആ കുടുംബം ചാണ്ടിച്ചേട്ടനു് ആയിരമായിരം സുകൃതങ്ങൾ നേർന്നു. അവരുടെ സകല കഴിവുകളും ഉപയോഗിച്ച് അന്നത്തെ ഭക്ഷണം വിഭവസമൃദ്ധമാക്കി. ചാണ്ടിച്ചേട്ടനു് അഭൂതപൂർവ്വമായ ഒരു സംതൃപ്തി. നോക്കണേ ഇടനിലക്കാരുടെ ഭാഗധേയങ്ങൾ!

മാത്തൻെറ ഭാര്യ അയാളോടു പല പ്രാവശ്യം ചോദിച്ചു ചാണ്ടിച്ചേട്ടൻ തങ്ങൾക്കു പറഞ്ഞുവച്ചിരിക്കുന്ന ജാമാതാവാരെന്ന്. അയാൾ പറഞ്ഞില്ല; സ്ത്രീകൾ അത്ര വിശ്വസ്തരല്ല. എങ്കിലും അവൾ തൻെറ ഭാര്യയാണല്ലോ? അതുകൊണ്ട് ആരോടും മിണ്ടുകയില്ലെന്ന് മൂന്നുവട്ടം ആണയിടുവിച്ചിട്ട് അയാൾ പറഞ്ഞു.

"നടക്കുമെങ്കിൽ കൊള്ളാം." അവൾക്കും പ്രബലമായ സംശയം.

"നടക്കുമെടി. അവനു നമ്മുടെ കുഞ്ഞമ്മേ അങ്ങു പിടിച്ചുപോയെന്നാ കേട്ടതു്. പോരെങ്കിൽ ചാണ്ടിച്ചേട്ടനല്ലേ ആലോചനക്കാരൻ."

"എന്നാൽ പുരയിടമല്ല, കൂട്ടിൽ നിൽക്കുന്ന പശുവിനെക്കൂടെ പിടിച്ചു വിററാലും വേണ്ടില്ല."

അവൾ കാര്യത്തിൻെറ മാഹാത്മ്യം കുറെക്കൂടെ വിശദമാക്കി. കുഞ്ഞമ്മയ്ക്ക് ഒന്നു മനസ്സിലായി. തൻെറ ജീവിതനദി ഒഴുകിച്ചേരാൻപോകുന്നത് ഏതോ ഒരു സൗഭാഗ്യസമുദ്രത്തിലേക്കാണെന്ന്. പക്ഷെ അതു വിദൂരസ്ഥമോ, സമീപസ്ഥമോ, പ്രശാന്തമോ, ഗംഭീരമോ ആർക്കറിയാം.

അപ്പച്ചനും അമ്മയുംകൂടി എന്തെങ്കിലും പറയുമ്പോൾ അവൾ പാത്തുനിൽക്കാറുണ്ട് അക്കാര്യമൊന്നറിയാൻ. പക്ഷെ യാതൊരു പിടിയും കിട്ടുന്നില്ല.

ഒരിക്കൽ മാത്തൻ പറഞ്ഞു, "കുഞ്ഞമ്മ ഇന്നുച്ചക്കുർബാനയ്ക്കു പള്ളിയിൽ പോയാമതി" എന്നു്.

"അതെന്തിനാ?" അയാളുടെ ഭാര്യക്കു കാര്യമറിയണം.

"ചാണ്ടിച്ചേട്ടൻ പറഞ്ഞിരിക്കുന്നതങ്ങനെയാ. ഇന്നലെ കൊണ്ടുവന്ന ഫുൾസാരി ഒക്കെ ചുററിവേണം." ചില അവശ്യനിർദ്ദേശങ്ങൾ.

"ഓ അതു നമുക്കാർക്കും ചേരുന്നതല്ല. വല്ല പാണ്ടിക്കാരും ചുററിക്കൊണ്ടു നടക്കുന്നതല്ലേ." ഈടുററ സമുദായാഭിമാനം.

"ഓ പിന്നെ, നീ ചുമ്മാതിരിയെടി, ഗവമ്മെൻറിന്നനുവദിച്ചിരിക്കുന്ന കോട്ടാചരക്കിലുണ്ടായിരുന്നതല്ലേ? അതു നമ്മളൊക്കെ ഉടുക്കാനാ. നിനക്കും വേണമെങ്കിലൊന്നെടുക്കാം. ഫുൾസാരി എത്ര വേണമെങ്കിലും ജായണ്ടില്ലാതെ തരാമെന്ന് അവർ പറഞ്ഞിട്ടുണ്ട്." ഉ

(ശേഷം 11-ാംപേജിൽ)

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 11

## കുട്ടികളുടെ ത്യാഗജീവിതം

ഈ മഹാത്ഭുതത്തിനുശേഷം ഫാത്തിമായുടെ മട്ടുതന്നെ ഒന്നു മാറി. ദിവസം മുഴുവനും കുട്ടികളുടെ ചുറ്റും ജനങ്ങൾ കൂടി ചോദ്യങ്ങൾകൊണ്ടു് അവരെ സദാ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

കോവയിൽവച്ചു സുഖം പ്രാപിച്ച "മരിയ ദോ കാർമോ" (Maria Do Carmo) എന്ന സ്ത്രീയുടെ അനുഭവം ജിജ്ഞാസുക്കളായ സന്ദർശകർ കൂടുകതന്നെ ചെയ്തു. സന്ദർശകരുടെ ചോദ്യശരങ്ങൾക്കു് ആ സ്ത്രീ ഇങ്ങനെ മറുപടിപറഞ്ഞു: "കഴിഞ്ഞ ആഗസ്റ്റു മാസത്തിൽ ക്ഷയം പിടിപെട്ടു ഞാൻ മരിക്കാറായിരുന്നു. മാതാവിന്റെ ഇവിടത്തെ സന്ദർശനങ്ങളെപ്പറ്റി കേട്ടപ്പോൾ, എന്റെ രോഗശാന്തിക്കായി നാലുപ്രാവശ്യം കാൽനടയായി കോവയിലേക്കു തീർത്ഥയാത്രകഴിക്കാമെന്നു ഞാൻ നേർന്നു."

കുണ്ടും കുഴിയുമായി കല്ലും നിറഞ്ഞു കിഴുക്കാംതൂക്കായിക്കിടക്കുന്ന റോഡുകളിൽക്കൂടി നാല്പത്തിനാലു മൈൽ വിതം കാൽനടയായി നാലുപ്രാവശ്യം നടക്കുക! ആ ത്യാഗസന്നദ്ധതയിൽ ജനങ്ങൾ അത്ഭുതപ്പെട്ടു.



"ആഗസ്റ്റിലെ എന്റെ ആദ്യയാത്ര വളരെ ക്ലേശകരമായിരുന്നു. രാത്രി ഒരു മണിക്കു ഞാനും എന്റെ ഭർത്താവുംകൂടി യാത്ര പുറപ്പെട്ടു. ഞാൻ വഴിയിൽവച്ചു മരിച്ചുപോയേക്കുമെന്നു ഭർത്താവു ശങ്കിച്ചു. പക്ഷേ, തലമുതൽ പാദംവരെ വേദനയനുഭവിച്ചു് ഇഴഞ്ഞും വലിഞ്ഞും ഞാൻ അവിടെയെത്തി."

"കോവയിലെത്തിയപ്പോൾ വേദനയെല്ലാം മാറിപ്പോയില്ലേ?" അതേ രോഗത്താൽ തന്നെ പീഡിതയായിരുന്ന മറ്റൊരു സ്ത്രീ ചോദിച്ചു.

"ഇവിടെയെത്തി ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ എനിക്കു വളരെ ആശ്വാസം തോന്നി. ആഗസ്റ്റിൽ മാതാവു വന്നില്ലെങ്കിലും എനിക്കൊരു സഹായം ചെയ്തു. തിരിച്ചുപോയപ്പോൾ മുമ്പിലത്തെപ്പോലെയുള്ള വിഷമം എനിക്കു തോന്നിയില്ല.

"സെപ്റ്റംബറിലും നിങ്ങൾ കാൽനടയായി നാല്പത്തിനാലു മൈൽ അങ്ങോട്ടുമിങ്ങോട്ടും നടന്നോ?"

"ഉവ്വ്; വലിയ വിഷമം കൂടാതെ തന്നെ നടന്നു. ഇന്നാണെങ്കിൽ—ഹാ! എന്റെ പരിശുദ്ധ മാതാവിനു സ്തുതിയായിരിക്കട്ടെ — വീട്ടിലേക്കു് ഓടിപ്പോകാമെന്നു് എനിക്കു തോന്നിപ്പോകുന്നു!"

ഇന്നു രാവിലത്തെ മഴമുഴുവൻ നിങ്ങൾ നനഞ്ഞില്ലേ?"

"ഉവ്വ്; മറ്റുള്ളവരെപ്പോലെ ഞാനും തണുത്തു വിറച്ചു വിഷമിച്ചുനില്ക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ എന്നെ നോക്കൂ എന്റെ ചുമ പമ്പകടന്നു. എന്റെ കൈകാലുകളിലെ നീരും ഇല്ലാതായി ഇപ്പോളെനിക്കു് ഒരു വേദനയുമില്ല. സത്യമായും ഈ കോവ ഒരു പുണ്യസ്ഥലമാണു്."

ഒക്ടോബർ 13-ാം നു-യിലെ മരിയ ദോ കാർമോയുടെ രോഗശമനവും, വിശേഷിച്ചു്, അന്നത്തെ മഹാത്ഭുതവും ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ പോർട്ടുഗൽ മുഴുവൻ പരന്നു. ജനങ്ങൾ അത്ഭുതവും ഭയവും കലർന്നു പകച്ചുനോക്കിനില്ക്കുന്നതും, സൂര്യന്റെ ഭ്രമണവും, സൂര്യരശ്മികൾ നാലുവശത്തേക്കും പാഞ്ഞുവന്നതും, ആ ഇടയക്കുട്ടികൾ തങ്ങളുടെ സ്വർഗ്ഗീയസ്നേഹിതയുമായി സംസാരിച്ചുകൊണ്ടു നില്ക്കുന്നതുമായ ഓരോ അവസ്ഥയുടെയും ചിത്രങ്ങൾ ഫോട്ടോഗ്രാഫറന്മാർ അതേസമയത്തു തയാറാക്കിയിരുന്നതു് എല്ലാ പത്രങ്ങളിലും വന്നുകഴിഞ്ഞു. എന്നിട്ടും അതിൽ വിശ്വാസം തോന്നാഞ്ഞ ഒരു സംഘം നിരീശ്വരന്മാർ ഏതാനും ദിവസം കഴിഞ്ഞു് ഒരു രാത്രിയിൽ കോവയിലെത്തി; തീർത്ഥയാത്രക്കാർ അവിടെ നിർമ്മിച്ചിരുന്ന ഒരു കമാനം അവർ നശിപ്പിച്ചുകളഞ്ഞു. ജനങ്ങൾ കാണിക്കകൾ അർപ്പിച്ചിരുന്ന ഒരു മേശയും അവർ തട്ടിമറിച്ചിട്ടു. അവിടെ കത്തിക്കൊണ്ടിരുന്ന വിളക്കുകളും മറ്റു ഭക്താപകരണങ്ങളും അവർ മോഷ്ടിച്ചു. മാതാവിന്റെ പാദങ്ങൾ പതിഞ്ഞ ഓക്കുവൃക്ഷമാണെന്നു വിചാരിച്ചു് ഒരു മരവും അവർ വെട്ടിമുറിച്ചുകളഞ്ഞു. അവയെല്ലാം വണ്ടിയുടെ പുറകിൽ കെട്ടിയിട്ടുകൊണ്ടു് അവർ സാന്തരം (Santarem) എന്ന പട്ടണത്തിൽ കൊണ്ടുപോയി, ഒക്ടോബർ 25-ാംനു- ആ പട്ടണത്തിലെ തെരുവീഥികളിൽ കൊണ്ടുനടന്നു പ്രദർശിപ്പിച്ചു. അവിശ്വാസികൾ സ്വർഗ്ഗീയസ്ത്രീയേയും ഇടയക്കുട്ടികളെയും കത്തോലിക്ക വിശ്വാസത്തെത്തന്നെയും അപഹസിച്ചു.

"ഫാത്തിമായിലെ മൂഢവിശ്വാസികളായ കൃഷീവലന്മാർമൂലം വഴിതെറ്റിപ്പോകാൻ ആരാണു് ആഗ്രഹിക്കുന്നതു്? നമുക്കു റഷ്യയിലെ രാഷ്ട്രീയനേതാക്കന്മാരെപ്പോലെ വിവേകശാലികളായിരിക്കാം. നൂറ്റാണ്ടുകളായി പുരോഹിതന്മാർ അവരിൽനിന്നു മറച്ചുവയ്ക്കുവാൻ ശ്രമിച്ചിരുന്ന രഹസ്യം അവർ ഈ മാസത്തിൽത്തന്നെ കണ്ടുപിടിച്ചിരിക്കുന്നു—ദൈവമോ, മരണാനന്തരജീവിതമോ ഇല്ലെന്നു!—" നാസ്തികന്മാർ ജല്പിച്ചു.

ആ ഒക്ടോബറിൽത്തന്നെയാണു്, റഷ്യയിലും ലോകത്തും നിരീശ്വരകമ്മ്യൂണിസം അഴിച്ചുവിടപ്പെട്ടതു്. തനിക്കും കൂട്ടർക്കും വളരെക്കാലം മുമ്പേ നഷ്ടപ്പെട്ടുപോയസ്ഥാനങ്ങളിൽ മനുഷ്യർ ചെന്നു പാർക്കാതിരിക്കത്തക്കവണ്ണം ഏതാനും ദുഷ്ടന്മാരെ ചെകുത്താൻ ഒരിക്കൽക്കൂടി ഉപയോഗപ്പെടുത്തി.

"അതുകൊണ്ടു തന്നെയായിരിക്കണം പരിശുദ്ധകന്യക കോവയിൽ പ്രത്യക്ഷപ്പെട്ടതു്. പിശാചിനെ തോല്പിക്കാൻ അവിടുന്നു ഇച്ഛിക്കുന്നു. അതിനുള്ള ശക്തിമത്തായ ആയുധം കൊന്തയാണെന്നും അവിടുത്തേക്കറിയാം." ചിലയാളുകൾ അഭിപ്രായപ്പെട്ടു.

"അങ്ങനെയാണെങ്കിൽ ഫാത്തിമായിലെ സന്ദേശം പഠിപ്പിക്കുന്നതു നാം മനസ്സിലാക്കണം. യഥാർത്ഥമായ ശ്രദ്ധയോടും ഭക്തിയോടുംകൂടി പതിവായി കൊന്തയെത്തിക്കണം. അതുമൂലം, റഷ്യയിൽ നടമാടുന്ന പിശാചിന്റെ സമരം പരാജയപ്പെടുകയും യഥാർത്ഥമായ ലോകസമാധാനത്തിനുള്ള ഒരവസരം ലഭിക്കയും ചെയ്തേക്കാം." ഭക്തരായ ജനങ്ങൾ പറഞ്ഞു.

പോർട്ടുഗലിൽ നടന്ന ഇതുശസംഭാഷണങ്ങളോ, അനേകായിരം സ്ത്രീപുരുഷന്മാർ പതിവായി കൊന്തനമസ്കാരം തുടങ്ങിയതോ, കോവയിലെ സംഭവങ്ങളെക്കുറിച്ചുള്ള വിവിധങ്ങളായ പത്രവാർത്തകളോ ആ ഇടയക്കുട്ടികൾ തീരെ മനസ്സിലാക്കിയില്ല. ഈ സംഭവവികാസങ്ങളെല്ലാമുണ്ടായിട്ടും അവർ പഴയപോലെ വിനീതരും അനഹങ്കാരികളുമായി വർത്തിച്ചു.


ലൂസിയുടെ കുടുംബാംഗങ്ങൾ അപ്പോഴും അവളെ തെറ്റിദ്ധരിക്കയും വിമർശിക്കയും ചെയ്തു. "കോവ സസ്യങ്ങൾ വളരുന്ന ഒരു നല്ല സ്ഥലമായിരുന്നു. ഇപ്പോൾ പുല്ലിന്റെ നാമ്പുപോലും തീർത്ഥയാത്രക്കാർ ചവിട്ടിമെതിച്ചുകളയുന്നു. യാതൊന്നും അവിടെ വളരുന്നില്ല." ലൂസിയുടെ സഹോദരൻ മാനുവൽ പറഞ്ഞു.

"എനിക്കാണെങ്കിൽ ഒരുനേരവും ഒരു സ്വൈരമില്ല. ലൂസിയെ തിരക്കി എപ്പോഴും ആളുകൾ വന്നുകൊണ്ടിരിക്കും. ഞാൻ എന്റെ വീട്ടുജോലി മുടക്കി, ലൂസി എവിടെയാണെന്നോർമ്മിച്ചു് അവളെ വിളിച്ചുകൊണ്ടുവരാൻ ആളയക്കണം." ലൂസിയുടെ മൂത്ത ജ്യേഷ്ഠത്തി ത്രേസ്യ പരാതിപ്പെട്ടു.

"ലൂസി പൂമുഖത്തിരുന്നു വലിയ ആളുകളുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൾക്കു പകരം ഞങ്ങൾ പലതവണ ആടുമേയ്ക്കാൻ പോകേണ്ടതായി വന്നിട്ടുണ്ടു്. ഇതെന്തു കഥയാണു്!" ലൂസിയുടെ സഹോദരികളായ ഗ്ലോറിയയും കരോളിനും പറഞ്ഞു.

"എന്തുചെയ്യാം! എല്ലാവർക്കും അവളെ കാണണം. മുതിർന്നകുട്ടികൾ അടുക്കളയിൽ വല്ല ജോലികളും ചെയ്യേണ്ടേ? കൊച്ചുകുട്ടികൾക്കല്ലേ ആടുമേയ്ക്കാൻ പോകുന്നതിനു കൂടുതൽ സൗകര്യമുള്ളതു്?" അമ്മ പറഞ്ഞു.

"ഇങ്ങനെയാണെങ്കിൽ നാം ആടുകളെ വിറ്റുകളയേണ്ടിവരും." മാനുവൽ പറഞ്ഞു.



"ആഹാരസാധനങ്ങൾ പാവപ്പെട്ട കുട്ടികൾക്കോ ആടുകൾക്കോ കൊടുത്തിട്ടു് വയലുകളിലെ ഫലമൂലാദികൾ പറിച്ചുതിന്നു അവർ തൃപ്തിപ്പെട്ടിരുന്നു"

"ആടുകളെ വില്ക്കുകയോ? നമുക്കു് അവയിൽനിന്നു രോമവും മാംസവും കിട്ടുന്നു. അതു മാത്രമോ? അവയിൽനിന്നു നമുക്കു നല്ല ആദായവും കിട്ടുന്നില്ലേ?" ലൂസിയുടെ അമ്മ ചോദിച്ചു.

"അതൊക്കെ എനിക്കറിയാം. പക്ഷേ, സ്വർഗ്ഗത്തിൽനിന്നുതന്നെ നമുക്കു വേണ്ടി ഒരു അത്ഭുതം പ്രവർത്തിച്ചു് ലൂസിയുടെ സമീപത്തേക്കുള്ള ഈ ജനപ്രവാഹം നിറുത്താത്തപക്ഷം നാം ആടുകളെ വില്ക്കേണ്ടതായിത്തന്നെ വന്നേക്കും. നിവൃത്തിയുള്ള കുടുംബങ്ങളിലെ ഏതെങ്കിലും കുട്ടികളുടെ അടുക്കൽ പോകാമായിരുന്നില്ലേ ആ സ്ത്രീക്കു്?" മാനുവൽ വീണ്ടും പറഞ്ഞു.

കുടുംബാംഗങ്ങളുടെ പരുഷമായ ശകാരവും ആക്ഷേപവും ലൂസിക്കു ദുസ്സഹമായിത്തോന്നി. അവൾ മിക്കപ്പോഴും കണ്ണീർ പൊഴിച്ചുകൊണ്ടിരുന്നു. അതേസമയംതന്നെ ജസീന്തയും ഫ്രാൻസിസും, അവർക്കു മാതാപിതാക്കന്മാരിൽനിന്നും ഇങ്ങനെയൊരനുഭവമുണ്ടാകുന്നില്ലല്ലോ എന്നു ഖേദിച്ചിരുന്നതു വിചാരിച്ചു ലൂസി അത്ഭുതപ്പെടുകയും ചെയ്തു.

"ഞങ്ങളുടെ കുടുംബാംഗങ്ങളിൽനിന്നു ഞങ്ങൾക്കും ശകാരവും ഉപദ്രവവും ഉണ്ടായിരുന്നെങ്കിൽ, പാപികൾക്കു വേണ്ടി കാഴ്ചവയ്ക്കാൻ എത്രമാത്രം പുതിയ ത്യാഗങ്ങൾ ഞങ്ങൾക്കുണ്ടാകുമായിരുന്നു." ജസീന്ത കുണ്ഠിതപ്പെട്ടു. "ഹാ! ലൂസി എത്ര ഭാഗ്യവതിയാണു്!"

"നമ്മുടെ കർത്താവു പീഡകൾ സഹിച്ചതുപോലെ, ആത്മാക്കളുടെ സ്നേഹത്തെക്കുറിച്ചു ത്യാഗങ്ങൾ സഹിക്കുവാൻ നമ്മെയും സഹായിക്കണമെന്നു നമ്മുടെ മാതാവിനോടപേക്ഷിക്കയാണെങ്കിൽ ഏതു പീഡനവും പ്രയാസംകൂടാതെ സഹിക്കാൻ കഴിയുമെന്നു ഞാൻ കണ്ടുപിടിച്ചു. പീഡനങ്ങളിൽനിന്നു പിന്തിരിഞ്ഞോടാൻ ശ്രമിക്കുമ്പോളാണു് അതു നമുക്കു ക്ലേശകരമായി തോന്നുന്നതു്." ഫ്രാൻസിസ് പറഞ്ഞു.

"എനിക്കും അതു മനസ്സിലായിട്ടുണ്ടു്. അതുകൊണ്ടുതന്നെയാണു് ഞാൻ നിത്യവും ആത്മാക്കൾക്കുവേണ്ടി എന്തെങ്കിലും ത്യാഗങ്ങൾ സഹിക്കാൻ ശ്രമിക്കുന്നതു്." ജസീന്ത പറഞ്ഞു.

"ജസീന്തേ, നീ എപ്പോഴും ആത്മാക്കൾക്കുവേണ്ടിയുള്ള സഹനത്തെക്കുറിച്ചു സംസാരിക്കുന്നു. എന്നാൽ മറ്റുള്ള ജനങ്ങളാകട്ടെ അതൊട്ടും ശ്രദ്ധിക്കുന്നില്ല. അവർ എപ്പോഴും എല്ലാം സുഖമായും സന്തോഷമായും ഇരിക്കാൻ ഇഷ്ടപ്പെടുന്നു." ലൂസി പറഞ്ഞു.

"മറ്റുള്ള ജനങ്ങളോ? പക്ഷേ നമുക്കുണ്ടായതുപോലെ നരകദർശനം അവർക്കൊരിക്കലുമുണ്ടായിട്ടില്ല. ജൂലായ് മാസത്തിൽ നരകത്തിലെ നശിച്ച അനേകായിരം ആത്മാക്കളെ മാതാവു നമ്മെ കാണിച്ചുതന്നതു ലൂസി ഓർക്കുന്നില്ലേ?" ജസീന്ത സാശ്ചര്യം ചോദിച്ചു.

"ഞാൻ നല്ലവണ്ണം ഓർമ്മിക്കുന്നുണ്ടു്. ഭയാനകമായ ആ കാഴ്ച ആർക്കു മറക്കുവാൻ കഴിയും?" ലൂസി വിറച്ചുകൊണ്ടു പറഞ്ഞു.

"നമുക്കു കഴിവുള്ളിടത്തോളം പ്രാർത്ഥിക്കയും സഹിക്കയും ചെയ്യാം. അതു് അനേകം ആത്മാക്കളെ രക്ഷപ്പെടുത്തുകയും മാതാവിനെ സന്തോഷിപ്പിക്കയും

* Rights reserved to Chev. Joseph Thaliath.

ചെയ്യും." ഫ്രാൻസിസ് നിർദ്ദേശിച്ചു.

അതനുസരിച്ച്, അത്യധികമായി ചൂടുള്ള ദിവസങ്ങളിൽപ്പോലും വെള്ളം കുടിക്കാതിരിക്കുക, ആഹാരസാധനങ്ങൾ പാവപ്പെട്ട കുട്ടികൾക്കോ ആടുകൾക്കോ കൊടുത്തിട്ട് വയലുകളിലെ ഫലമൂലാദികൾ പറിച്ചുതിന്നു തൃപ്തിപ്പെടുക മുതലായ പല ത്യാഗങ്ങളും അവർ ചെയ്തുകൊണ്ടിരുന്നു.

ഉഗ്രങ്ങളായ ഈ വ്രതാനുഷ്ഠാനങ്ങളാൽ അവർക്കു കഠിനമായ തലവേദനയും മറ്റും സഹിക്കേണ്ടിവന്നു. എങ്കിലും പാപികൾക്കുവേണ്ടി പീഡകൾ സഹിക്കുവാനുള്ള പരിശുദ്ധമായ ആവേശത്താൽ ഈ അസ്വാസ്ഥ്യങ്ങളെല്ലാം അവർ ധൈര്യപൂർവ്വം സഹിച്ചു.

അവർ ഒരു ദിവസം ഒരു പരുപരുത്ത ചരട് കണ്ടെത്തി.

"നമുക്ക് ഈ ചരട് മൂന്നായി മുറിച്ച് അരയിൽ കെട്ടണം. അപ്പോൾ പാപികൾക്കുവേണ്ടി കാഴ്ചവയ്ക്കുവാൻ പുതിയൊരു വേദന നാം അനുഭവിക്കും."

അവർ അങ്ങനെതന്നെ തീരുമാനിച്ചു. ഈ പുതിയ പരിഹാരകർമ്മം കുട്ടികൾ പ്രതീക്ഷിച്ചതിനെക്കാൾ കഠിനതരമായിരുന്നു. കുറേദിവസത്തേക്കു വേദനക്കൂടുതൽകൊണ്ടു ജസീന്തയ്ക്കു കണ്ണീരടക്കുവാൻതന്നെ പ്രയാസമായിരുന്നു.

"ആ ചരടു അഴിച്ചുകളയൂ. നീ അതു ഇനിയും കെട്ടിക്കൊണ്ടിരുന്നാൽ സുഖക്കേടുണ്ടാകും." ലൂസി ഉപദേശിച്ചു.

"അപ്പോൾ പാപികളുടെ കാര്യമോ? അവരെ രക്ഷിക്കുവാനുള്ള ഏകമാർഗ്ഗം പ്രാർത്ഥനയും ത്യാഗാനുഷ്ഠാനങ്ങളുമല്ലേ?" ഏഴുവയസ്സു പ്രായമുള്ള ജസീന്ത ചോദിച്ചു.

ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. കുട്ടികൾ തീക്ഷ്ണമായ പ്രാർത്ഥനയും ത്യാഗങ്ങളും അനുഷ്ഠിച്ചു.

പക്ഷേ ഒരുത്തരും—ഫെരായിച്ചൻ പോലും—ഈ പരമാർത്ഥം അറിഞ്ഞില്ല.

"നമ്മുടെ ഈ ത്യാഗജീവിതത്തെപ്പറ്റി ആരോടെങ്കിലും പറയണമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?" ജസീന്ത ചോദിച്ചു

"വേണ്ട. ആർക്കും അതു മനസ്സിലാകയില്ല." ഫ്രാൻസിസ് പറഞ്ഞു.

"എനിക്കു ഭ്രാന്താണെന്നുതന്നെ അമ്മ തീർച്ചയായും പറയും." ലൂസി നെടുവീർപ്പിട്ടു.

അങ്ങനെ അവരുടെ ജീവിതത്തിന്റെ പരിത്യാഗപരമായ വശം രഹസ്യമായി സൂക്ഷിച്ചുകൊണ്ട്, മാതാവിന്റെ ആദ്യസന്ദർശനത്തിനു മുമ്പിലത്തെപ്പോലെ അവർ ജീവിച്ചുപോന്നു. എന്നും രാവിലെ ആടുകളെയുംകൊണ്ടു മേച്ചിൽസ്ഥലത്തു പോകും. ഞായറാഴ്ചയും തിരുനാൾദിവസങ്ങളിലും മാതാപിതാക്കളോടൊന്നിച്ചു പള്ളിയിൽ പോയി കുർബാന കാണും. ലൂസി ചിലപ്പോളൊക്കെ കുർബാന കൈക്കൊള്ളും. പത്തുവയസ്സു തികയാതിരുന്നതിനാൽ ജസീന്തയും ഫ്രാൻസിസും ആ ഉൽകൃഷ്ടകൃത്യത്തിനു അനുവദിക്കപ്പെട്ടിരുന്നില്ല. മാലാഖയിൽനിന്നു അത്ഭുതകരമായി ദിവ്യകാരുണ്യം സ്വീകരിച്ച വിവരം അവർ ഒരുത്തരോടും ഉരിയാടിയുമില്ല.

"കുട്ടികൾക്കു പരിശുദ്ധകന്യക പ്രത്യക്ഷപ്പെട്ടെങ്കിലും, അവർക്ക് ഇപ്പോഴും വേദോപദേശം മുഴുവനറിഞ്ഞുകൂടാ." ജസീന്തയുടെ അമ്മ പറഞ്ഞു.

പക്ഷേ കുട്ടികൾ പ്രതീക്ഷയിൽ കവിഞ്ഞു ആദ്ധ്യാത്മികങ്ങളായ പല കാര്യങ്ങളും ജപമാലരാജ്ഞിയിൽനിന്നും ഗ്രഹിച്ചിരുന്നു.

"ലൂസി, ഫ്രാൻസിസിനെയും എന്നെയും വേഗത്തിൽ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാനുദ്ദേശിച്ചിരിക്കയാണെന്നു മാതാവു രണ്ടാമത്തെ ദർശനവേളയിൽ നിന്നോടു പറഞ്ഞില്ലേ?" ഒരു ദിവസം ജസീന്ത ചോദിച്ചു.

"ഉവ്വ്; മാതാവ് അങ്ങനെ പറഞ്ഞു." അല്പം ശങ്കിച്ചിട്ടു ലൂസി പറഞ്ഞു.

"വേഗത്തിൽ എന്നതുകൊണ്ടു മാതാവ് അർത്ഥമാക്കുന്നതെന്തായിരിക്കും?"

"എനിക്കറിഞ്ഞുകൂടാ. അതേപ്പറ്റി നമുക്കൊന്നും സംസാരിക്കണ്ടാ."

"ഞങ്ങളോടൊരുമിച്ചു സ്വർഗ്ഗത്തിൽ പോകുവാൻ ലൂസിക്കു സാധിക്കയില്ലെന്നു മാതാവു പറഞ്ഞതുകൊണ്ടു ലൂസിക്കു സങ്കടമുണ്ട്, ഇല്ലേ?"

"അതു ശരിയാണ്. ഞാൻ ലോകത്തിൽ കുറേക്കാലംകൂടി ജീവിക്കണമെന്നാണ് പറഞ്ഞതു്. നിന്നെയും ഫ്രാൻസിസിനെയും കൂടാതെ ഞാനെങ്ങനെ ജീവിക്കാനാണ്!"

ജസീന്തയുടെ കണ്ണുകൾ അനുകമ്പകൊണ്ടു നിറഞ്ഞു. "മാതാവിന്റെ വിമലഹൃദയത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്വാൻ മറ്റുള്ളവരെ സഹായിക്കുക! ലൂസി, അതെത്ര ശ്രേഷ്ഠമാണ്!"

ഫ്രാൻസിസ് തലകുലുക്കി. "ലോകത്തിലേക്കു വിശിഷ്ടമായ കൃത്യമാണതു്. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഞങ്ങളും നിന്നെ സഹായിക്കാം."

"പക്ഷേ എന്നാണ് ഞങ്ങളെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതെന്നു ഞാൻ സംശയിക്കുന്നു." ജസീന്ത പറഞ്ഞു.

"നിങ്ങൾ സ്വർഗ്ഗത്തിൽ പോകുന്നതിനുമുമ്പു പള്ളിക്കൂടത്തിൽ പോകേണ്ടിവരും അതുപോലെ ഞാനും. നമ്മുടെ മാതാപിതാക്കന്മാർ ഇതേപ്പറ്റി ഇന്നലെ പറയുന്നതു ഞാൻ കേട്ടു" സംഭാഷണം തിരിച്ചുവിടുവാൻവേണ്ടി ലൂസി പറഞ്ഞു.

"പള്ളിക്കൂടത്തിലോ? എന്തിനു്?" ഫ്രാൻസിസും ജസീന്തയും ഒപ്പം ചോദിച്ചു.

"എഴുത്തും വായനയും പഠിക്കുന്നതിനു്."

"വേഗം മരിക്കാൻ പോകുന്ന ഞങ്ങൾ എഴുത്തും വായനയും പഠിക്കുന്നതുകൊണ്ടെന്തുഗുണം?"

"ലൂസിയോടാണ് എഴുത്തുംവായനയും പഠിക്കാൻമാതാവു പറഞ്ഞതു്, നിങ്ങളോടല്ല." ഫ്രാൻസിസ് അനുസ്മരിപ്പിച്ചു.

തന്റെ പ്രിയപ്പെട്ട കളിത്തോഴരെ കൂടാതെ ഭൂമിയിൽ തനിച്ചു ജീവിക്കേണ്ടിവരുന്നതിനെക്കുറിച്ചു, മേച്ചിൽസ്ഥലത്തെ ഉല്ലാസകരമായ സ്വൈരജീവിതത്തിനുപകരം ക്ലാസ്സുമുറിയിൽ അസ്വതന്ത്രമായ മുഷിപ്പൻജീവിതം നയിക്കേണ്ടിവരുന്നതിനെക്കുറിച്ചും ചിന്തിച്ചു ലൂസി വളരെ കുണ്ഠിതപ്പെട്ടു.

"നമുക്കു പ്രാർത്ഥിക്കാം." ലൂസിയുടെ ഏകാന്തചിന്തകൾ ഗ്രഹിച്ചിട്ടെന്നവണ്ണം ജസീന്ത നിർദ്ദേശിച്ചു.

മാതാവു പഠിപ്പിച്ച സമർപ്പണജപം ചൊല്ലിത്തീർന്നപ്പോൾ ലൂസിക്കു ഹൃദയത്തിൽനിന്നു ഒരു വലിയഭാരം നീങ്ങിയതുപോലെ തോന്നി. ലൂസി പള്ളിക്കൂടത്തിൽ പോകണമെന്നുള്ളതും, ജസീന്തയിൽനിന്നും മറ്റും വേർപെട്ടു ഏകാകിനിയായി ജീവിക്കണമെന്നുള്ളതും ദൈവതിരുമനസ്സാണെങ്കിൽ, അവൾ ആ ക്ലേശങ്ങൾ സഹിക്കുന്നപക്ഷം പാപികൾക്കു അതു സഹായകരമായിരിക്കുമല്ലോ.

"എനിക്ക് ഇപ്പോൾ വളരെ ആശ്വാസം തോന്നുന്നു. ആ പ്രാർത്ഥന എല്ലായ്പ്പോഴും എന്നെ സഹായിക്കുന്നുണ്ട്." ലൂസി പറഞ്ഞു.

## റോമാവാർത്തകൾ

ഐർലൻറിലെ പ്രധാനമന്ത്രി മി. ജോൺ കോസ്റ്റെല്ലോയും ഭാര്യയും രണ്ടു പുത്രരുംകൂടി ജാനുവരി 2-ാംവാരത്തിൽ പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. ഒരു രാഷ്ട്രാധിപനു നല്കപ്പെടുന്ന എല്ലാവിധ ബഹുമതികളോടുംകൂടി മി. കോസ്റ്റെല്ലോ വത്തിക്കാനിൽ സ്വീകരിക്കപ്പെട്ടു. പരിശുദ്ധപിതാവുമായുള്ള കൂടിക്കാഴ്ച 20 മിനിട്ടുനേരത്തേക്കു നീണ്ടുനിന്നു. തദവസരത്തിൽ തൃണമണി (Amber) കൊണ്ടുള്ള പുരാതനമായ ഒരു ഐറിഷ് ജപമാല മി. കോസ്റ്റെല്ലോ പരിശുദ്ധപിതാവിനു കാഴ്ചസമർപ്പിക്കുകയുണ്ടായി. മാർപ്പാപ്പാതിരുമേനി "റോമയുടെ സംരക്ഷിക"യായ മാതാവിന്റെ ഒരു കാസ്റ്റുരൂപം അദ്ദേഹത്തിനു സമ്മാനിച്ചു. പ്രധാനമന്ത്രി ഐറിഷ് പ്രതിനിധിമന്ദിരത്തിലേക്കു മടങ്ങിയ ശേഷം വത്തിക്കാനിലെ അസിസ്റ്റൻറ് സ്റ്റേറ്റ് സെക്രട്ടറിയായ മോൺ. ജ്യോവാന്നി ബത്തിസ്ത മൊന്തീനിയും അസാധാരണകാര്യങ്ങളുടെ അണ്ടർസെക്രട്ടറി മോൺ. ഡൊമെനിക്കോ തർദീനിയുംകൂടി പ്രതിസന്ദർശനം നടത്തി.

—ദേവാലയകർമ്മങ്ങളിൽ പൈപ്പ് ഓർഗൻ വാങ്ങിക്കാൻ സാധിക്കാത്തപ്പോൾ അതിനു പകരം ഇലക്ട്രിക് ഓർഗൻ ഉപയോഗിക്കാൻ മെത്രാന്മാർക്കു അനുവദിക്കാവുന്നതാണെന്നു റീത്തുകളുടെ തിരുസംഘം പ്രഖ്യാപിച്ചിരിക്കുന്നു. ഏതത്സംബന്ധമായ അപേക്ഷകൾ 1938 മുതൽ ലഭിച്ചുകൊണ്ടിരുന്നെങ്കിലും ഇപ്പോൾ മാത്രമാണ് അവയ്ക്ക് അനുകൂലമായ മറുപടി നല്കപ്പെട്ടിരിക്കുന്നതു്.

—മൂന്നു നാലു് ആഴ്ചകൾക്കുമുമ്പ്, മുറിയിൽവച്ചു കാലുതെറ്റിയതു നിമിത്തം പരിശുദ്ധ പിതാവിന്റെ ഇടതുകാലിനു അല്പം ഉളുക്കു പറ്റുകയുണ്ടായി. ഇപ്പോൾ തിരുമനസ്സുകൊണ്ടു പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നു. മൂന്നു നാലു ദിവസം പൂർണ്ണമായി വിശ്രമിച്ചാൽ സുഖപ്പെടാൻ മാത്രമുള്ള അസുഖമേ ഉണ്ടായിരുന്നുള്ളു. പക്ഷേ അവിടുന്നു സന്ദർശകരെ സ്വീകരിക്കയും പതിവുള്ള ജോലികളെല്ലാം തുടർന്നുകൊണ്ടുപോകയും ചെയ്തതിനാൽ കാലു സുഖപ്പെടാൻ കൂടുതൽ ദിവസങ്ങൾ വേണ്ടിവന്നു. സന്ദർശകരെ സ്വീകരിക്കുമ്പോൾ കുറെ സമയം നില്ക്കാതെ നിവൃത്തിയില്ല. പരിശുദ്ധ പിതാവിന്റെ ഇടതുകാലിനു വാതം ബാധിച്ചിരിക്കുന്നു എന്നൊരു കിംവദന്തി പരന്നുതുടങ്ങിയതുകൊണ്ടാണു വത്തിക്കാൻ ഈ വാർത്തയിപ്പോൾ പുറത്തുവിട്ടതു്.

—കൽക്കട്ടാ സർവ്വകലാശാലയിലെ ഇൻഡ്യൻ ഭാഷാപണ്ഡിതനായ പ്രഫസർ ചാറ്റർജി കെയിറോ തന്റെ യൂറോപ്യൻ പര്യടനമദ്ധ്യേ, കഴിഞ്ഞമാസത്തിൽ റോമ സന്ദർശിക്കുകയുണ്ടായി. റോമിലെ പ്രൊപ്പഗാന്താ കോളെജ് സന്ദർശിച്ച അവസരത്തിൽ അദ്ദേഹം അവിടത്തെ ഇൻഡ്യൻ വിദ്യാർത്ഥികളുമായി സൗഹൃദസംഭാഷണം നടത്തി. പ്രസ്തുത കോളെജിൽ ദൃശ്യമായിരുന്ന സാർവ്വദേശീയത്വം അദ്ദേഹത്തെ ഹഠാദാകർഷിച്ചതായി അദ്ദേഹം പ്രസ്താവിച്ചു.

—കഴിഞ്ഞ മാസത്തിൽ ഒസർവത്തോരെ റൊമാനൊ എന്ന വത്തിക്കാൻ പത്രത്തിൽ എറണാകുളം അതിരൂപതയിലെ "അഗതികളുടെ സഹോദരികൾ" (Sisters of The Destitute) എന്ന സന്യാസസമൂഹത്തെപ്പറ്റിയും ആലുവായിലെ സെൻറ് ജോസഫ്സ് സെമ്മിനരിയെപ്പറ്റിയും ഇൻഡ്യയിലെ പുനസ്സമാഗമത്തെപ്പറ്റിയും ലേഖനങ്ങൾ പ്രസിദ്ധംചെയ്തിരുന്നു. ജാനുവരി 9-ാം നു "ഇൻഡ്യയിൽ സഭയുടെ പുരോഗതി" എന്ന ശീർഷകത്തിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനത്തിൽ തോമാശ്ലീഹായുടെ ആഗമനം മുതൽ 1931-ൽ മൈലാപ്പൂർവച്ചു നടത്തിയ ബിഷപ്സ് കോൺഫറൻസ് വരെയുള്ള ഭാരതസഭയുടെ ചരിത്രം സംഗ്രഹിച്ചിരുന്നു. പുനസ്സമാഗമത്തെക്കുറിച്ച് അതിൽ പ്രസ്താവിച്ചിരുന്നതു ഇപ്രകാരമാണ്: "യുദ്ധാനന്തരം ഉണ്ടായിട്ടുള്ള രാഷ്ട്രീയപരിവർത്തനങ്ങൾ നിമിത്തം ഇൻഡ്യയിൽ ഒരു പുനസ്സമാഗമം നടത്തുകയെന്നതു് മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കൂടുതൽ ആവശ്യകമായിത്തീർന്നു. രാഷ്ട്രീയസ്വാതന്ത്ര്യം വലുതും ചെറുതുമായ ഗ്രൂപ്പുകൾ ഉദയം ചെയ്യുന്നതിനു കാരണമായിത്തീർന്നിട്ടുണ്ട്. രൂപതകളുടെ അതിരുകൾ പുതുതായി നിർണ്ണയിക്കുക, സഭാപ്രവിശ്യകൾ പുനഃസംവിധാനം ചെയ്യുക എന്നിങ്ങനെയുള്ള പുതിയ പ്രശ്നങ്ങൾ ഇപ്പോൾ സംജാതമായിരിക്കുന്നു. തൽക്കാരണത്താൽ, പുനസ്സമാഗമം വിപുലവും ഗൗരവാവഹവും അത്ഭുതപൂർവ്വവുമായ ഒരുത്തരവാദിത്വമാണു വഹിക്കുന്നതു്. ഇൻഡ്യയിൽ ഇന്നു 45 ലക്ഷം കത്തോലിക്കർ ഉള്ളതുകൊണ്ട് ഭീമവും സംഘടിതവുമായ പ്രവർത്തനം ആവശ്യമായിത്തീർന്നിരിക്കുന്നു."

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം
## XII

ക്രിയാഘടകങ്ങൾ

പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം മാനസികമായാൽമാത്രം പോരാ; അതു സ്വാഭാവാതീതംകൂടിയായിരിക്കണം. എന്നുവെച്ചാൽ ദൈവത്തിന്റെ കൃപാവരത്തിൽനിന്നുളവാകുന്നതും, ദൈവം വെളിപ്പെടുത്തിട്ടുള്ള ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതും ആയിരിക്കണം. പാപമൂലം സംഭവിച്ച മാനക്കേട്, ആരോഗ്യനഷ്ടം മുതലായതുപോലുള്ള ലൗകികദുഷ്ഫലങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ള മനസ്താപം പാപവിമോചനത്തിനു പര്യാപ്തമല്ല. സ്വാഭാവികകാരണങ്ങളാലുണ്ടാകുന്ന ദുഃഖം സ്വാഭാവികംമാത്രമാണല്ലോ. കുമ്പസാരമെന്ന കൂദാശയുടെ ഫലസിദ്ധിക്കത്യാവശ്യമായ ദുഃഖം അതിലും മേലെപ്പെട്ടതായിരിക്കണം. സകലനന്മസ്വരൂപിയായ ദൈവത്തോടുള്ള ദ്രോഹമാണു പാപമെന്നുള്ള ബോധ്യത്തിൽനിന്നു ജനിക്കുന്ന ഉൾത്താപം പ്രകൃതിയെ അതിശയിക്കുന്നതാണ്. പാപംമൂലം മോക്ഷഭാഗ്യം നഷ്ടപ്പെടുമെന്നും നിത്യനരകത്തിനു പാത്രമാകുമെന്നുമുള്ള ചിന്തയിൽനിന്നുദിക്കുന്ന പശ്ചാത്താപവും അതിസ്വാഭാവികമാണ്. നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻവേണ്ടി ദിവ്യനാഥൻ സഹിക്കേണ്ടിവന്ന ഉഗ്രമായ പീഡകളെ ഓർത്തുകൊണ്ടുളവാകുന്ന മനസ്താപവും അത്ര ഇനത്തിൽപ്പെട്ടതായിരിക്കും. താദൃശദുഃഖഹേതുക്കളെല്ലാം വെളിപാടിനെ ആശ്രയിച്ചിട്ടുള്ളവയാകയാൽ തജ്ജന്യമായ ദുഃഖവും സ്വഭാവത്തിനു മേലെപ്പെട്ടതായിരിക്കും.

മൂന്നാമതായി പാപത്തെക്കുറിച്ചുള്ള ദുഃഖം മറെല്ലാത്തരം ദുഃഖങ്ങളെയും അതിശയിക്കുന്നതായിരിക്കണം. രോഗപീഡകൾ, നിന്ദാവമാനങ്ങൾ, ധനനഷ്ടം, ഇഷ്ടജനങ്ങളുടെ വിരഹം ആദിയായി പല സാഹചര്യങ്ങളും വ്യഥാജനകങ്ങളായിട്ടുണ്ടല്ലോ. എന്നാൽ ഇവ മൂലമുളവാകുന്ന ദുഃഖത്തെക്കാൾ ഉപരിയായിരിക്കണം പാപത്തെക്കുറിച്ചുണ്ടാകുന്ന ദുഃഖം. കാരണം വേറൊന്നുമല്ല മറ്റേതു ഭൗതികമായ ദുരദൃഷ്ടത്തെക്കാളും, ഊഹത്തെ കവിയുംവിധം ഗുരുതരമാണു ദൈവദ്രോഹം. ശരീരത്തിനും ലോകത്തിനുമടുത്ത അത്യാഹിതങ്ങൾ ഹേതുവാലുളവാകുന്ന മനോവ്യഥ നമുക്കു ദുസ്സഹമായി തോന്നിയേക്കാം. കണ്ണീരിലും കരച്ചിലിലും ബോധക്ഷയത്തിലും മറ്റും അതു പുറമെ പ്രത്യക്ഷപ്പെട്ടെന്നും വരാം. അതുപോലെയുള്ള അനുഭവങ്ങളൊന്നും പാപത്തെക്കുറിച്ചുള്ള ദുഃഖമുളവാക്കുന്നില്ല എന്നുവെച്ച് പശ്ചാത്താപം പരമമല്ലെന്നു വരികയില്ല. എന്തുകൊണ്ടെന്നാൽ മനസ്താപം ഇന്ദ്രിയപരമെന്നതിനെക്കാൾ ആന്തരികമാണു. ബുദ്ധികൊണ്ടു പാപത്തിന്റെ നീചത്വവും നശീകരഫലവും ഗ്രഹിക്കുകയും, തദനുസാരം മനസ്സുകൊണ്ടു അതിനെ ഏറ്റം വലിയ തിന്മയായി വെറുക്കുകയും, എന്തുവന്നാലും പാപം ചെയ്കയില്ലെന്നു ഉദ്ധപ്രതപ്പെടുക്കുകയും ചെയ്താൽ തത്സംബന്ധമായ പശ്ചാത്താപം മറ്റേതു താപത്തെയും ഉല്ലംഘിക്കുന്നതായി മനസ്സിലാക്കാം.

പശ്ചാത്താപം സാർവ്വത്രികമായിരിക്കണമെന്നുള്ളതും അത്യാവശ്യമാണ്. ചെയ്തുപോയ സകല ചാവുദോഷങ്ങളെക്കുറിച്ചും നാം അനുതപിക്കണം. ഏതെങ്കിലുമൊന്നു ഒഴിച്ചുനിറുത്തിയാൽ മനസ്താപം ആത്മാർത്ഥമാകയില്ല. കാരണം വിശദമാണു്: ഓരോ ചാവുദോഷവും സ്രഷ്ടാവിനെതിരായുള്ള ഉഗ്രദ്രോഹമാണു; നമ്മെ ദൈവത്തിന്റെ ശത്രുക്കളാക്കിത്തീർക്കുന്ന പാതകമാണു്. ആകയാൽ എല്ലാ ചാവുദോഷങ്ങളെയും നാം ഒന്നിച്ചു വെറുത്തുപേക്ഷിക്കണം. അല്ലെങ്കിൽ ഒന്നിനെക്കുറിച്ചും നമുക്കു പരമാർത്ഥമായ പശ്ചാത്താപമുണ്ടെന്നു പറയുകവയ്യ. ഏതെങ്കിലുമൊരു ചാവുദോഷത്തോടുള്ള പക്ഷം വിടാതെകണ്ടു എല്ലാപാപങ്ങളും ഒരാൾ പറഞ്ഞു കുമ്പസാരിച്ചാലും ആ കുമ്പസാരം നിഷ്ഫലമാകുമെന്നു മാത്രമല്ല, ഹീനമായ ഈശ്വരനിന്ദനംകൂടിയായി പരിണമിക്കും.

എന്നാൽ പാവുദോഷങ്ങൾക്കു ഈ നിയമം ബാധകമല്ല. പാവുദോഷങ്ങൾ കുമ്പസാരിക്കുന്നതു അഭിലഷണീയവും ഉപകാരപ്രദവുമാണെങ്കിലും, അപ്രകാരം ചെയ്യണമെന്നു നിർബന്ധമില്ല. മനസ്താപമുണ്ടെങ്കിൽമാത്രമേ പാവുദോഷങ്ങൾക്കും പാപസങ്കീർത്തനംവഴി വിമോചനം സിദ്ധിക്കയുള്ളു. പക്ഷേ ചാവുദോഷവും പാവുദോഷവും തമ്മിൽ ഈ വിഷയത്തിൽ വലിയ അന്തരമുണ്ട്. ചാവുദോഷങ്ങളെല്ലാം ഒന്നിച്ചു വിമോചിക്കപ്പെടുകയുള്ളു. പാവുദോഷങ്ങളുടെ കഥ അങ്ങനെയല്ല. അനുതപിക്കപ്പെടാത്തവയ്ക്കു പൊറുതി സിദ്ധിക്കയില്ലെങ്കിലും, അനുതാപപൂർവ്വം കുമ്പസാരിക്കപ്പെടുന്നവ പൊറുക്കപ്പെടും. പാവുദോഷത്താൽ ആരും ദൈവശത്രുവായിത്തീരുന്നില്ല എന്നുള്ളതാണു ഇതിനുള്ള കാരണം.

പി. കെ.

ബോസ്കോ ബാലരംഗം

# വിഭൂതി ബുധനാഴ്ച

പ്രിയ കുഞ്ഞുങ്ങളേ,

അടുത്ത ബുധനാഴ്ചയാണല്ലോ കരിക്കുറിത്തിരുനാൾ. അന്നു നിങ്ങൾക്കെല്ലാവർക്കും വലിയ ഉത്സാഹവും ഉന്മേഷവുമായിരിക്കുമെന്നു വല്യച്ചനറിയാം. നിങ്ങളെല്ലാവരും കാലത്തേ എഴുന്നേററു പള്ളിയിൽ പോകും. നെററിയിൽ കരിക്കു വരപ്പിക്കുന്നതിനായി അഹമഹമികയാ മുന്നോട്ടു ചെല്ലും. വീട്ടിൽ ഇരിക്കുന്നവർക്കുവേണ്ടി കരി പ്ലാവിലയിലും മററു എടുത്തു നിങ്ങൾ കൊണ്ടുപോരും. വീട്ടിൽ വന്ന ശേഷം ചിലർ, പള്ളിയിൽവച്ചു് അച്ചൻ വരച്ച കരിക്കു മാച്ചുകളഞ്ഞു് ഇനിക്കിളക്കൊണ്ടു് പുതിയ കരിക്കു വരക്കുകയും മററും ചെയ്യും. നെററിയിൽ കരിക്കുമായി ക്ലാസ്സിൽ പോകുന്നതിനു നിങ്ങളിൽ ആരും ലജ്ജിക്കയില്ലെന്നു വല്യച്ചൻ വിചാരിക്കുന്നു. "കർത്താവിൻെറ കുരിശിലല്ലാതെ ഞാൻ മറെറാന്നിലും അഭിമാനംകൊള്ളാതിരിക്കട്ടെ", (ഗാല. 6. 14) എന്ന വി. പൗലോസിൻെറ വാക്കുകൾ എത്ര ശ്രദ്ധേയമായിരിക്കുന്നു!

മേൽപ്പറഞ്ഞതെല്ലാം നിങ്ങൾ ഉത്സാഹത്തോടെ കരിക്കുറിത്തിരുനാൾ കൊണ്ടാടുമെങ്കിലും, നിങ്ങളുടെ നെററിയിൽ വരക്കുന്ന കുരിശിൻെറ അർത്ഥമെന്തെന്നു നിങ്ങൾ ചിന്തിച്ചു നോക്കാറുണ്ടോ? ആ "കരിക്കുറി" മർത്ത്യതയുടേയും അമർത്ത്യതയുടേയും അടയാളമാണെന്നു (A sign of mortality and immortality) പറയപ്പെടുന്ന ഈ വലിയ വാക്കുകളുടെ അർത്ഥം വല്യച്ചൻ മനസ്സിലാക്കിത്തരാം. മർത്ത്യൻ എന്നു വച്ചാൽ മരണമുള്ളവൻ, മനുഷ്യൻ എന്നർത്ഥം. അതുകൊണ്ടു മർത്ത്യത എന്നു പറഞ്ഞാൽ മരണമുണ്ടു് എന്ന അവസ്ഥ. അമർത്ത്യത എന്നു പറഞ്ഞാൽ മരണമില്ല എന്ന അവസ്ഥ. പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടർത്ഥവും "കരിക്കുറി"യിൽ എങ്ങനെ അടങ്ങിയിരിക്കുന്നുവെന്നോർത്തു നിങ്ങൾ ആശ്ചര്യപ്പെടുന്നുണ്ടാകാം. അതു പറഞ്ഞുതരാം. കരിക്കു വരക്കുന്നതിനു് ഉപയോഗിക്കുന്ന സാധനമെന്താണു്? കരി അഥവാ ചാരം. (കഴിഞ്ഞ കൊല്ലത്തെ കുരുത്തോല കത്തിച്ച ചാരമാണു് സാധാരണ ഉപയോഗിക്കുന്നതു്.) ഈ ചാരം എന്താണെന്നു സൂചിപ്പിക്കുന്നു? മനുഷ്യൻ പൊടിയും ചാമ്പലുമാണെന്നു്, അവൻ മരണമുള്ളവനാണെന്നു്. പക്ഷെ ആ ചാരം കുരിശിൻെറ ആകൃതിയിലാണു തലയിൽ ഇടുന്നതു്. കുരിശു രക്ഷയുടെ അടയാളമാണു്. വി. പൗലോസു് പറയുന്നതു ശ്രവിച്ചാലും: "കുരിശിൻെറ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്തമാകുന്നു; രക്ഷപ്രാപിക്കുന്ന നമുക്കു് അതു ദൈവത്തിൻെറ ശക്തിയുമാകുന്നു" (കൊറി 1. 18). കുരിശുവഴി നമ്മുടെ കർത്താവീശോമിശിഹാ നമ്മെ രക്ഷിച്ചു. ആ കുരിശു നമ്മുടെ കർത്താവു നമ്മെ വിധിക്കുവാനായി ലോകത്തിൻെറ അവസാനത്തിൽ എഴുന്നള്ളിവരുമ്പോൾ ആകാശമേഘങ്ങളിൽ കാണപ്പെടുകയും ചെയ്യും. കുരിശുവഴിയാണു നാം നിത്യജീവൻ പ്രാപിക്കേണ്ടതു്. അപ്രകാരം കുരിശു ജീവൻെറ അടയാളവും അച്ചാരവുമാകുന്നു. അതുവഴി മരണത്തെ ജയിച്ചു് കീഴടക്കുവാൻ, മരണമില്ലാത്തവരായി ജീവിപ്പാൻ നമുക്കു സാധിക്കും. അതുകൊണ്ടാണു വി. കുരിശു അമർത്ത്യതയുടെ അടയാളമെന്നു പറഞ്ഞതു്.

പ്രിയ കുഞ്ഞുങ്ങളേ, മേൽപ്പറഞ്ഞ രണ്ടു തത്വങ്ങളെ അടിസ്ഥാനമാക്കി രണ്ടു പ്രായോഗികപാഠങ്ങൾ നാം പഠിക്കേണ്ടതുണ്ടു്. ഒന്നു്, നാം മരണമുള്ളവരാണെന്നു്; ആകയാൽ, അതിനൊരുങ്ങി ജീവിക്കണമെന്നു്. രണ്ടു്, നിത്യരക്ഷ പ്രാപിക്കുന്നതിനുവേണ്ടി നാം നമ്മുടെ കുരിശുകൾ വഹിക്കണമെന്നു്.

ആദ്യമേതന്നെ, നമ്മുടെ ശരീരം പൊടിയും ചാമ്പലുമാണെന്ന വസ്തുത സദാ ഓർക്കണം. "മനുഷ്യാ, നീ പൊടിയാകുന്നു. പൊടിയിലേക്കു പിന്തിരിയുകയും ചെയ്യും എന്നോർത്തുകൊള്ളുക" എന്നു പറഞ്ഞുകൊണ്ടാണു പുരോഹിതൻ തലയിൽ ചാരമിടുന്നതു്. ഒരു മനുഷ്യൻ എത്രമാത്രം അഹങ്കരിച്ചാലും, അവൻെറ ശരീരത്തെ എത്രമാത്രം മോടിപിടിപ്പിച്ചാലും, എത്ര വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ചാലും, ഒരു കാര്യം തീർച്ചയാണു: അവനു് ഈ ലോകത്തിൽനിന്നു പിരിഞ്ഞുപോകേണ്ട ഒരു സമയംവരും; അവൻെറ ശരീരം മണ്ണോടു മണ്ണായിത്തീരും. മഹാപണ്ഡിതന്മാരായിരുന്നവരും, മഹാ വാഗ്മികളായിരുന്നവരും മരിച്ചുപോയിട്ടുണ്ടു്. നിങ്ങളുടെ ജേഷ്ഠസഹോദരിയായ ഒരു കവയിത്രി പറഞ്ഞിരിക്കുന്നതു നോക്കുക.

"സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമന്ദമായി കാലചക്രവിഭ്രമത്തിനെങ്കിലീ
നമുക്കു പിന്നെയെന്തുശങ്ക? മാററമൊന്നുമില്ലിതിൽ"

ആകയാൽ, നമുക്കൊരുത്തർക്കും തടുത്തുനിർത്തുവാൻ സാധിക്കാത്ത ആ മരണത്തെ കൺമുമ്പിൽ വച്ചുകൊണ്ടു നാം ജീവിക്കണം. "നീ നിൻെറ അന്ത്യം സ്മരിക്കുക, എന്നാൽ നീ പാപം ചെയ്കയില്ല" എന്നു വേദപുസ്തകം സാക്ഷിച്ചിരിക്കുന്നു. ഓരോ പ്രവൃത്തിചെയ്യുന്നതിനുമുമ്പു ഓരോ വാക്കു പറയുന്നതിനു മുമ്പും ചിന്തിച്ചു നോക്കുക: "ഇതു എൻെറ മരണനേരത്തു എനിക്കു് ആശ്വാസം നല്കുമോ, അഥവാ എനിക്കു ദുഃഖഹേതുകമായി ഭവിക്കുമോ"യെന്നു്. ദൈവത്തിൻെറ പ്രമാണങ്ങൾ ഏവയെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടു്. അവയ്ക്കനുസൃതമായി ജീവിക്കുക. കൂടാതെ, നശിച്ചുപോകുന്ന ഈ ശരീരത്തെ മോടിപിടിപ്പിക്കുന്നതിൽ നാം അധികം ശ്രദ്ധ പതിക്കേണ്ടതില്ല. സെൻറ് പൂശുന്നതുകൊണ്ടും മുഖത്തു പൗഡർ ഇടുന്നതുകൊണ്ടും മററും എന്തു പ്രയോജനം? കുട്ടികൾക്കുള്ള വേദോപദേശക്ലാസ്സിലാണു ബീഡവലി. എത്രയോ കാശാണു് ഇങ്ങനെ ദുർവ്യയം ചെയ്യുന്നതു്. ആ കാശു ഉണ്ണാനും ഉടുക്കാനുമില്ലാത്ത സാധുക്കൾക്കു കൊടുക്കയോ മററു നല്ല കാര്യങ്ങൾക്കു ചെലവഴിക്കയോ ചെയ്താൽ അതെത്ര നന്നായിരിക്കും! അതുകൊണ്ടു് ആഡംബരഭ്രമം വർജ്ജിക്കുവിൻ. അനാവശ്യകാര്യങ്ങൾക്കായി പണം ചെലവുചെയ്യാതിരിപ്പിൻ. ഒരിക്കലും വീട്ടിൽ നിന്നു് മാതാപിതാക്കന്മാരുടെ അനുവാദംകൂടാതെ പണമെടുക്കുകയും മററും ചെയ്യരുതു്.

രണ്ടാമതു നമുക്കുണ്ടാകുന്ന കുരിശുകൾ സന്തോഷസമേതം വഹിക്കുന്നതാണെന്നും ഈ നോമ്പുകാലത്തിൽ നാം പ്രതിജ്ഞ ചെയ്യണം. നമ്മുടെ ഇഷ്ടത്തിനു വിപരീതമായ പലതും നമ്മുടെ ജീവിതത്തിൽ സംഭവിക്കും. നാലുമണികഴിഞ്ഞു സ്കൂൾ വിട്ടശേഷം ഒന്നു കളിക്കാമെന്നു വിചാരിക്കുമ്പോഴായിരിക്കും മഴപെയ്യുന്നതു്. ഒരു മഴപെയ്തെങ്കിൽ ഉഷ്ണം കുറഞ്ഞു്, നന്നായി പഠിക്കാൻ സാധിക്കുമായിരുന്നല്ലോ എന്നൊക്കെ ചിന്തിച്ചുകൊണ്ടിരുന്നാലും വെയിൽതന്നെ എപ്പോഴും. വെളുപ്പിനു നല്ലപോലെ സുഖമായി ഉറങ്ങാമെന്നു വിചാരിക്കുമ്പോൾ പള്ളിയിൽ പോകുന്നതിനു മണി കേൾക്കുന്നു. കൂട്ടുകാരോടുകൂടി വിനോദങ്ങൾ പറഞ്ഞിരിക്കുമ്പോൾ, അമ്മ പീഠികയിൽ പോയിവരാൻ പറയുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സ്വാഭാവികമായി അതൃപ്തി തോന്നും, പിറുപിറുക്കാനുള്ള പ്രലോഭനമുണ്ടാകും. പക്ഷെ അങ്ങനെയൊന്നും ചെയ്യരുതു്. ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി ആ ബുദ്ധിമുട്ടുകൾ ദൈവത്തെപ്രതി സഹിക്കണം. കൂടാതെ, ചിലപ്പോഴെല്ലാം നാം രോഗങ്ങൾക്കധീനരാകും. തലവേദന, പല്ലുവേദന, ചെവികുത്തു്, ചെങ്കണ്ണു്, ജലദോഷം, പനി, പരു ഇങ്ങനെ പോകുന്നു രോഗങ്ങളുടെ നീണ്ടപട്ടിക. അതുപോലെതന്നെ മാനസികക്ലേശങ്ങളുമുണ്ടാകാം. പരീക്ഷയിൽ തോററുപോയി, ടീച്ചർ കുററപ്പെടുത്തി, അപ്പൻ ശാസിച്ചു, കൂട്ടുകാരൻ പരിഹസിച്ചു, വീട്ടിൽ ആർക്കെങ്കിലും സുഖമില്ലാതായി ഇങ്ങനെ എത്രയോ കാരണങ്ങളാൽ നമ്മുടെ മനസ്സു അസ്വസ്ഥമാകാവുന്നതാണു്. അവയെല്ലാം പ്രിയകുഞ്ഞുങ്ങളേ, ക്ഷമയോടെ സഹിക്കണം. നമ്മുടെ സ്വന്തം പാപങ്ങൾക്കും മററുള്ളവരുടെ പാപങ്ങൾക്കും പരിഹാരമായി അവ കാഴ്ചവയ്ക്കണം. അങ്ങനെ ചെയ്യാനാണു് ഫാത്തിമായിൽവച്ചു് മാതാവു് ആവശ്യപ്പെട്ടിരിക്കുന്നതു്. നമ്മുടെ അനുദിനകൃത്യങ്ങൾ, ഉദാ: വായിക്കുന്നതു്, നാം പഠിക്കുന്ന പാഠങ്ങൾ, ചെയ്യുന്ന ജോലികൾ ആദിയായവയും അങ്ങനെ പരിഹാരവഴിയായി ദൈവത്തിനു കാഴ്ചവയ്ക്കാമെന്നു മാതാവു പറയുണ്ടായി. അതനുസരിച്ചു് എത്രയോ ത്യാഗകൃത്യങ്ങളാണു് ലൂസിയും ജസീന്തയും ഫ്രാൻസിസും ദിവസംതോറും കാഴ്ചവച്ചിരുന്നതു്! അവരെ അനുകരിപ്പാൻ ശ്രമിപ്പിൻ. ഈ നോമ്പുകാലത്തു പ്രത്യേകിച്ചു്, കുരിശിലാണു രക്ഷ എന്നോർത്തു കൂടുതൽ കൂടുതൽ ത്യാഗപ്രവൃത്തികൾ ദിവസംതോറും ചെയ്യാൻ ശ്രമിപ്പിൻ. കുർബാന കാണുന്നതിലും പ്രാർത്ഥനയിലും മററും നല്ല ശ്രദ്ധപതിക്കയും ചെയ്യുവിൻ. വിയാസാക്രയിൽ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും സംബന്ധിക്കയും വേണം. കുഞ്ഞുങ്ങൾ എല്ലാവരും ഇപ്രകാരം നല്ലവരായി ജീവിക്കുന്നതിനും മററുള്ളവർക്കു ഉപകാരങ്ങൾ ചെയ്യുന്നതിനും വേണ്ടി വല്യച്ചൻ പ്രത്യേകം പ്രാർത്ഥിക്കുന്നതാണു്. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ


# നറുനീണ്ടിസത്തു്

ഉഷ്ണത്താൽ ഉണ്ടാകുന്ന രക്തദൂഷ്യത്തെ തടയുവാൻ

## ഏററം പററിയ ഔഷധം

രക്തം ഉഷ്ണിക്കാതെ സൂക്ഷിക്കുന്നതാണു ആരോഗ്യത്തിൻെറ ഒരു വലിയ രഹസ്യം എന്നു യാതൊരു വൈദ്യനും പറഞ്ഞുതരാതെ നിങ്ങൾക്കു അറിഞ്ഞുകൂടയോ? രക്തത്തെ ചൂടുപിടിപ്പിച്ചു് ദുഷിപ്പിക്കുന്ന അനേകം സാഹചര്യങ്ങൾ നമുക്കു ദിവസേന നേരിടുന്നുമുണ്ടു്. പരേതനായ ഡോക്ടർ ബ്രദർ നിക്കോസ് അവർകളുടെ നിർദ്ദേശം അനുസരിച്ചു മഞ്ഞുമ്മൽ ആശുപത്രിയിൽ പാകപ്പെടുത്തുന്ന നറുനീണ്ടിസത്തിൻെറ പ്രസിദ്ധി എന്തിനാണെന്നു അറിയാമോ? രക്തദൂഷ്യം നീക്കുവാനും ശരീരത്തിൻെറ ശീതോഷ്ണനിലയെ ശരിയായി സംരക്ഷിക്കുവാനും ഈ നറുനീണ്ടിസത്തിനുള്ള ശക്തി അത്ഭുതകരമാണെന്നു അതു് ഒരിക്കൽ ഉപയോഗിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുന്നു. മൂലക്കുരുവിനും, രക്തപിത്തത്തിനും, മൂത്രത്തിലുള്ള ഊറലിനും, ഉഷ്ണത്താൽ രക്തം ദുഷിച്ചുണ്ടാകുന്ന ചൊറി മുതലായതിനും പ്രത്യേകം ഉഷ്ണദീനത്തിനും ഇതു ഉത്തമൗഷധമാണെന്നു കഴിഞ്ഞ അറുപതിൽപരം വർഷത്തെ അനുഭവം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഈ അത്ഭുതശക്തിയുടെ രഹസ്യമോ? നറുനീണ്ടിക്കിഴങ്ങിൻെറ ഔഷധാംശം അശേഷം നഷ്ടപ്പെടുത്താതെ അതു് പാകപ്പെടുത്തുന്നു എന്നതുതന്നെ. ഇതാണു മഞ്ഞുമ്മൽ ആശുപത്രിയിലെ നറുനീണ്ടിസത്തിൻെറ വിശേഷത.

| | | |
|---|---|---|
| 24 ഔൺസ് കുപ്പിക്കു് | | 3—8—0 |
| 18 | " " | 2—10—0 |

താഴെപറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ, സെയിൻറ് ജോസഫ്സ് ആശുപത്രി,
മഞ്ഞുമ്മൽ, തിരുവിതാംകൂർ.
or ഡയറക്ടർ, ആസ്പിരൻസ് ഹൗസ്,
ചിററൂർ റോഡു —എറണാകുളം.


## നിങ്ങൾക്കറിയാമോ?

കേന്ദ്രമന്ത്രിസഭയിലെ അംഗങ്ങൾ ആരെല്ലാം?

ഉത്തരം

1) പണ്ഡിററ് ജവഹർലാൽ നെഹ്റു (പ്രധാനമന്ത്രി) 2) സർദാർ വല്ലഭായി പട്ടേൽ (ഡെപ്യൂട്ടി പ്രധാനമന്ത്രി) 3) ഡോക്ടർ ജോൺമത്തായി (ധനകാര്യം) 4) സർദാർ ബലദേവ് സിംഗ് (രാജ്യരക്ഷ, 5) ഡോക്ടർ ബി. ആർ. അംബദ്കർ (നിയമം) 6) മി. അബുൾകലാം ആസാദ് (വിദ്യാഭ്യാസം) 7) രാജകുമാരി അമൃതംകൗർ (ആരോഗ്യം) 8) മി. ജയറാംദാസ് ദൗലത്റാം (ഭക്ഷ്യം, കൃഷി) 9) മി. ജഗജീവൻറാം (തൊഴിൽ) 10) മി. എൻ. വി. ഗാഡ്ഗിൽ (മരാമത്തു്) 11) ഡോക്ടർ ശ്യാമപ്രസാദ് മുക്കർജി (വ്യവസായം) 12) മി. എൻ. ഗോപാലസ്വാമി അയ്യങ്കാർ (ഗതാഗതം) 13) മി. റാഫി അഹമ്മദ് കിദ്വാ (കമ്മ്യൂണിക്കേഷൻസ്) 14) മി. കെ. സി. നിയോഗി (വാണിജ്യം)

## കൊ-ച്ചി-വാർത്തകൾ

സർക്കാർസ്കൂളദ്ധ്യാപകന്മാർക്കു ലഭിക്കുന്ന നിരക്കിലുള്ള ശമ്പളവും അലവൻസും മറെറല്ലാ ആനുകൂല്യങ്ങളും പ്രൈവററ് സ്കൂളദ്ധ്യാപകന്മാർക്കും ലഭിക്കത്തക്കവിധത്തിൽ വിദ്യാഭ്യാസപദ്ധതി പുനഃസംഘടിപ്പിക്കേണ്ടതിനെപ്പററി ഗവമ്മെൻറു പര്യാലോചിച്ചുവരുന്നു. സർക്കാർ വിദ്യാലയങ്ങളുൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളുടെയും ചുമതല വഹിക്കത്തക്കവിധം ടെറിട്ടോറിയൽ എഡ്യൂക്കേഷനൽ കോർപ്പറേഷനുകൾ രൂപവൽക്കരിക്കുവാനാണു് ഉദ്ദേശമെന്നറിയുന്നു.

—1950 അവസാനത്തിനകം സ്റേററ് ട്രാൻസ്പോർട്ടു ബസ്സുകളിലെ ഓവർലോഡിംഗ് സമ്പ്രദായം നിർത്തലാക്കുന്നതാണെന്നും 40 പുതിയ ബസ്സുകൾക്കു് ഗവമ്മെൻറു് ഓർഡർ നല്കിയിട്ടുണ്ടെന്നുമറിവായിരിക്കുന്നു.

—ഒരു ലോഹമണൽ ഫാക്ടറി ആലുവായിൽ സ്ഥാപിക്കുന്നതിനു് കേന്ദ്രഗവമ്മെൻറു് ഉത്തരവു നല്കിയിരിക്കുന്നു.

—ഐക്യസംസ്ഥാനത്തു് വിവിധ പ്രദേശങ്ങളിലായി ഗവമ്മെൻറു് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വ്യവസായശാലകൾക്കുവേണ്ടി കേന്ദ്രഗവമ്മെൻറിൻെറ ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപറേഷനിൽനിന്നും 3 കോടിക. ലോൺ അനുവദിച്ചിരിക്കുന്നു.

—കൊടുങ്ങല്ലൂർ താലൂക്കു വിഭജിച്ചു് മുകുന്ദപുരം താലൂക്കിലും കണയന്നൂർ താലൂക്കിലും ലയിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

— തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനഗവമ്മെൻറു സർവ്വീസിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഏകീകരിക്കുന്നതുവരെ (മാർച്ചു് 31) കൊച്ചി വിഭാഗത്തിൽ ഇപ്പോൾ നിലവിലിരിക്കുന്ന ക്ഷാമബത്തയും ടൗൺ അലവൻസും തുടരുന്നതാണു്.

## ഉപകാരസ്മരണ

ബ: അൽഫോൻസാമ്മയുടെയും വി. യൂദാശ്ലീഹായുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കടലിക്കാട്ടിൽ ഔസേഫ്,
മേലുകാവുമററം

## ഫാത്തിമാറാഞ്ചി

തൂത്തുക്കുടി, തൃശ്ശിനാപ്പള്ളി, ചെങ്കൽപ്പെട്ടു് മുതലായസ്ഥലങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം ഫാത്തിമാമാതൃസ്വരൂപം ഫെബ്രുവരി 12-ാംനു- മദ്രാസിലെത്തിയിരിക്കുന്നു.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. ഏ.

Vol. 23 || ERNAKULAM, FEBRUARY 15, 1950 || No. 25

# വിഭാഗീയസ്കൂൾസ്ഥാപനം മൗലികാവകാശമാണു്

തിരുവിതാംകൂറിലെ പ്രാഥമികവിദ്യാഭ്യാസം മുഴുവനും ഗവമ്മെൻറിൻെറ പിടിയിലാക്കുവാനും പ്രൈവറേറജൻസികൾക്കു് അതിൽ യാതൊരു സ്ഥാനവും നല്കാതിരിക്കുവാനും സർ സി. പി. യുടെ ഭരണകാലത്തു നടന്ന ശ്രമവും, അതിനെതിരായി ക്രിസ്ത്യാനികൾ രാജ്യത്തിൽ അങ്ങോളമിങ്ങോളം നടത്തിയ വ്യവസ്ഥാപിതമായ പ്രക്ഷോഭണവും അന്നത്തെ തിരുവിതാംകൂർ സ്റ്റേറ്റു് കോൺഗ്രസ്സു് ക്രിസ്ത്യാനികളുടെ ന്യായമായവാദത്തിനു നല്കിയ അംഗീകരണവും മറക്കുവാൻ ഇനിയും കാലമായിട്ടില്ലല്ലോ. സർ സി. പി. തിരുവിതാംകൂർ വിട്ടശേഷവും ദുരുപദിഷ്ടമായ ഈ രാഷ്ട്രസാൽക്കരണനയം തുടൎന്നുകൊണ്ടുപോകണമെന്നു് ചില സ്ഥാനങ്ങളിൽ നിർബന്ധമുള്ളതായി കണ്ടിട്ടുണ്ടു്. അതിനെതിരായി ക്രിസ്ത്യാനികളും അവരുടെ സ്ഥാപനങ്ങളും അപ്പഴപ്പോൾ പ്രതിഷേധസ്വരം മുഴക്കിയിട്ടുമുണ്ടു്. തിരുവിതാംകൂർ-കൊച്ചിസംയോജനത്തിനുശേഷം ഭരണഭാരം വഹിക്കുന്ന ഗവമ്മെൻറിൻെറ നയം ഇക്കാര്യത്തിൽ എന്താണെന്നറിയുവാൻ ക്രിസ്ത്യാനികൾ ഉൽക്കണ്ഠ പ്രദർശിപ്പിച്ചിരുന്നു. വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി അസന്നിഗ്ദ്ധമായ ഭാഷയിൽ ഗവമ്മെൻറിൻെറ നയമെന്തെന്നു് ഒന്നിലധികം പ്രാവശ്യം വ്യക്തമാക്കുകയുണ്ടായി. പ്രാഥമികവിദ്യാഭ്യാസം ഗവമ്മെൻറിൻെറ കുത്തകയാക്കുവാൻ ഉദ്ദേശമില്ലെന്നും, പ്രൈവറേറജൻസികൾക്കു സ്വാഗതവും പ്രോത്സാഹനവും നല്കുന്നതാണെന്നുമാണു് അദ്ദേഹം പ്രസ്താവിച്ചതു്. അതിനൊരുകാരണം അദ്ദേഹം ചൂണ്ടിക്കാണിച്ചതു് ഐക്യസംസ്ഥാനത്തെ പ്രാഥമികവിദ്യാഭ്യാസം മുഴുവനും ഏറെറടുത്തു നടത്തുവാൻ ഗവമ്മെൻറിൻെറ കോശസ്ഥിതി അനുവദിക്കുന്നില്ലെന്നായിരുന്നു. ഈ കാരണത്തെ ആധാരമാക്കിയിട്ടെങ്കിലും സുബുദ്ധിയുള്ള ഏതൊരുവനും മന്ത്രി പ്രകാശിപ്പിച്ച പ്രസ്തുത തീരുമാനത്തെ സസന്തോഷം സ്വീകരിക്കേണ്ടതാണു്. എന്നാൽ ഉത്തരവാദബോധമുള്ളവരെന്നു വിചാരിക്കപ്പെടേണ്ട ചില സ്ഥാപനങ്ങളും വ്യക്തികളും പ്രഖ്യാപിതമായ ഈ ഗവമ്മെൻറുനയത്തെ അപലപിക്കുകയും, പ്രാഥമികവിദ്യാഭ്യാസം മുഴുവനും ഗവമ്മെൻറിൻെറ പിടിയിലാക്കണമെന്നു ഇപ്പോഴും വാദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനൊരു ദൃഷ്ടാന്തമാണു് ശ്രീ പട്ടം താണുപിള്ള ഇക്കഴിഞ്ഞ മകരം 21-ാംനു മൂത്തകുന്നത്തു സമ്മേളിച്ച ഒരു പൗരമഹായോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു ചെയ്ത പ്രസംഗം.

### ശ്രീ പട്ടത്തിൻെറ രാഷ്ട്രസാൽക്കരണവാദം

ഐക്യസംസ്ഥാനത്തു നിലവിലിരിക്കുന്ന കോൺഗ്രസ്സു് ഗവമ്മെൻറിൻെറ നടപടികളെ അപലപിച്ചു പലതും പ്രസ്താവിച്ചശേഷം അദ്ദേഹം ഇങ്ങനെ തുടൎന്നു:- "ഗവമ്മെൻറു് പൊതുജനനന്മയെക്കാൾ ഒരു പ്രീണിപ്പിക്കൽ നയമാണു് സ്വീകരിച്ചിരിക്കുന്നതു്. പ്രാഥമികവിദ്യാഭ്യാസപദ്ധതി തന്നെ നോക്കുക. ഗവമ്മെൻറിൻെറ നിയന്ത്രണത്തിൽ എല്ലാവിദ്യാൎത്ഥികൾക്കും ഒരേരീതിയിൽ അഭ്യസനം നല്കുന്ന ഏൎപ്പാടു ചിലൎക്കു തൃപ്തികരമല്ല. ആരോടുമുള്ള വിദ്വേഷംകൊണ്ടല്ല ഞാനിതു പറയുന്നതു്. 22 കൊല്ലംമുമ്പു് നിയമസഭയിൽ ഞാൻ വാദിച്ചതാണു് എല്ലാ സ്കൂളുകളും ഗവമ്മെൻറു് ഏറെറടുത്തു നടത്തണമെന്നു്. ജാതീയവും മതപരവുമായ വിഭാഗീയചിന്ത ഇല്ലാതാകണമെങ്കിൽ കുരുന്നിലെതന്നെ ഒന്നിച്ചു് ഒരേ വിദ്യാലയത്തിൽ മതത്തിൻെറ ചേരിതിരിവു കൂടാതെ പഠിച്ചുവളരണം. എൻെറ മന്ത്രിസഭയുടെ കാലത്തു് ഈ പ്രശ്നം ഉയൎന്നുവന്നു. വിഭാഗീയവിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ ഞാൻ എതിരായിരുന്നു. മന്ത്രി ശ്രീ പനമ്പിള്ളി പ്രസംഗിച്ചതായിക്കണ്ടു, മാനേജുമെൻറുകളെ ചൂഷണംചെയ്യുകയാണെന്നു്. ഗവമ്മെൻറു നല്കുന്ന ഗ്രാൻറു് വാദ്ധ്യാന്മാൎക്കു കൊടുക്കാതെ പങ്കിട്ടെടുക്കുന്ന ഏൎപ്പാടു ചൂഷണമാണു്. പക്ഷെ അതു മാനേജുമെൻറുകളെ ചൂഷണംചെയ്യുകയാണെന്നു പറഞ്ഞാൽ അതു വിശ്വസിക്കുവാൻ ഈ നാട്ടുകാർ അത്ര മഠയന്മാരൊന്നുമല്ല. കാര്യം ഇതൊന്നുമല്ല. സ്കൂളുകൾ അനുവദിച്ചതു ഒരു രാഷ്ട്രീയകാര്യമാണു്. സ്കൂൾ മാനേജരന്മാരായ പുരോഹിതരുടെ ശക്തിയായ പിന്തുണ ഗവമ്മെൻറിൻെറ നിലനില്പിനു് ആവശ്യമാണു്."

പ്രസംഗത്തിലെ ഈ ഭാഗത്തിനു് അല്പംമുൻപു് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചതായും കാണുന്നു:

"എല്ലാഭരണഘടനകളിലും മൗലികമായ മനുഷ്യാവകാശങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടു്. ഇൻഡ്യൻ കോൺസാംബ്ളി പാസാക്കിയ ഭരണഘടനയിലും അവകാശങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടു്. പക്ഷെ ലക്ഷ്യം പ്രഖ്യാപിച്ചതുകൊണ്ടായില്ല. ഈ ലക്ഷ്യം നടപ്പിൽ വരുത്തുന്നതിനു് ഇന്നു് അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സിനു കഴിവുണ്ടോയെന്നാണു പ്രശ്നം."

### പ്രസംഗത്തിലെ പരസ്പരവൈരുദ്ധ്യം

ഈ നാട്ടുകാർ അത്ര മഠയന്മാരൊന്നുമല്ല എന്നു ശ്രീ പട്ടം പ്രസംഗത്തിൽ പറയുന്നുണ്ടെങ്കിലും അവരെ മഹാ മഠയന്മാരായിട്ടുതന്നെയാണു് അദ്ദേഹം ഗണിക്കുന്നതെന്നുള്ളതിനു ഈ പ്രസംഗം തന്നെ ഒന്നാംതരം തെളിവാണു്. എല്ലാ ഭരണഘടനകളിലുമെന്നപോലെ ഇന്ത്യൻ കോൺസാംബ്ളി പാസാക്കിയ ഭരണഘടനയിലും മൗലികമായ മനുഷ്യാവകാശങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നു് അദ്ദേഹം സമ്മതിക്കുകയും, അതു പ്രഖ്യാപിച്ചതുകൊണ്ടു മാത്രമായില്ല നടപ്പിൽ വരുത്തുകക്കൂടി ചെയ്യേണ്ടതാണെന്നു് അദ്ദേഹം വാദിക്കുകയും, നടപ്പിൽവരുത്തുന്നില്ല എന്ന കുററം ഈ ഐക്യസംസ്ഥാനത്തിലെ കോൺഗ്രസ്സു് ഗവമ്മെൻറിൽ ആരോപിക്കുകയും ചെയ്യുന്നു. അതേ ശ്വാസത്തിൽത്തന്നെ, മൗലികമായ മനുഷ്യാവകാശങ്ങളിലൊന്നായ വിഭാഗീയ സ്കൂൾസ്ഥാപനം നടപ്പിൽ വരുത്തുന്നതാണെന്നു വിദ്യാഭ്യാസമന്ത്രി ശ്രീ പനമ്പിള്ളി ചെയ്ത നയപ്രഖ്യാപനത്തെ ശ്രീ പട്ടം അപലപിക്കുകയുംചെയ്യുന്നു. ഇതിൻെറയെല്ലാം അൎത്ഥമെന്താണു്? വിഭാഗീയ സ്കൂളുകൾ സ്ഥാപിക്കുവാൻ പൗരന്മാൎക്കുള്ള അവകാശം ഇൻഡ്യൻ ഭരണഘടനയിലെ മൗലികമായ മനുഷ്യാവകാശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് ശ്രീ പട്ടത്തിനു് അറിഞ്ഞുകൂടെന്നാണോ? അദ്ദേഹത്തിനറിയാമെങ്കിലും ഈ നാട്ടുകാൎക്കു് അതറിഞ്ഞുകൂടെന്നാണോ? മൗലികാവകാശങ്ങൾ ഐക്യസംസ്ഥാനഗവമ്മെൻറു നടപ്പിൽവരു[illegible]ണ്ടതാണെന്നു വാദിക്കുകയും തദനന്തരം വിഭാഗീയസ്കൂളുകൾ സ്ഥാപിക്കുവാൻ അനുമതി നൽകുന്ന പ്രസ്തുതഗവമ്മെൻറിനെ അപലപിക്കുകയും ചെയ്യുന്നതിലുള്ള പരസ്പരവൈരുദ്ധ്യം ശ്രീ പട്ടം ഗ്രഹിക്കുന്നില്ലെന്നാണോ? അദ്ദേഹം ഗ്രഹിക്കുന്നുണ്ടെങ്കിലും ഈ നാട്ടുകാർ അതു ഗ്രഹിക്കാൻ കഴിയാത്തവണ്ണം അത്ര മഠയന്മാരാണെന്നാണോ?

### ഭരണഘടനയിൽ വിഭാഗീയസ്കൂളുകളെപ്പററി

ശ്രീ പട്ടം തൻെറ പ്രസംഗത്തിൽ സമ്മതിച്ചു പറഞ്ഞിട്ടുള്ളതും ഇൻഡ്യൻ റിപ്പബ്ളിക്കു് സ്വീകരിച്ചിട്ടുള്ളതുമായ "മൗലികാവകാശങ്ങൾ" ഭരണഘടനയിലെ "മൂന്നാം ഭാഗം" (Part III) ആയിട്ടാണു് കൊടുത്തിട്ടുള്ളതു്. ആ ഭാഗത്തു 12 മുതൽ 35 വരെ വകുപ്പുകൾ (Articles) ഉണ്ടു്. അവയിൽ, 30-ാം വകുപ്പാണു് വിഭാഗീയസ്കൂളുകളെപ്പററി പ്രതിപാദിക്കുന്നതു്. അതു താഴെ ചേൎക്കുന്നു:—

"30. (1) സകല ന്യൂനപക്ഷങ്ങൾക്കും, അവ മതത്തെ അടിസ്ഥാനപ്പെടുത്തിയതോ ഭാഷയെ അടിസ്ഥാനപ്പെടുത്തിയതോ ആയിരുന്നാലും, അവൎക്കിഷ്ടമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏൎപ്പെടുത്തുന്നതിനും നടത്തുന്നതിനും അവകാശമുണ്ടായിരിക്കേണ്ടതാണു്.

(2) രാഷ്ട്രത്തിനു്, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു സഹായധനം നൽകുന്നതിൽ, മതത്തെയോ ഭാഷയെയോ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ന്യൂനപക്ഷത്തിൻെറ മാനേജുമെൻറിൻകീഴുള്ളതാണെന്ന കാരണത്താൽ, യാതൊരു വിദ്യാഭ്യാസസ്ഥാപനത്തേയും ഒഴിച്ചു നിൎത്തുവാൻ പാടുള്ളതല്ല (Discriminate against)."

ക്രിസ്ത്യാനികൾക്കു് അവരുടെ സ്വന്തം മാനേജുമെൻറിൽ സ്കൂളുകൾ സ്ഥാപിക്കുവാൻ തടസ്സമുണ്ടാകരുതെന്നും, അവയ്ക്കും സൎക്കാരിൽനിന്നു സഹായധനം ലഭിക്കണമെന്നും ഉള്ളവാദം ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ മൗലികാവകാശത്തിൻെറ പ്രയോഗമല്ലാതെ മറെറന്താണു്? തന്മൂലം മൗലികാവകാശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണെന്നു വാദിക്കുകയും അതേസമയംതന്നെ വിഭാഗീയസ്കൂളുകൾ അനുവദിക്കുന്നതിനെ അപലപിക്കുകയും ചെയ്യുന്ന ശ്രീ പട്ടം പരസ്പരവൈരുദ്ധ്യമെന്ന ഏററവും യുക്തിഹീനമായ നിലയെ അവലംബിക്കുകയല്ലയോ ചെയ്യുന്നതു്?

"എല്ലാ വിദ്യാൎത്ഥികൾക്കും ഒരേരീതിയിൽ അഭ്യസനം നൽകുന്ന ഏൎപ്പാടു്" (ക്രിസ്ത്യാനികൾക്കു) "തൃപ്തികരമല്ല" എന്നു ശ്രീ പട്ടം ആക്ഷേപിക്കുന്നതു് വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന ലൗകികവിഷയങ്ങളെക്കുറിച്ചാണെങ്കിൽ, അതു തികച്ചും അയഥാൎത്ഥമാണു്. തങ്ങൾ നടത്തുന്ന സ്കൂളുകളിൽ കോഡനുസരിച്ചുള്ള നിയന്ത്രണത്തിനു വിധേയരാകുവാനും ഡിപ്പാർട്ടുമെൻറു് നിശ്ചയിക്കുന്ന പാഠപദ്ധതി അനുസരിക്കുവാനും ക്രിസ്ത്യാനികൾ സന്നദ്ധരാണെന്നുള്ള വസ്തുത ശ്രീ പട്ടത്തിനറിഞ്ഞുകൂടയോ? "ജാതീയവും മതപരവുമായ വിഭാഗീയചിന്ത ഇല്ലാതാകണമെങ്കിൽ കുരുന്നിലേതന്നെ ഒന്നിച്ചു ഒരേ വിദ്യാലയത്തിൽ മതത്തിൻെറ ചേരിതിരിവുകൂടാതെ പഠിച്ചുവളരണം" എന്നു ശ്രീ പട്ടം ആവശ്യപ്പെടുന്നതിൻെറ അൎത്ഥം എന്താണാവോ? സകല ജാതിക്കാൎക്കും സകല മതക്കാൎക്കും ഏതു വിദ്യാലയത്തിലും ചേൎന്നു പഠിക്കുവാൻ സൗകര്യമുണ്ടാകണമെന്നാണെങ്കിൽ, ക്രിസ്ത്യാനികളുടെ മാനേജുമെൻറിലുള്ള സ്കൂളുകളിൽ മററാരെയുംകാളധികം പ്രസ്തുത സൗകര്യം ഉണ്ടായിരുന്നുവെന്നും ഇനിയും ഉണ്ടാകുമെന്നും ശ്രീ പട്ടത്തിനു നിശ്ചയമില്ലയോ? നേരെമറിച്ചു ഇൻഡ്യയിൽ യാതൊരു മതവ്യത്യാസവും ഉണ്ടാകുവാൻ പാടില്ലെന്നും, സകല പൗരന്മാരും യാതൊരു മതവും ഇല്ലാത്തവരോ ഏകമതംമാത്രം അനുസരിക്കുന്നവരോ ആയിരിക്കണമെന്നുമാണു് ശ്രീ പട്ടം അൎത്ഥമാക്കുന്നതെങ്കിൽ, ഭരണഘടനയിലെ മതപരമായ മൗലികാവകാശങ്ങളുടെ പ്രഖ്യാപനത്തെ അദ്ദേഹം തിരസ്കരിക്കുകയാണു ചെയ്യുന്നതു്. മാനേജുമെൻറുകളേയും മാനേജരന്മാരായ പുരോഹിതന്മാരേയും മററും കുറിച്ചുള്ള ശ്രീ പട്ടത്തിൻെറ ദുസ്സൂചനകൾ അവയർഹിക്കുന്ന അവജ്ഞയോടുകൂടി വിസ്മരിക്കപ്പെടേണ്ടതായിട്ടേയുള്ളു. "ആരോടുമുള്ള വിദ്വേഷംകൊണ്ടല്ല ഞാനിതു പറയുന്നതു" എന്നു ശ്രീ പട്ടം സ്വയം നീതീകരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, വേറെ ഏതൊരു വികാരത്താലാണു് പരസ്പരവിരുദ്ധങ്ങളും വാസ്തവവിരുദ്ധങ്ങളും യുക്തിഹീനങ്ങളുമായ ഈ പ്രസ്താവങ്ങൾ ചെയ്യുവാൻ അദ്ദേഹം പ്രേരിതനായതെന്നു മനസ്സിലാക്കുവാൻ വളരെ വിഷമംതന്നെ.

## പ്രസാധകക്കുറിപ്പുകൾ

### മാതൃസഭ

"നാലുശതാബ്ദങ്ങൾക്കുമുമ്പു നിങ്ങളുടേയും എൻേറയും പിതാക്കന്മാർ റോമൻകത്തോലിക്കരായിരുന്നുവെന്നു ഓൎക്കുന്നതു നല്ലതാണു്," എന്നത്രെ ഒരു യൂണിറേററിയൻ പ്രോട്ടസ്റ്റൻറു പുരോഹിതനായ റവ. മിസ്റ്റർ ആർ. ഡബ്ളിയു. ബോയിൻറൺ ഏതാനും കൊല്ലങ്ങൾക്കുമുമ്പു ന്യൂയോൎക്കിലെ Corrier എന്ന പത്രത്തിലെഴുതിയതു്. അദ്ദേഹം ഇപ്രകാരം തുടൎന്നു: "അതാണു് മാതൃസഭ. അമ്മയ്ക്കു എത്രയേറെ പോരായ്മകളുണ്ടായാലും അമ്മയെ അധിക്ഷേപിക്കുന്നതു ശരിയല്ല. അപ്രകാരം ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതും തെററാണു്. ഫ്രാൻസിലും ഇററലിയിലും കത്തോലിക്കാസഭയ്ക്കു പുരോഗതി ഇല്ലായിരിക്കാം; പക്ഷെ, ജൎമ്മനിയിലും ഇംഗ്ലണ്ടിലും ഐക്യനാടുകളിലും സഭ മുന്നോട്ടു പോകുകതന്നെയാണു ചെയ്യുന്നതു്. ഈ വസ്തുത പലൎക്കും ഭീതിജനകമായിരിക്കുന്നു. അതൊരു പകൎച്ചവ്യാധിപോലെ എല്ലായിടത്തും വ്യാപിക്കയും ചെയ്യുന്നു. അതിൻെറയെല്ലാം ഫലം കോപകലുഷിതമായ വിരോധഭാവവും അബദ്ധപ്രസ്താവനകളുമാണു്. സൂക്ഷിച്ചിരുന്നില്ലെങ്കിൽ "ഈനാംപേച്ചി" പിടിച്ചുകൊണ്ടുപോകുമെന്നു ഭയപ്പെടുന്ന കുട്ടികളുടെയൊരു മനഃസ്ഥിതിയാണതു്."

(See Sunday Visitor Dec. 4, 1949)

### സഭയുടെ ഗുണങ്ങൾ ദർശിക്കണം

കാൻസാസിൽ വിച്ചിററായിലെ ഒരു ബാപ്റ്റിസ്റ്റു് പുരോഹിതനായ റവ. മി. ജി. എൽ. ബ്രൗൺ സ്വസഭാംഗങ്ങൾക്കു നല്കിയ ഉപദേശം കത്തോലിക്കാസഭയുടെ ഗുണഗണങ്ങളുടെനേൎക്കു് മനഃപൂൎവ്വം അവരുടെ കണ്ണുകൾ അടച്ചുകളയരുതെന്നാണു്. അദ്ദേഹത്തിൻെറ വാക്കുകൾ റവ. ബോയിൻറൺ ഉദ്ധരിച്ചിരിക്കുന്നതു താഴെ ചേൎക്കുന്നു: "റോമയിൽനിന്നു യാതൊരു നന്മയും വരുകയില്ലെന്നു വിചാരിക്കുന്ന പലരുമുണ്ടു്. എന്നാൽ റോമൻ കത്തോലിക്കാസഭയ്ക്കു ഗുണവശങ്ങളൊന്നുമില്ലായിരുന്നുവെങ്കിൽ അതു പണ്ടേതന്നെ "അസ്ഥിക്കുഴി"യിൽ തള്ളപ്പെടുമായിരുന്നു. ഗുണവശങ്ങളൊന്നുമില്ലാത്ത, പോരായ്മകളെ നികത്താൻ പററിയ നല്ല ലക്ഷണങ്ങളൊന്നുമില്ലാത്ത, ഒരു മതസംഘടനയ്ക്കു, കത്തോലിക്കാസഭ അഭിമുഖീകരിച്ചിട്ടുള്ളതരം പരിശോധനയുടെ വെളിച്ചത്തെ നേരിടാൻ സാധിക്കയില്ലായിരുന്നു. ഒരു റോമൻ കത്തോലിക്കൻ ദൈവഭവനത്തിൽ പ്രവേശിക്കുമ്പോൾ, അവനു താൻ കൎത്താവിൻെറ സന്നിധിയിലാണെന്നുള്ള ബോധമുണ്ടാകുന്നു. തൽഫലമായി, തുകൎമ്മങ്ങളുടെ ആരംഭംമുതൽ അവസാനംവരെ ഭക്തിസമന്വിതം വൎത്തിക്കുന്നതിനു അവൻ നിർബന്ധിതനാകുയും ചെയ്യുന്നു. നമ്മുടെ (ബാപ്റ്റിസ്റ്റു്)സഭ ദൈവഭവനത്തിൻെറ കാര്യത്തിൽ വളരെക്കുറച്ചു മാത്രമേ ശ്രദ്ധപതിക്കുന്നുള്ളു. ജനങ്ങൾ ആ ഭവനത്തിൻെറ മാഹാത്മ്യത്തെപ്പററി ഗൗരവമായി ചിന്തിക്കുന്നില്ല. നന്മചെയ്യാൻ നാമറിയാതെതന്നെ നമ്മിൽ സംജാതമായേക്കാവുന്ന അഭിനിവേശത്തെ ലക്ഷ്യമാക്കി മാത്രമായാലും, കത്തോലിക്കാകൎമ്മങ്ങളിൽപോയി സംബന്ധിക്കുന്നതു നമുക്കു പ്രയോജനകരമായിരിക്കും. ലൗകിക വിദ്യാഭ്യാസത്തെ മതവിദ്യാഭ്യാസത്തിൽനിന്നു പരിപൂൎണ്ണമായി വേർതിരിക്കയും, ആദ്യത്തേതിനു മാത്രം സ്ഥാനമനുവദിക്കയും ചെയ്യുകയാണെങ്കിൽ നിൎഗ്ഗുണരായ ഒരുതരം തത്വശാസ്ത്രജ്ഞന്മാരെ— ബുദ്ധിയുള്ളവരെങ്കിലും "ആത്മാക്കളില്ലാത്ത" ആളുകൾ നിറഞ്ഞ ഒരു തലമുറയെ—അതു സൃഷ്ടിക്കും. റോമയ്ക്കു അവളുടെ പ്രത്യേക

ഗുണങ്ങളുണ്ടു്. അവ നാം കാണാതിരിക്കരുതു്," (Ibid.)

സംഘടനാവിശേഷം

സഭയുടെ സംഘടനാവിശേഷം പുരസ്കരിച്ചു് ഓഹിയോയിൽ മാസ്സിലോണിലെ ഒരു പ്രോട്ടസ്റ്റൻറ് പുരോഹിതൻ റവ. മി. എച്ച്. ഇ. സ്ലാഫോർഡ് എഴുതിയ ഭാഗവും നമ്മുടെ ലേഖകൻ ഉദ്ധരിച്ചിട്ടുണ്ടു്. അതിപ്രകാരമാണു്: "ക്രിസ്തുമതത്തെ വളർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിൽ മഹത്തായ കത്തോലിക്കാസഭ അനുഷ്ഠിച്ചിട്ടുള്ള നിരവധി സേവനങ്ങൾക്കായി നാമതിനോടു കടപ്പെട്ടിരിക്കുന്നു. അവയിൽവച്ചു് ഒന്നാമത്തേതു കത്തോലിക്കാസഭയുടെ വിസ്മയാവഹമായ സംഘടനാബലവും ശക്തിയുമാണു്. അസംസ്കൃതരും ക്രൂരരുമായിരുന്ന കിരാതവർഗ്ഗക്കാർ റോമൻ സൈന്യനിരയെ ഭേദിച്ചു് റോമയെ ആക്രമിക്കുകയും, വഴിമദ്ധ്യേ കണ്ടവയെല്ലാം നശിപ്പിച്ചുകൊണ്ടു മുന്നോട്ടു നീങ്ങുകയും ചെയ്തപ്പോൾ ക്രിസ്തുമതത്തെ സംരക്ഷിക്കുന്നതിനു കത്തോലിക്കാസഭയെ ശക്തമാക്കിയതു് അതിൻെറ നലംതികഞ്ഞ ഈ സംഘടനാവിശേഷമാണു്. പ്രസ്തുത സംഘടനയല്ലാതെ മററു യാതൊരു സംഘടനയും ആ കിരാതവർഗ്ഗക്കാരെ നേരിടുന്നതിനും അവരെ ക്രിസ്ത്യാനികളാക്കുന്നതിനും സംസ്കാരത്തിൽ ലയിപ്പിക്കുന്നതിനും സാധിക്കയില്ലായിരുന്നു. ദൃഢതരവും സംഘാതവുമായ സഭയുടെ ഐക്യമാണു് അതു ലോകത്തിനു നല്കിയിരിക്കുന്ന മറെറാരുദാനം. റഷ്യയിലെ സേച്ഛാധികാരി ലോകത്തിലുള്ളതിലുംവച്ചു് എണ്ണത്തിൽ ഏററംവലിയ ഒരു ജനതയെ ഭരിക്കുന്നു. എന്നാൽ റോമയിലെ മാർപ്പാപ്പാ ആ സേച്ഛാപ്രഭുവിൻെറ കീഴിലുള്ള ജനതയെക്കാൾ 20 കോടി കൂടുതൽ വരുന്ന ഒരു ജനവ്യൂഹത്തെ ഭരിക്കുന്നു. എന്നിട്ടും ഈ വമ്പിച്ച ജനതതി പരിപൂർണ്ണമായ ഐക്യത്തിൽ ബദ്ധരായിരിക്കുന്നു. പ്രോട്ടസ്റ്റൻറ് മതമാകട്ടെ 300 വിഭാഗങ്ങളും ഉപവിഭാഗങ്ങളുമായി പിരിഞ്ഞിരിക്കയും ചെയ്യുന്നു." (Ibid.)

പത്രോസാകുന്ന പാറമേൽ

നൂററാണ്ടുകളായി, അഭംഗം നിലനിന്നുവരുന്ന കത്തോലിക്കാസഭ ഏവംവിധം ചിന്താശീലരായ പ്രോട്ടസ്റ്റൻറു സഹോദരന്മാരുടെ അത്ഭുതവിഷയമാണു്. സഭയുടെസുസ്ഥിതിയെപ്പററി മെക്കാളെ പ്രഭുവിൻെറ വിദഗ്ദ്ധതൂലിക പ്രൗഢോജ്ജ്വലമായ ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രശംസാവചസ്സുകൾ ആർക്കാണു വിസ്മരിക്കുവാൻ സാധിക്കുക! പക്ഷെ സഭാസൗധത്തിൻെറ അചഞ്ചലമായ ഈ നിലനില്പിനുള്ള കാരണമെന്തെന്നു അകത്തോലിക്കർ സാമാന്യേന ആലോചിച്ചുനോക്കാറില്ല. ബുദ്ധിമാനായ മനുഷ്യൻ തൻെറ കെട്ടിടം പാറമേൽ പണിചെയ്യുന്നതുപോലെ സർവ്വജ്ഞനായ ക്രിസ്തുനാഥൻ തൻെറ സഭാമന്ദിരം പത്രോസാകുന്ന പാറമേലാണു പണിചെയ്തിരിക്കുന്നതു്. അതുകൊണ്ടാണു് ഇടത്തൂട്ടുകളാകുന്ന കൊടുങ്കാററുകൾ വീശിയിട്ടും, കുററാരോപണങ്ങളാകുന്ന പേമാരി ചൊരിഞ്ഞിട്ടും, വിപ്ലവങ്ങളാകുന്ന ജലപ്രളയം വന്നലയടിച്ചിട്ടും സഭ അവയെല്ലാം ചെറുത്തുനില്ക്കുന്നതു്. പത്രോസിൻെറ പിൻഗാമിയായ മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിച്ചു് സഭയിലേക്കു പിന്തിരിയാത്തിടത്തോളം കാലം ഏകീകൃതസഭ രൂപവൽക്കരിക്കുന്നതിനു അകത്തോലിക്കാ ക്രിസ്തീയ വിഭാഗങ്ങൾ ചെയ്യുന്ന ശ്രമങ്ങളെല്ലാം വിഫലങ്ങളായേ പരിണമിക്കയുള്ളു.

സജീവശരീരം

കത്തോലിക്കാസഭ വെറുമൊരു സംഘടനയല്ലെന്നസംഗതികൂടി അനുസ്മരിക്കേണ്ടിയിരിക്കുന്നു. (The Church is not an organisation but an organism) അതു സജീവമായ ഒരു ശരീരമാണു്. വരപ്രസാദമാകുന്ന ജീവചൈതന്യം അതിൽ നിക്ഷിപ്തമായിട്ടുണ്ടു്. ഒരു കടുകുമണി വളർന്നു വൻചെടിയായി രൂപാന്തരപ്പെടുന്നതുപോലെ, 12 അപ്പസ്തോലന്മാരെക്കൊണ്ടു് ആരംഭിച്ച സഭ, പരിശുദ്ധാരൂപിയുടെ പരിചരണമേററു വളർന്നു്, വൻവൃക്ഷമായിത്തീർന്നിരിക്കുന്നു. അതിൻെറ സാന്ദ്രശീതളമായ തണലിൽ എല്ലാ രാജ്യക്കാരും ജാതിക്കാരും വിശ്രമം കൊള്ളുകയും ചെയ്യുന്നു. സഭയിൽനിന്നു വിച്ഛേദിക്കപ്പെട്ട കൊമ്പുകൾ വരപ്രസാദജലം ലഭിക്കാതെ സാവകാശത്തിൽ ഉണങ്ങിപ്പോകുകയാണു ചെയ്യുന്നതു്. ആകയാൽ ചൈതന്യനിർഭരമായ സഭയുടെ ആദ്ധ്യാത്മികജീവനിൽ പങ്കുപററുന്നതിനായി എല്ലാ ക്രിസ്ത്യാനികളേയും സ്നേഹപുരസ്സരം ആഹ്വാനം ചെയ്തുകൊള്ളട്ടെ. പലർക്കും കത്തോലിക്കാസഭയെപ്പററി തെററിധാരണകളുണ്ടു്. അവർ വളർന്നുവന്ന സാഹചര്യങ്ങളാണു് അതിനു പ്രധാനമായി ഉത്തരവാദിത്വം വഹിക്കേണ്ടതു്. അവരുടെ തെററിധാരണകൾ മാററാൻ കത്തോലിക്കർ വേണ്ടിടത്തോളം പരിശ്രമിക്കുന്നില്ലെന്നും സമ്മതിച്ചേ മതിയാവൂ. ആകയാൽ ഇക്കാര്യത്തിൽ വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കാൻ, ക്രിസ്തീയസ്നേഹത്തോടുകൂടി ചെയ്തുകൊടുക്കാൻ, കത്തോലിക്കാസഭാംഗങ്ങൾക്കുള്ള കടമയേയും വിനയസമേതം അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ . | ” | 6—8—0 |
| ഇൻഡ്യക്കു പുറമെ | ” | 8—0—0 |
| ഒററപ്രതി | | 0—2—0 |

## ചോദ്യോത്തരപംക്തി

**ചോ:** "അപ്പസ്തോലന്മാരാരും വലിയ പീഡയുടേയും പോരാട്ടത്തിൻേറയും കാലങ്ങളിലാകട്ടെ മററാവശ്യങ്ങൾക്കായിട്ടാകട്ടെ കന്യകമറിയത്തോടു പ്രാർത്ഥിച്ചതായി പുതിയനിയമത്തിൽ ഒരിടത്തും കാണുന്നില്ലല്ലോ. പൗലോസപ്പസ്തോലൻ പല പ്രാർത്ഥനകളെക്കുറിച്ചു പറയുമ്പോഴും ഒന്നിലെങ്കിലും കന്യകമറിയയെക്കുറിച്ചു ഒന്നും കാണുന്നില്ല. കർത്താവും പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോഴും കുറെ ദൈവത്തോടും അതിൽകൂടുതൽ കന്യകമറിയത്തിനോടും പിന്നെ കുറെയൊക്കെ വിശുദ്ധന്മാരോടും പ്രാർത്ഥിപ്പാനല്ലല്ലോ പറഞ്ഞിരിക്കുന്നതു്. "നിങ്ങൾ പിതാവിനോടു് അപേക്ഷിക്കുന്നതൊക്കെയും അവൻ എൻെറ നാമത്തിൽ നിങ്ങൾക്കു തരും." (JN 16: 23) എന്നുതന്നെയല്ല "ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു് അപേക്ഷിക്കും എന്നു ഞാൻ പറയുന്നില്ല" (JN 16: 26) എന്നിങ്ങനെ നമുക്കു നേരിട്ടു പിതാവിനോടു ചോദിപ്പാൻ സകല സ്വാതന്ത്ര്യവും തന്നിരിക്കെ കത്തോലിക്കരുടെകൊന്തനമസ്കാരത്തിലും മററും പിതാവിനോടു ഒന്നു പ്രാർത്ഥിക്കുമ്പോൾ കന്യകമറിയത്തിനോടു പത്തുപ്രാവശ്യം പ്രാർത്ഥിക്കേണ്ടതിൻെറ കാരണം എന്തു്? പിതാവിനോടു പ്രാർത്ഥിക്കാൻ കർത്താവു പറഞ്ഞിരിക്കെ മററു വല്ലവരോടും പ്രാർത്ഥിക്കുന്നതു തെററല്ലേ?"

**ഉ;** വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വിശ്വാസസത്യങ്ങളൊന്നും സ്വീകാര്യമല്ല എന്ന ധാരണയിലാണു് ഈ ചോദ്യം തൽകർത്താവു് ഉന്നയിച്ചിരിക്കുന്നതു്. എന്നാൽ വേദപുസ്തകം വിശ്വാസത്തിൻെറ ഏകാധാരമല്ല എന്നു നേരത്തേതന്നെ ഞങ്ങൾ സമർത്ഥിച്ചിട്ടുള്ളതാണു്. (1949 സെപ്ററംബർ 28-ാംനു-യിലെ ചോദ്യോത്തരപംക്തി നോക്കുക). "എൻെറ സഹോദരന്മാരേ, നിങ്ങൾ ഉറച്ചു നില്ക്കുയും, ഞങ്ങളുടെ വാക്കുമൂലമോ ലേഖനംമൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള പാരമ്പര്യങ്ങളെ (Traditions) മുറുകെപ്പിടിക്കുകയും ചെയ്യുവിൻ," (2 തെസ്സ. 2: 14, 15) എന്നാണല്ലോ വി. പൗലോസ് പറയുന്നതു്. വാമൊഴിയും വരമൊഴിയും വി. ശ്ലീഹാ ഇവിടെ അനുസ്മരിച്ചിരിക്കുന്നു. വാമൊഴിയായി അപ്പസ്തോലന്മാർ പഠിപ്പിച്ച സംഗതികൾ ആ മാർഗ്ഗത്തിൽക്കൂടിത്തന്നെ അനന്തരതലമുറകൾക്കു ലഭിക്കുകയും സഭാപിതാക്കന്മാർ അവ രേഖപ്പെടുത്തുകയും ചെയ്തു. തൽക്കാരണത്താൽ അവരുടെ ലിഖിതങ്ങളിൽ കാണുന്ന പാരമ്പര്യോപദേശം വിശ്വാസത്തിൻെറ മറെറാരാധാരമായി പരിഗണിക്കാം.


പരിശുദ്ധ കന്യകാമറിയത്തോടും വിശുദ്ധന്മാരോടുമുള്ള പ്രാർത്ഥന ക്രിസ്തീയവിശ്വാസത്തിനു് അനുയോജ്യമാണെന്നുള്ളതിനു് സഭാപാരമ്പര്യത്തിൽ സുവ്യക്തമായ സാക്ഷ്യങ്ങളുണ്ടു്. 1949 ഡിസംബർ 21-ാംനു-യിലെ "വിമർശനവീഥി"യിൽ ഉദ്ധരിച്ചിരുന്ന വി. ഈറാനീമോസിൻെറ സാക്ഷ്യം ഞങ്ങൾ വീണ്ടും ഉദ്ധരിക്കുന്നു: "ശ്ലീഹന്മാരും വേദസാക്ഷികളും ഭൂമിയിൽ ജീവിക്കുകയും തങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ആവശ്യമുള്ളവരായിരിക്കുകയും ചെയ്തിരുന്നപ്പോൾ മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കഴിവുള്ളവരായിരുന്നെങ്കിൽ, തങ്ങളുടെ കിരീടങ്ങളും വൈജയന്തികളും സ്വർഗ്ഗത്തിൽ നേടിയശേഷം മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവർ എത്രകൂടുതൽ കഴിവുള്ളവരായിരിക്കും? മോശ എന്ന ഏകമനുഷ്യൻ ആറുലക്ഷം പട്ടാളക്കാർക്കു് ദൈവത്തിൻെറ മാപ്പുനേടിക്കൊടുത്തു; എസ്തപ്പാനോസു് തൻെറ പീഡകന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. ക്രിസ്തുവിനോടുകൂടിയിരിക്കുമ്പോൾ അവരുടെ ശക്തിക്കും വല്ലകുറവുമുണ്ടാകുമോ? വി. പൗലോസ് പറയുന്നു, തൻെറകൂടെ കപ്പലിലുണ്ടായിരുന്ന 276 ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ആ പ്രാർത്ഥന ഫലിക്കുകയും ചെയ്തുവെന്നു്. മരിച്ചശേഷം ഈ ശ്ലീഹാ തൻെറ അധരങ്ങൾ അടച്ചുകളയുമോ? അദ്ദേഹത്തിൻെറ സുവിശേഷത്തിൽ വിശ്വസിച്ച ലോകർക്കുവേണ്ടി ഒരക്ഷരമെങ്കിലും അദ്ദേഹം ദൈവത്തോടു ശബ്ദിക്കാതിരിക്കുമോ?" പരിശു കന്യകാമറിയത്തിനു പ്രത്യേകമായുള്ള മദ്ധ്യസ്ഥശക്തിയെപ്പററി സഭാപിതാക്കന്മാർ ചെയ്തിരിക്കുന്ന ചില പ്രസ്താവനകളും ഉദ്ധരിക്കാം. വി. അപ്രേംമല്പാൻ പറയുന്നു:- "ദൈവത്തിൻേറയും മനുഷ്യരുടേയും ഏററം ഉത്തമമദ്ധ്യസ്ഥേ! സ്വസ്തി. ലോകം മുഴുവൻെറയും ഏററം ശക്തിയേറിയ അനുരഞ്ജകേ! സ്വസ്തി". പരിശുദ്ധ മറിയം "(ഏക) മദ്ധ്യസ്ഥൻ കഴിഞ്ഞാൽ ലോകം മുഴുവൻെറയും (ഏക) മദ്ധ്യസ്ഥ"യാണെന്നും പ്രസ്തുത വിശുദ്ധൻ പ്രസ്താവിക്കുന്നുണ്ടു്. വി. തറാസിയൂസിൻെറ വാക്കുകൾ ശ്രവിച്ചാലും: "ആകാശത്തിനു കീഴെയുള്ള സകലരുടേയും മദ്ധ്യസ്ഥേ! സ്വസ്തി. ലോകം മുഴുവൻെറയും പരിഹാരമായവളേ സ്വസ്തി." രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. ജസ്റ്റിൻ, വി. ഇരനേവൂസു്, തെർത്തുല്യൻ എന്നിവർ മറിയത്തെ രണ്ടാമത്തെ ഹവ്വ എന്നു വിളിക്കുകയും, ഹവ്വനമ്മുടെ നാശത്തിൽ പങ്കുകൊണ്ടതുപോലെ മറിയം നമ്മുടെ രക്ഷയിൽ പങ്കുകൊള്ളുന്നുണ്ടെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. പ്രസാദവരത്തിൻെറവിതരണത്തിലും മാതാവു് താദൃശമായ പങ്കുവഹിക്കുന്നുണ്ടെന്നുനിസ്സംശയം പറയാവുന്നതാണു്. (1948ഡിസംബർ 8-ാംനു-യിലെ "പരിത്രാണവേലയിൽമാതാവുവഹിച്ചപങ്കു്", 1449ജാനുവരിയിലെ, "പ്രസാദവരത്തിൻെറ വിതരണത്തിൽ മാതാവു വഹിക്കുന്ന പങ്കു്" എന്നീ മുഖപ്രസംഗങ്ങളും 1948 സെപ്ററംബർ 1-ാംനു-യിലേയും 8-ാംനു-യിലേയും ചോദ്യോത്തരപംക്തിയും നോക്കുക.)

മേൽപ്പറഞ്ഞവണ്ണം, പരിശുദ്ധ കന്യകാമറിയത്തിൻേറയും മററു വിശുദ്ധരുടെയും മദ്ധ്യസ്ഥപ്രാർത്ഥനയുടെ ശക്തിയെ പ്രകാശിപ്പിക്കുന്ന പല സാക്ഷ്യങ്ങളും പാരമ്പര്യോപദേശത്തിലുണ്ടു്. വേദപുസ്തകത്തിലാകട്ടെ, പ്രത്യക്ഷസാക്ഷ്യങ്ങളില്ലെങ്കിലും പരോക്ഷസാക്ഷ്യങ്ങളുണ്ടു്. സ്വർഗ്ഗീയവാസികളായ മാലാഖാമാരും ഭൗമികവാസികളായ മനുഷ്യരും മററുള്ളവർക്കുവേണ്ടി അർപ്പിക്കുന്ന പ്രാർത്ഥനകൾക്കു് ഉദാഹരണങ്ങൾ ധാരാളം വേദപുസ്തകത്തിൽ കാണാൻ കഴിയും. (തോബിയാസ് 12,12; സക്ക. 1, 12—13; സൃഷ്ടി 20, 7—17; ജോബു് 42, 8; ആവർത്തനം 5, 5. ഈ സാക്ഷ്യങ്ങളെല്ലാം 1949 നവംബർ 23-ാംനു-യിലെ ചോദ്യോത്തരപംക്തിയിൽ ഉദ്ധരിച്ചിരുന്നതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.) അവർക്കു അപ്രകാരം പ്രാർത്ഥനകൾ അർപ്പിക്കുക സാദ്ധ്യമാണെങ്കിൽ സ്വർഗ്ഗത്തിലെ വിശുദ്ധാത്മാക്കൾക്കു അതു സാദ്ധ്യമല്ലെന്നുവരുമോ? വെളിപാടിൻെറ പുസ്തകം ഏതത്സംബന്ധമായി കുറെക്കൂടി സ്പഷ്ടമായ സാക്ഷ്യം നല്കുന്നു: "...നാലു ജീവികളും, ഇരുപത്തിനാലു മൂപ്പന്മാരും, അവരിൽ ഓരോരുത്തനും വീണകളും വിശുദ്ധന്മാരുടെ പ്രാർത്ഥനകളാകുന്ന സുഗന്ധദ്രവ്യങ്ങൾ നിറഞ്ഞ പൊൻകലശങ്ങളും പിടിച്ചുകൊണ്ടു് കുഞ്ഞാടിൻെറ മുമ്പിൽ വീണു" (5,8). "വേറൊരു മാലാഖാ വന്നു ബലിപീഠത്തിൻെറ സമീപത്തു നിന്നു. അവനു ഒരു സ്വർണ്ണധൂപകലശമുണ്ടു്. സിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണബലിപീഠത്തിൽ സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനകളോടുകൂടി സമർപ്പിക്കുവാനായി വളരെ സുഗന്ധദ്രവ്യങ്ങൾ അവനു നൽകപ്പെട്ടു. സുഗന്ധദ്രവ്യങ്ങളുടെ ധൂപം—വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ—മാലാഖായുടെ കൈയിൽനിന്നു ദൈവസന്നിധിയിൽ കയറി" (8, 3-4). സ്വർഗ്ഗീയവാസികൾക്കു് ദൈവസമക്ഷംമദ്ധ്യസ്ഥതവഹിക്കുവാൻ സാധിക്കുമെന്നതിനു് ഇതു തെളിവാണല്ലോ. ശ്ലീഹന്മാരുടെ കാലംവരെ പഴക്കമുള്ള "വിശ്വാസപ്രമാണ"ത്തിലെ "പുണ്യവാന്മാരുടെ ഒരുമ്പാടു്" എന്ന വകുപ്പിൽ ഈ സംഗതിയും നാം അനുസ്മരിക്കുന്നുണ്ടെന്നുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമായിരിക്കുന്നു. (1949 നവ. 23-ാംനു- യിലെ ചോദ്യോത്തരപംക്തി നോക്കുക).

അപ്പസ്തോലന്മാർ കന്യകാമറിയത്തോടു പ്രാർത്ഥിച്ചതായി പുതിയനിയമത്തിൽരേഖപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ, അവർ, പ്രാർത്ഥിച്ചില്ലെന്നോ, താദൃശപ്രാർത്ഥന അവർ നിരോധിച്ചെന്നോ അനുമാനിക്കേണ്ടതില്ല. മാതാവിൻെറ നേർക്കുള്ള ഭക്തിയെ പുരസ്കരിച്ചുള്ള പല പ്രസ്താവനകളും സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിൽ ഉള്ളതുകൊണ്ടു് പ്രസ്തുതഭക്തിയുടെ ഉത്ഭവം അപ്പസ്തോലികമാണൊന്നുതന്നെവേണംവിചാരിക്കുവാൻ. കാനായിലെ കല്യാണവിരുന്നിൽവച്ചു ഈശോ തൻെറ സമയംസമാഗതമായിരുന്നില്ലെങ്കിലും, മാതാവിൻെറ അപേക്ഷപ്രകാരം ഒരത്ഭുതം പ്രവർത്തിച്ചുവെന്ന വസ്തുത മാതാവിൻെറ മദ്ധ്യസ്ഥശക്തിയെയല്ലയോ വിളിച്ചറിയിക്കുന്നതു? ദിവ്യരക്ഷകൻ കുരിശിൽ തൂങ്ങിക്കിടക്കയിൽ "ഇതാ നിൻെറ അമ്മ!" എന്നു യോഹന്നാനെ നോക്കി അരുളിച്ചെയ്തതു ഏററവും അർത്ഥദ്യോതകമായിരുന്നെന്നും തദ്വാരാ മനുഷ്യവർഗ്ഗം മുഴുവനും മാതാവിനു ഭരമേല്പിക്കപ്പെട്ടുവെന്നുംസഭാപിതാ

## പരേതനായ

Cpl. ജോസഫ് C. A., വലവൂർ



കുടക്കച്ചിറപ്പള്ളി ഇടവകയിലെ ഒരു പുരാതന കുടുംബമായ ചെമ്പുകട്ടിക്കൽ പൈലൊ ആഗസ്തി അവർകളുടെ കനിഷ്ഠപുത്രൻ, Cpl. ജോസഫ് സി. എ. (ഇൻഡ്യൻ എയർഫോഴ്സു്) 1950 ഫെബ്രുവരി 3-ാംനു- വെള്ളിയാഴ്ച രാവിലെ 5-30-നു് അംബാല മിലിററി ഹോസ്പിററലിൽവച്ചു്, 27-ാമത്തെവയസ്സിൽ വൊമിററിംഗ് (Vomitting) രോഗത്താൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതൻെറ ആത്മശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R. I. P.

(By his loving Brothers)

രണ്ടു പുതിയ പുസ്തകങ്ങൾ
"കാൽവരിയിലേയ്ക്കു"
"ആരാധനസ്തവങ്ങൾ"
"വിയാസാഗ്"യ്ക്കും, ആരാധനയ്ക്കും പററിയ പാട്ടുകൾ
സംഗീതത്തിലൂടെ ആത്മാവിനെ ഭക്തിയിൽ ലയിപ്പിക്കുന്ന
ഗീതാസുമങ്ങൾ By റവ്. ജെ. പെ.
മാനേജർ,
എൽ. എഫ്. പ്രസ്സ്, മഞ്ഞുമ്മൽ

## പ്രസിഡണ്ടിൻെറ കൃതജ്ഞത

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഇൻഡ്യൻ യൂണിയൻ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദിനു് അയച്ച അനുമോദന സന്ദേശത്തിനു താഴെ ചേർക്കുന്ന മറുപടി ലഭിച്ചിരിക്കുന്നു: അങ്ങയുടെയും കത്തോലിക്കാ സമുദായത്തിൻെറയും ദയാപൂർവ്വമായ അനുമോദനങ്ങൾക്കു് എൻെറ ഹൃദയംഗമമായ കൃതജ്ഞത. ഞാൻ അവയെ അത്യധികം വിലമതിക്കുന്നു.

---

ക്കന്മാർ പഠിപ്പിക്കുന്ന അല്ലെങ്കിൽ ഹിന്ദുപാരമ്പര്യത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സിദ്ധാന്തമാണെന്നു ന്യായമായി ഊഹിക്കാവുന്നതാണു്.

പിതാവിനോടു നാം പ്രാർത്ഥിക്കുന്നതെല്ലാം നമുക്കു ലഭിക്കുമെന്നു ഈശോ അരുളിച്ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. പിതാവിനോടു പ്രാർത്ഥിപ്പാൻ നമുക്കു സർവ്വസ്വാതന്ത്ര്യമുണ്ടെന്നുള്ളതും വാസ്തവം. എന്നാൽ, ആ പ്രാർത്ഥന കന്യകാമറിയവും വിശുദ്ധന്മാരുംവഴി പിതാവിൻെറ പക്കൽ സമർപ്പിച്ചുകൂടെന്നു ഈശോ അരുളിച്ചെയ്തിട്ടില്ല. കൊന്തനമസ്കാരത്തിൽ ഒരു "ആകാശങ്ങളിലിരിക്കുന്ന" ജപം ചൊല്ലിയശേഷം പത്തു "നന്മനിറഞ്ഞമറിയം" ചൊല്ലുന്നു. പക്ഷേ, ആ "നന്മനിറഞ്ഞമറിയ"ത്തിൽ മാതാവുവഴി പിതാവിൻെറ സഹായം തേടുകയാണു ചെയ്യുന്നതു്. "ഇപ്പോഴും ഞങ്ങളുടെ മരണനേരത്തിലും തമ്പുരാനോടു പ്രാർത്ഥിച്ചുകൊള്ളേണമേ" എന്നാണല്ലോ ആ ജപത്തിൻെറ അവസാനഭാഗം.

ഈദൃശമായ മദ്ധ്യസ്ഥപ്രാർത്ഥന നമ്മുടെ പ്രാർത്ഥനയെ കൂടുതൽ ഫലസമ്പന്നമാക്കിത്തീർക്കുന്നു. കാരണം കന്യകാമറിയത്തിൻെറയും മററു വിശുദ്ധരുടെയും പുണ്യയോഗ്യതകൾ നമ്മുടെ പ്രാർത്ഥനകൾക്കു താങ്ങും തണലുമായിത്തീരുന്നു. അവരുടെ യോഗ്യതകൾ ഓർത്തിട്ടെങ്കിലും, ബലഹീനരായ നമ്മുടെ പ്രാർത്ഥനകൾ സാധിച്ചുതരുന്നതിനു ദൈവത്തിനു കനിവുണ്ടാകണമെന്നാണു നമ്മുടെ പ്രാർത്ഥനയുടെ അന്തരാർത്ഥം. വിശുദ്ധർ വഴി നമ്മുടെ പ്രാർത്ഥനകൾ സാധിച്ചുതന്നുകൊണ്ടു് അവരെ ബഹുമാനിക്കണമെന്നും അവിടുന്നു ആഗ്രഹിക്കുന്നുണ്ടു് (1949 ഡിസംബർ 21-ാം തീയതിയിലെ വിമർശനവീഥിയിൽ ഈ സംഗതി വിശദീകരിച്ചിരുന്നു.) പരിശുദ്ധ കന്യകാമറിയത്തിൻെറയും മററു വിശുദ്ധരുടെയും മാദ്ധ്യസ്ഥംവഴി സംഭവിച്ചിട്ടുള്ളതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ അത്ഭുതങ്ങൾ ഇതിനു പ്രത്യക്ഷമായ തെളിവാണു്. ഇക്കൊല്ലം തന്നെ മാർപ്പാപ്പാ തിരുമേനി 11 പേരെ വിശുദ്ധർ എന്നും 5 പേരെ സിദ്ധർ എന്നും നാമകരണം ചെയ്യുന്നുണ്ടു്. ഒരാളെ സിദ്ധൻ എന്നു പേർ വിളിക്കുന്നതിനു് അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം വഴി സംഭവിച്ച രണ്ടത്ഭുതങ്ങൾ അനിഷേധ്യമായ വിധത്തിൽ തെളിയിക്കപ്പെടണം. പിന്നീടു രണ്ടത്ഭുതങ്ങൾകൂടി തെളിയിക്കപ്പെട്ടെങ്കിൽമാത്രമേ പുണ്യവാൻ എന്നു പേർ വിളിക്കപ്പെടുകയുള്ളു. ഏററവും നിഷ്കർഷമായ അന്വേഷണങ്ങൾക്കുശേഷംമാത്രമേ ഒരു സംഭവം അത്ഭുതമെന്നു വിധിക്കപ്പെടുകയുള്ളു. എന്നിട്ടു കൊല്ലംതോറും അഞ്ചെട്ടുപേരെങ്കിലും സിദ്ധർ എന്നോ, വിശുദ്ധർ എന്നോ നാമകരണം ചെയ്യപ്പെടാതിരിക്കുകയില്ല. ആകയാൽ വിശുദ്ധരുടെ മാദ്ധ്യസ്ഥംവഴി ധാരാളം അത്ഭുതങ്ങൾ നടക്കുന്നുണ്ടെന്നുള്ളതു തീർച്ചതന്നെ. വിശുദ്ധരുടെ സഹായം വിശ്വാസികൾ തേടുന്നതു ഫലപ്രദമാകുന്നുണ്ടെന്നുള്ളതിനു പ്രത്യക്ഷ തെളിവുകളല്ലയോ ഈ അത്ഭുതങ്ങൾ? പരിശുദ്ധ കന്യകാമറിയത്തോടും മററും പ്രാർത്ഥിക്കുന്നതു. ചോദ്യകാരൻ വാദിക്കുന്നതുപോലെ തെറാണെങ്കിൽ ഏതാദൃശ പ്രാർത്ഥനകൾക്കു അത്ഭുതങ്ങൾ മുഖേന തന്നെ ഫലമുളവാക്കാൻ ദൈവം സന്നദ്ധനാകുമോ?

വേദപുസ്തകംമാത്രം വിശ്വാസത്തിൻെറ ആധാരമായി പരിഗണിക്കുകയും സഭാപാരമ്പര്യത്തെ അവഗണിക്കുകയും ചെയ്യുന്ന ക്രിസ്തീയസഹോദരന്മാർക്കു കന്യകാമറിയത്തോടും മററു വിശുദ്ധരോടുള്ള പ്രാർത്ഥനയുടെ ആവശ്യകത ദുർഗ്രഹമായിരിക്കുന്നതിൽ ഞങ്ങൾക്കു് ആശ്ചര്യമില്ല. ആകയാൽ ഞങ്ങൾ ആവർത്തിച്ചു പറയുന്നു, വിശ്വാസസത്യങ്ങൾ ഏവയെന്നു ഗ്രഹിക്കുന്നതിനു സഭാപാരമ്പര്യത്തേയും സൂക്ഷ്മമായി പരിശോധിക്കേണ്ടതാണു്; അതിൻെറ വെളിച്ചത്തിലാണു വേദപുസ്തകം വ്യാഖ്യാനിക്കേണ്ടതും.

## പ്രാദേശികവാർത്തകൾ

സുപ്രസിദ്ധ കഥാപ്രസംഗകനായ ശ്രീ ജോസഫ് കൈമാപറമ്പൻ കഴിഞ്ഞ ദിവസങ്ങളിൽ കോട്ടവള്ളിപ്പള്ളി, കൊട്ടാരക്കരപ്പള്ളി, മവാററുപുഴ, ആരക്കുഴ, പനയമ്പാല, വാകത്താനം, ഏറ്റൂർ, കടുത്തുരുത്തി, അറക്കുളം എന്നിവിടങ്ങളിൽ കഥാപ്രസംഗം നടത്തിയതായും അടുത്തുതന്നെ കൊല്ലം, ചേനങ്കരി, കവിയൂർ, മണിമല, തിരുവാങ്കുളം, അതിരമ്പുഴ, കോട്ടയം, കഴക്കൂട്ടം എന്നിവിടങ്ങളിൽ കഥാപ്രസംഗങ്ങൾ നടത്തുവാൻ ക്ഷണിക്കപ്പെട്ടിട്ടുള്ളതായുമറിയുന്നു.

—അന്ത്യാളം പള്ളിയുടെ വജ്രജൂബിലിസ്മാരകമായി ഫാത്തിമാമാതാവിൻെറ നാമത്തിൽ പണിചെയ്യപ്പെട്ടിട്ടുള്ള കപ്പേളയുടെ ആശീർവ്വാദകർമ്മം ഫെബ്രുവരി 4-ാംനു നടത്തിയിരിക്കുന്നു. രാവിലെ പള്ളിയിൽനിന്നും ഫാത്തിമാമാതൃരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം കപ്പേളയിലെത്തിയപ്പോൾ റവ. ഫാ. ജോസഫ് വേഴമ്പതോട്ടം ഒരു പ്രസംഗം ചെയ്തു. ഉച്ചകഴിഞ്ഞു നടത്തിയ പരിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തിൻെറ അവസാനം റവ. ഫാ. സിറിയക് ഇരുത്തുമാലിൽ പ്രസംഗിച്ചു. പിറേറദിവസം രാവിലെ 5 മണി മുതൽ വൈകുന്നേരം 6 മണിവരെ ജപമാല, മേരികീർത്തനങ്ങൾ ആദിയായ ഭക്തകൃത്യങ്ങൾ നടത്തപ്പെട്ടു. വി. കുർബാനയുടെ വാഴ്വു്, റവ. ഫാ. ജോസഫ് തെക്കേക്കുററിയുടെ പ്രസംഗം എന്നിവയോടുകൂടി ചടങ്ങുകൾ സമാപിക്കപ്പെട്ടു.

—പോരാമ്പ്ര പള്ളിയിലെ മരിയാസഖ്യം, കത്തോലിക്കാ പ്രവർത്തനസഖ്യം, വിൻസെൻറ് ഡി പോൾ സഖ്യം എന്നിവയുടെ സംയുക്ത വാർഷികം ഫെബ്രുവരി 5-ാംനു റവ. ഫാ. എബ്രാഹം വടക്കേരി എം. എസ്സി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ എ. സി. റപ്പായി പ്രസംഗിച്ചു. യോഗാനന്തരം ജീവനം എന്ന പ്രഹസനം മരിയാസഖ്യത്തിലെ ബാലികാംഗങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി.

—എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജ്ദിനം ഫെബ്രുവരി 11-ാംനു റവ. ഫാ. മർഫി എസ്. ജെ. എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കോളേജിനു ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടു് ശ്രീ അലക്സാണ്ടർ പറമ്പിത്തറ എം. എ. പ്രസംഗിച്ചു.

—തേവര സേക്രഡ്ഹാർട്ട് ഹൈസ്കൂളിൻെറ രജതജൂബിലി ഫെബ്രുവരി 10 മുതൽ 12 വരെ തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. 10-ാംനു പള്ളിയാഘോഷമുണ്ടായിരുന്നു. 11-ാംനു റവ. മോൺ. മാത്യു പോത്തനാമൂഴി പിഎച്ച്. ഡി. ഡി. ഡി. ആഘോഷങ്ങൾ ഉൽഘാടനം ചെയ്തു. തന്നേദിവസം കോളേജ് അദ്ധ്യാപകാദ്ധ്യക്ഷൻ പെ. ബ. പ്രിയോരച്ചനെ സന്ദർശിച്ചു് മംഗളമാശംസിച്ചു. ശനിയാഴ്ച നടത്തിയ പൂർവ്വവിദ്യാർത്ഥി സമ്മേളനത്തിൽ കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ പി. എ. ഭാസ്കരൻ ബി. എ. ഡി. എസ്. എസ്. എ., ശ്രീ കെ. സി. പീററർ എം. എ. എൽ എൽ ബി. പ്രസംഗിക്കുകയും ചെയ്തു. ഞായറാഴ്ച കൂടിയ പൊതുയോഗത്തിൽ ചീഫ് ജസ്റ്റിസ് ശ്രീ സി. കുഞ്ഞിരാമൻ ബി. എ. ബി. എൽ. ബാർ-അററ്-ലാ ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ എം. വി. പോൾ ബി. എ. ബി. എൽ., ശ്രീ ഇ. പി. വറുഗീസ് എം. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—എറണാകുളം തിരുഹൃദയ പെററി സെമിനാരിയിലെ സാഹിത്യസമാജത്തിൻെറ വാർഷികം ഫെബ്രുവരി 11-ാംനു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

—പുളിക്കാറിച്ചിയിൽ പുതുതായി ആരംഭിച്ച "ലേഡി ഓഫ് മെഴ്സിസ്" കോൺവെൻറ് ഹൈസ്കൂൾ, ഇതുവരെ നടത്തിവന്ന താല്ക്കാലികകെട്ടിടത്തിൽനിന്നും സ്ഥലത്തെ പ്രകൃതിരമണീയമായ ചെമ്പകപ്പാറ മണൽക്കുന്നിൽ പണിതീർത്തിരിക്കുന്ന മനോഹരമായ കെട്ടിടത്തിലേക്കു മാററി സ്ഥാപിച്ചിരിക്കുന്നു. അതിൻെറ ഉൽഘാടനം ഫെബ്രുവരി 2-ാംനു നിർവ്വഹിക്കപ്പെട്ടു.

—ഇടമ്പയിൽ സ്ഥാപിതമായിരിക്കുന്ന "സഹോദരസമിതി വായനശാല"യുടെ ഉൽഘാടനകർമ്മം ഫെബ്രുവരി 6-ാംനു വികാരി റവ. ഫാ ദബ്രസ്സീർഫെർണാൻറസ് നിർവ്വഹിച്ചിരിക്കുന്നു.

പരേതനായ

## ഫാദർ മാളേയ്ക്കൽ

അമ്പഴക്കാട്ടു പള്ളിവികാരിയും വയനാലമഠം കപ്പേളാനുമായിരുന്ന മാളേയ്ക്കൽ പെ ബ. യൗസേപ്പച്ചൻ ഫെബ്രുവരി 6-ാംനു നിര്യാതനായ വിവരം പ്രസ്താവിച്ചിരുന്നല്ലോ. വയനാലമഠം കപ്പേളയിലും അമ്പഴക്കാട്ടു ഫൊറോനാപള്ളിയിലും വച്ചു നടത്തിയ മതകർമ്മങ്ങൾക്കു, നഗരികാണിക്കലിനും ശേഷം ശവമഞ്ചം അമ്പഴക്കാട്ടു പള്ളിച്ചുവവിൽ, അലങ്കരിച്ച ലോറിയിൽ സ്ഥാപിച്ചു ബാൻറുവാദ്യത്തോടുകൂടി പരേതൻെറ സ്വദേശമായ പുത്തൻചിറയിലേക്കു സംവഹിക്കപ്പെട്ടു. 8-ാംനു കാലത്തു തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ട സംസ്കാരചടങ്ങുകളിൽ 60-ൽപ്പരം വൈദികരും ഒരു വലിയ ജനക്കൂട്ടവും സംബന്ധിച്ചിരുന്നു. മൃതദേഹം ഇടവകദേവാലയത്തിൽതന്നെ സംസ്കരിക്കപ്പെട്ടു്. റവ. ഫാ. സിറിയക് ബി. എ. ചരമപ്രസംഗം നടത്തി.

പരേതൻ പുത്തൻചിറയിലെ പ്രസിദ്ധമായ മാളേയ്ക്കൽകുടുംബത്തിൽ 1880-ൽ ജാതനായി പുത്തൻപള്ളി സെമിനാരിയിൽ വച്ചു് 1908-ൽ പുരോഹിതപട്ടം സ്വീകരിച്ചു. മാലക്കുടി, ഒല്ലൂർ മുതലായ പല പള്ളികളിൽ വികാരിയായും പല മഠങ്ങളിൽ കപ്ലാനായും അദ്ദേഹം ജോലിനോക്കിട്ടുണ്ടു്. തൃശ്ശൂർ രൂപതാകോൺസിലിലെ ഒരംഗവും കൂടിയായിരുന്നു പരേതൻ. ഈ വന്ദ്യവൈദികൻെറ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളുന്നു. R. I. P.

## ഇന്ത്യാവാർത്തകൾ


ലണ്ടനിലെ പ്രിവികൗൺസിലിലുള്ള ഇൻഡ്യൻ ജുഡീഷ്യൽ അപ്പീലുകൾ ഫെബ്രുവരി 7-ാംനു ഔപചാരികമായി അവസാനിപ്പിച്ചിരിക്കുന്നു.

—വെമ്മക്കു് കോമൺവെൽത്തുരാഷ്ട്രങ്ങൾ സഹായം നൽകുന്നകൂട്ടത്തിൽ ഇൻഡ്യ 1 ലക്ഷംപവൻ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

—മോട്ടോർവാഹനങ്ങൾ ഇൻഡ്യയിൽതന്നെ നിർമ്മിക്കണമെന്നുള്ള കേന്ദ്രഗവൺമെൻറിൻെറ ഉദ്ദേശമനുസരിച്ചു് വിദേശങ്ങളിൽനിന്നും കാർ ഇറക്കുമതിചെയ്യുന്നതിനെ നിരോധിക്കാൻ തീരുമാനിച്ചിരിക്കുന്നു.

—സാമ്പത്തികസംയോജനം സംബന്ധിച്ചു് ന്യൂഡൽഹിയിൽവച്ചു നടന്ന നാട്ടുരാജ്യധനകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്തിരിക്കുന്നു. സാമ്പത്തികസംയോജനം ഏപ്രിൽ 1-ാംനു മുതൽ നടപ്പിൽവരുന്നതും 5 കൊല്ലത്തേക്കു നിലവിലിരിക്കുന്നതുമാണു്. ആദായനികുതി, റെയിൽവെ, സെൻട്രൽ എക്സൈസ്, ചുങ്കം എന്നിവ കേന്ദ്രഗവൺമെൻറിലേക്കു വിട്ടുകൊടുക്കേണ്ടതും കേന്ദ്രഗവൺമെൻറു നഷ്ടപരിഹാരം നല്കുന്നതുമാണു്. ഏപ്രിൽ 1-ാംനു മുതൽ സ്റ്റേറ്റുഫോഴ്സ് കേന്ദ്രഗവൺമെൻറിൻെറ കീഴിലായിരിക്കുന്നതും മിലിറററിപെൻഷൻ കേന്ദ്രഗവൺമെൻറു നല്കുന്നതുമായിരിക്കും. ഐക്യസംസ്ഥാനത്തെ നാണയങ്ങളെല്ലാം കേന്ദ്രഗവൺമെൻറു പിൻവലിക്കുന്നതാണു്. അഞ്ചൽവകുപ്പു് ഏജൻസിവ്യവസ്ഥയിൽ ഇൻഡ്യാഗവൺമെൻറു് ഏറെറടുക്കുന്നതും അഞ്ചൽജീവനക്കാരെ കേന്ദ്രസർവ്വീസിൽ സ്വീകരിക്കുന്നതുമാണു്. അക്കൗണ്ടൻറു ജനറലിൻെറ സ്റ്റാഫ് കേന്ദ്രഗവൺമെൻറു സ്റ്റാഫായിത്തീരും. റേഡിയോസ്റ്റേഷനും വിമാനത്താവളവും കേന്ദ്രം ഏറെറടുക്കും.

—കോൺഗ്രസ് പാർലിമെൻററി പാർട്ടിയുടെ ഫെബ്രുവരി 10-ാംനു ഡൽഹിയിൽ വച്ചുകൂടിയ ജനറൽ ബോഡിയോഗത്തിൽ വച്ചു് പാർട്ടിലീഡറായി പണ്ഡിററു് നെഹ്രുവിനേയും ഡെപ്യൂട്ടി ലീഡറായി സർദാർ പട്ടേലിനേയും ചീഫ് വിപ്പായി സത്യനാരായണസിൻഹയേയും ജനറൽ സിക്രട്ടറിമാരായി മി. ബി. ആർ. അംബേദ്കർ ഉൾപ്പെടെ മൂന്നുപേരേയും തിരഞ്ഞെടുത്തിരിക്കുന്നു.




കരപ്രമാണിയായ തോമാച്ചുട്ടൻെറ ഷഷ്ടിപൂർത്തി ആഘോഷിക്കുവാനായി കൂടിയിരുന്ന ദസ്സാരനിരയിൽ ഒരാൾ ചോദിച്ചു: "തോമാച്ചുട്ടനു വീണ്ടും ഒരു ബാല്യനായിപ്പുമത്തു് ജീവിതം പുനരാരംഭിക്കാൻ സാധിക്കുമായിരുന്നെങ്കിൽ തോമാച്ചുട്ടൻ എന്തൊക്കെ ചെയ്യും?"

തോമാച്ചുട്ടൻ: "ഞാൻ ചെറുപ്പം തൊട്ടു് പിസ്സും വളത്തും."

* * *

പ്രിൻസിപ്പാൾ: "എടോ പപ്പൻ! താനൊ എഴുന്നുകൊണ്ടുപോയി പ്രഹസനത്തെ വിട്ടിൽ കൊള്ളത്തതു?"

പപ്പൻ: "സാറിൻെറ വീടന്വേഷിച്ചിട്ടു് കണ്ടുകിട്ടിയില്ല."

പ്രിൻസിപ്പാൾ: "കഴുത! കഴുത! ഒരു കഴുതയെയാണു ഞാൻ പറഞ്ഞയക്കുന്നതു് എന്നറിഞ്ഞിരുന്നെങ്കിൽ, ഞാൻതന്നെ പോകുമായിരുന്നല്ലോ."

* * *

ഫോട്ടോ എടുപ്പിച്ചയാൾ: "ഇതെന്തൊരു ഫോട്ടോ. കരടിയെപ്പോലെ ഇരിക്കുന്നല്ലോ."

ഫോട്ടോഗ്രാഫർ: "അതു, ഫോട്ടോ എടുപ്പിക്കുന്നതിനുമുമ്പു ഓർക്കേണ്ടിയിരുന്നു."

* * *

അനുജത്തി: 25 വയസ്സാകുന്നതുവരെ വിവാഹം കഴിക്കരുതെന്നാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്.

ജ്യേഷ്ഠത്തി: വിവാഹം കഴിക്കുന്നതുവരെ 25 വയസ്സു് ആകരുതെന്നാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്.

# മോൺ: ഫൾട്ടൺ ജെ. ഷീൻ

(വറുഗീസ് ജെ. മാളിയേക്കൽ)

(തുടർച്ച)

കുരുതലുള്ള കത്തോലിക്കർ പ്രാഥമികമായ പല മതകാര്യങ്ങളെക്കുറിച്ചും തങ്ങളുടെ കത്തോലിക്കാബന്ധുക്കളോടോ, സ്നേഹിതരോടോ, അഥവാ ഇടവകയിലെ വൈദികരോടോ വാദപ്രതിവാദങ്ങൾ സൃഷ്ടിപരമായ നിലയിൽ ചെയ്യുക പതിവാണല്ലോ. അങ്ങനെയുള്ള ഏതു സന്ദർഭങ്ങളിലും വിനീതമതിയായി സംബന്ധിച്ച് സംശയാലുക്കൾക്ക് അതിരു നിവൃത്തിവരുത്തിക്കൊടുക്കുന്നതിൽ മോൺ: ഷീൻ സർവ്വദാ ജാഗരൂകത പ്രദർശിപ്പിച്ചുപോരുന്നു.

തൻെറ മാനസാന്തരവേലയുടെ കണക്കുകൾ ഒന്നും അദ്ദേഹം സൂക്ഷിക്കാറില്ല. അല്ലായിരുന്നെങ്കിൽ മതപ്രചരണവിഷയത്തിൽ തനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിജയത്തിൻെറ ആക്കെത്തുക അദ്ദേഹത്തെ പ്രലോഭിതനാക്കിത്തീർക്കാനിടയുണ്ടെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അത്ര വലുതാണതു്. എങ്കിലും ഈസ്റ്റർ, ക്രിസ്മസ്സ് തുടങ്ങിയ വിശേഷദിവസങ്ങളിൽത്തന്നെ പത്തും അൻപതും, സാധാരണയായി അരഡിനമെന്നാണം കുറഞ്ഞപക്ഷം പത്തും മാനസാന്തരങ്ങൾ. അഭ്യസ്തവിദ്യരായ എണ്ണപ്പെട്ടവരുടേതുൾപ്പെടെ അദ്ദേഹത്തിൻെറ പ്രവർത്തനഫലമായി സംഭവിച്ചുകൊണ്ടിരിക്കുന്നതായി അദ്ദേഹത്തിൻെറ തന്നെ ചില എഴുത്തുകൾ പ്രമാണരേഖകൾപോലെ തെളിയിക്കുന്നുണ്ടു്.

ഏതാനും സമാജങ്ങളുടെ സന്മാർഗ്ഗോപദേശപ്രഭാഷകനെന്ന നിലയിൽ ബഹുമാനിക്കപ്പെടുന്ന അദ്ദേഹം അതുകൊണ്ടുള്ള മുഴുവൻ പ്രയോജനവും കരസ്ഥമാക്കുകയും അങ്ങനെയും അദ്ദേഹത്തിൻെറ റേഡിയോ ശ്രോതാക്കളുടെ സംഖ്യ ലക്ഷക്കണക്കിനു വദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കഴിഞ്ഞ പത്തിരുപതു സംവത്സരക്കാലത്തേക്ക് "വലിയ ആഴ്ച"യിലെ വിശ്രുത പ്രഭാഷകനെന്ന നിലയിൽ നൂറോളം റേഡിയോ സ്റ്റേഷനുകളിൽനിന്നും അദ്ദേഹം പ്രക്ഷേപണങ്ങൾ നടത്തുകയുണ്ടായി എന്നു പറയുമ്പോൾ അദ്ദേഹത്തിൻെറ ഏതദ്വിഷയകമായ പ്രവർത്തനത്തിൻെറ വൈപുല്യം ഏകദേശമെങ്കിലും ഊഹിക്കാമല്ലോ.

മിക്കവാറും എല്ലാ അമേരിക്കൻ നഗരങ്ങളിലും അദ്ദേഹം പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടുണ്ടു്. ഇപ്പോഴും ചെയ്തുവരുന്നുതാനും.

തൻെറ ചുറുപാടുമുള്ള ഇതരമതവിശ്വാസികളിൽപ്പോലുമുണ്ടായ നാടകീയമായ മാനസികപരിവത്തനങ്ങളും, അതുപോലുള്ള പരസ്നേഹപ്രവത്തനങ്ങളും ഇന്നറിയപ്പെടുന്ന തരത്തിൽ അദ്ദേഹത്തെ സംബന്ധിച്ച് അവിടെ ഒരു ഇതിഹാസംതന്നെ പ്രചരിപ്പിച്ചിട്ടുണ്ടു്.

ആദ്യമായി അമേരിക്കൻ പൊതുജനശ്രദ്ധയെ അദ്ദേഹം ലണ്ടനിലേക്ക് സവിശേഷമായി ആകർഷിച്ചു. 19 5 ൽ വാഷിംഗ്ടൺ ഡോക്ടർ കൂടിയായ ഒരു കോളേജ് വിദ്യാത്ഥി തൻെറ അമ്മാവനോടുകൂടി വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിലെ ഒരു വിശുദ്ധ കമ്മത്തിൽ പങ്കുകൊള്ളുകയായിരുന്നു. മോൺ: ഷീനായിരുന്നു പ്രാസംഗികൻ. അവരെല്ലാം അദ്ദേഹത്തിൻെറ ഹൃദയസ്പൃക്കായ ധമ്മോപദേശം ശ്രദ്ധാപൂവ്വം ശ്രവിച്ചുകൊണ്ടിരുന്നു. ഇംഗ്ലീഷിൻെറ ഏററവും വലിയ സ്തുതിപാഠകനായിരുന്ന അമ്മാവനു് ആ യുവപ്രാസംഗികനോടു് അനല്പമായ താല്പര്യം തോന്നി. "ഈ രാജ്യത്തു് ഇതുപോലെ ഇത്ര മനോഹരമായ മറെറാരു പ്രസംഗം കേൾക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല" എന്നു് അദ്ദേഹം അറിയാതെ പറഞ്ഞുപോയി.

ആ പ്രാസംഗികൻ ആരാണെന്നു് അവർ അന്വേഷിച്ചുതുടങ്ങി. ഒരു ബ: അച്ചൻ, പിയോറിയായിലെ ഫാദർ, ഫൾട്ടൺ ജെ. ഷീൻ | |-ാമൻ ആണു് അദ്ദേഹമെന്നു് അവരെ ഗ്രഹിപ്പിച്ചു. ലൂവെയിൻ യൂണിവേഴ്സിററിയിൽ വച്ചു് എഴുതിയ പ്രബന്ധം വിപുലമായ തോതിൽ വികസിപ്പിച്ചെടുത്തു് ജി. കെ. ചെസ്റ്റർട്ടൻെറ അവതാരികയോടുകൂടി അദ്ദേഹത്തിൻെറ പ്രഥമകൃതിയായി പുറത്തു വന്നിട്ടുണ്ടു്.

മോൺ: ഷീൻ, തന്നെപ്പററി മററുള്ളവർ എഴുതുന്നതിൽ എന്തെങ്കിലും തെററു പററിയാൽത്തന്നെയും ആ തെററു തിരുത്താൻ ശ്രമിക്കുന്നതു് ആ നിലയിൽപ്പോലും പരോക്ഷമായി തന്നെത്തന്നെ വലുതാക്കാനുള്ള ഒരു ശ്രമമല്ലേ എന്നുള്ള ശങ്കകൊണ്ടു് അപ്രകാരം ഒരിക്കലും ചെയ്യാറില്ലായിരുന്നു. പത്രവാർത്തകൾക്കു പലതിരും അങ്ങനെയുള്ള അമളികൾ സംഭവിക്കാറുണ്ടായിരുന്നെങ്കിലും അപ്പോഴൊക്കെയും മേൽപ്പറഞ്ഞ കാരണത്താൽ അദ്ദേഹം മൗനം അവലംബിക്കുകയായിരുന്നു പതിവു്.

ഒരിക്കൽ രണ്ടു മാസികകളിൽ അദ്ദേഹം പിയാനോ വായിക്കുന്നതിൽ സാമത്ഥ്യമുള്ള ഒരുവനാണെന്നു പറഞ്ഞിരുന്നു. തന്നിമിത്തം അദ്ദേഹത്തിൻെറ പ്രശംസകരും അഭ്യുദയകാംക്ഷികളുമായവരിൽനിന്നും ആയിരക്കണക്കിനു് സംഗീത "നോട്ടു"ഷീററുകൾ അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. അദ്ദേഹം ഒരു പിയാനോ വാങ്ങിയിട്ടുള്ളതു വാസ്തവംതന്നെ. പക്ഷേ, വെറും രണ്ടു വിരലുകൾകൊണ്ടു് പിയാനോയുടെ കട്ടകൾ ചലിപ്പിച്ചു് ചില സ്വരങ്ങൾ പുറപ്പെടുവിക്കാനറിയാമായിരുന്നതല്ലാതെ ഒരൊററനോട്ടുപോലും മുഴുവനായി വായിക്കാൻ അദ്ദേഹത്തിനു വശമുണ്ടായിരുന്നില്ല. ഇപ്പോഴും അതിനു വ്യത്യാസം വന്നിട്ടുമില്ല.

സാമാന്യം ഒരു പൊക്കത്തിൽ, 53 വയസ്സുപ്രായം കഴിഞ്ഞിട്ടും പൂണ്ണാരോഗ്യവാനും ചുറുചുറുക്കുള്ള പ്രവത്തകനുമാണദ്ദേഹം. കാലാവസ്ഥ അനുവദിക്കുമ്പോഴൊക്കെയും, ആഴ്ചയിൽ രണ്ടു പ്രാവശ്യം അരമണിക്കൂർവീതം അദ്ദേഹം സമത്ഥമായി ടെന്നിസ് കളിക്കും. കൊളംബിയാ ഗ്രാമക്ലബിൻെറ മൻഭാഗത്താണു് ആ ടെന്നിസ് കോർട്ടു്. അവിടെ നേററിനോടു ചേന്നുനിന്നുകൊണ്ടുതന്നെ അതു ചാടിക്കടക്കുന്നതിനു് അദ്ദേഹത്തിനും കഴിയും.

വശ്രമമില്ലാതെ ജോലി ചെയ്തു നിമിത്തം അഞ്ചു കൊല്ലത്തിനു മുൻപു് ഒരിക്കൽ അദ്ദേഹം ആശുപത്രിയെ അഭയം പ്രാപിക്കേണ്ടിവന്നു. എങ്കിലും അപ്പോഴും അരോഗദൃഢഗാത്രനായ ഒരുവനെപ്പോലെ ശരിയായി നടക്കുവാൻ അദ്ദേഹത്തിനു വിഷമമുണ്ടായിരുന്നില്ല. പുകവലിയാകട്ടെ, മദ്യപാനമാകട്ടെ അദ്ദേഹത്തിന ശഷമില്ല. ഏററവും സൂക്ഷിച്ചും വളരെ മിതമായും മാത്രം അദ്ദേഹം ആഹാരം കഴിക്കുന്നു. അതിരാവിലെ അദ്ദേഹമുണരും. തൻെറ രഹസ്യകപ്പേളയിൽ വി: ബലി അപ്പിക്കും. അനന്തരം സുദീർഘമായ തൻെറ പ്രഭാതജോലികൾ അദ്ദേഹം ആരംഭിക്കുകയായി. വി: കുർബാന അപ്പിക്കുന്നതിനോ, പ്രസംഗങ്ങൾ നടത്തുന്നതിനോ മുൻപായി—സ്വന്ത സ്ഥലത്തുവച്ചാണെങ്കിൽ തൻെറ ചാപ്പലിൽ—യാത്രയിലാണെങ്കിൽ ഏതെങ്കിലും ദേവാലയത്തിൽ അദ്ദേഹം അരമണിക്കൂർ സമയം ധ്യാനനിരതനായി നില്ക്കുന്നതു കാണാം.

അദ്ദേഹം താമസിക്കുന്നതു്, സ്വന്തം ചെലവിൽ ഇഷ്ടികകൊണ്ടു പുതിയ പ്ലാൻ അനുസരിച്ചു നിർമ്മിച്ചിട്ടുള്ള വിശാലമായ മുറികളുള്ള ഒരു കെട്ടിടത്തിലാണു്. ആയതു്, വാഷിംഗ്ടനു് വടക്കു പടിഞ്ഞാറുമാറി ഒഴിഞ്ഞ കോണിലുള്ള തെരുവിൽ "ടോമി കോർക്കി"ൻെറ (Tommy the Cork) മന്ദിരത്തിനു തൊട്ടടുത്താണു്. ശബളവണ്ണാഭമായുള്ള കണ്ണാടികൾകൊണ്ടു് ആ ഗൃഹം ആധുനിക രീതിയിലുള്ള ഏററവും മനോഹരമായ ഒന്നാക്കിത്തീർത്തിട്ടുണ്ടു്. നിലത്തുനിന്നും കറങ്ങിക്കയറേണ്ടുന്ന ഒരു ഗോവണി രണ്ടാം നിലയിലേക്കുള്ള മാർഗ്ഗമാണു്. അതിലുള്ള മൂന്നു കിടപ്പുമുറികളിൽ രണ്ടിലും അമേരിക്കൻ കത്തോലിക്ക് സർവ്വകലാശാലയിലെ "ഫാക്കൽററി" മെമ്പറന്മാരായ രണ്ടു പേർ താമസിച്ചുവരുന്നു.


അവിടത്തെ കപ്പേളയിൽ, വത്തിക്കാനിൽനിന്നും ലഭിച്ചിട്ടുള്ള പ്രത്യേകാനുമതിപ്രകാരം മോൺ: ഷീനും, അദ്ദേഹത്തിൻെറ സഹവൈദികരായ ഫാ: പാട്രിക് സ്ലേവിൻ (സെമിററിക് ഭാഷകളുടെ അസി: പ്രൊഫസർ), തത്വശാസ്ത്രശാഖയിലെ ഫാ: വില്യം ജെ. മാക്ഡൊണാൾഡ് എന്നിവർക്കും വി: പൂജ അപ്പിക്കുന്നതിനും അൾത്താരയിലെ സക്രാരിയിൽ ദിവ്യകാരുണ്യം സൂക്ഷിക്കുന്നതിനും സാധിക്കുന്നുണ്ടു്.

ആ ഭവനവാസികളിൽ മൂന്നു നായ്ക്കളും ഉൾപ്പെടുന്നു. അതിൽ പ്രായവും വലിപ്പവുമുള്ള ഒരു വട്ടപ്പട്ടിയെ "ലോർഡ് കൊളമാൻഡലേ" എന്ന അദ്ദേഹത്തിൻെറ സ്നേഹിതൻ സമ്മാനിച്ചതാണു്. മറെറാന്നു്, വെള്ള പിരന്നീസു വർഗ്ഗത്തിൽപെട്ടതു് അദ്ദേഹംതന്നെ വിലയ്ക്കു വാങ്ങിവളർത്തി വരുന്നു. മൂന്നാമത്തേതു് ഒരു സെൻറ് ബെർണാർഡ് പപ്പി (St. Bernard Puppy). മേർഷെഡ്യൂയാട്ടുകൂടി അദ്ദേഹത്തിൻെറ ഒരാത്മാത്ഥസ്നേഹിതൻ സമ്മാനിച്ചതാണതു്. ഗാലവംശ്യരായ പിറണിസിനോടു വാങ്ങിയ ആ നായ്ക്കു് "സീസർ" എന്നാണു് പേരു്. സെൻറ് ബെർണാർഡ് പപ്പി ഇതിനകം വളന്നു കഴിഞ്ഞിരിക്കുന്നു. അതിനെ മെൻതനിലെ ബെർനാഡ് (Bernard of Menthan) എന്നു വിളിച്ചുവരുന്നു.

"ടെലഫോൺവിളി"യിൽനിന്നും, വിളിക്കാരിൽനിന്നും രക്ഷപ്പെടുന്നതിലേക്കുവേണ്ടി അദ്ദേഹത്തിൻെറ ഫോൺ നമ്പർ ലിസ്റ്റിൽ കൊള്ളിക്കാതെ സൂക്ഷിച്ചിരിക്കുകയാണു്. എന്നാൽ എഴുത്തുമുഖേന ആക്കും അദ്ദേഹത്തെ സമീപിക്കാം. ശരിയായ മേൽവിലാസവും ഒപ്പും ഇല്ലാതെവരുന്ന കത്തു മാത്രമേ അവഗണിക്കപ്പെടാറുള്ളൂ എന്നതു പ്രത്യേകം പ്രസ്താവ്യമത്രേ. (തുടരും)

Traffic Cop: "Come on! What's the matter with you?"

Exasperated Truck Driver: "Oh, I'm well, thanks, but my engine's dead."



കൊററമത്തിപ്പള്ളിയിൽ നടത്തിയ ഏകാന്തധ്യാനത്തിൻെറ അവസാനത്തിൽ എടുത്ത ഫോട്ടോ. ധ്യാനത്തിൽ സംബന്ധിച്ചിരുന്നവക്കു പുറമെ വികാരി റവ. ഫാ. ഫിലിപ്പ് കാനാട്ടിനെയും ധ്യാനഗുരു റവ. ഫാ. മാത്യു മങ്കുഴിക്കരിയേയും ചിത്രത്തിൽ കാണാം.

പുസ്തകാഭിപ്രായം

## ഫിലോമിന അഥവാ ഓമന

(ഖണ്ഡകാവ്യം)

[ഗ്രന്ഥകത്താ: തമ്പിയിൽ നാരായണപിള്ള, സെൻറ് ജോസഫ്സ് പ്രസ്സ്, പാല. വില 10 ണ.]

മഞ്ജരീവൃത്തത്തിൽ 72 ഖണ്ഡികകൾ. ഡയൊക്ലീഷൻ ചക്രവത്തി റോമ്മാസാമ്രാജ്യം ഭരിച്ചിരുന്ന കാലത്തു് ഗ്രീസിലെ സാമന്തൻ കളിയോസ്ലാസ് രാജാവായിരുന്നു. അദ്ദേഹത്തിൻെറ ഏകപുത്രിയുടെ പേരാണു ഫിലോമിനാ. കന്യകയ്ക്കു് കേവലം 13 വയസ്സുമാത്രം പ്രായമായിരിക്കയിൽ, മാതാപിതാക്കന്മാരോടുകൂടി ഉത്സവദശനാത്ഥം റോമായിലേക്കു പുറപ്പെട്ടു.

പ്രഥമവീക്ഷണത്തിൽത്തന്നെ കാമാതുരനായ ചക്രവത്തി, സൗന്ദര്യധാമമായ ഫിലോമിനായെ സ്വപ്രേയസിയാക്കുവാൻ കൊതിച്ചു. കന്യാവ്രതവാഗ്ദാനത്താൽ ചെറുതിലേതന്നെ പ്രതിശ്രുതയായ കന്യാമണിയുടെ പ്രതിഷേധവുംവധവുമാണുകഥയിലെഇതിവൃത്തം.

ഫിലോമിനായുടെ ജീവചരിത്രം ആധാരമാക്കി പല കൃതികളും മലയാളഭാഷയിൽ വിരചിതമായിക്കഴിഞ്ഞിട്ടുണ്ടു്. ഗദ്യത്തിലും പദ്യത്തിലും ഗദ്യപദ്യത്തിലും "ഓമന"യുടെ കഥ ഇതിനകം പലരും വായിച്ചിരിക്കാനിടയുള്ളതാണു്. പക്ഷേ തൽകത്താക്കളെല്ലാം ക്രിസ്ത്യാനികളും, പ്രകൃതകാവ്യം ഒരു ഹിന്ദുവിൻെറ തൂലികാചലനഫലവുമാണെന്നൊരു വ്യത്യാസമുണ്ടു്. സാത്വികകവികൾക്കു് ഉത്തേജനവും ഉന്മേഷവും പ്രദാനംചെയ്യുന്ന കഥയാണു ഫിലോമിനായുടേതു്. ആ സ്ഥിതിക്കു് ഇതിൽ അത്ഭുതപ്പെടുവാനുമില്ല.

ചാരിത്രമാഹാത്മ്യത്തേയും സന്മാഗ്ഗനിഷ്ഠയേയും വിലമതിക്കുന്നവരെല്ലാം ശ്രീമാൻ നാരായണപിള്ളയെ അനുമോദിക്കാതിരിക്കയുമില്ല.

"ചാരിത്രശുദ്ധിയും ഭക്തിവിശ്വാസ
ഏറുമീയോമനതന്നിലെന്നും [വും
ഭക്തരായ് ജീവിതനിർവൃതി നേടു
വിൻ.
നിത്യനാം ക്രിസ്തുവെ വാഴ്ത്തിടുവിൻ."

എന്നങ്ങനെയാണു ശ്രീമാൻ പിള്ളയവർകൾ സ്വകാവ്യം ഉപസംഹരിച്ചിരിക്കുന്നതു്.

ചക്രവത്തിയും സാമന്തപുത്രിയും തമ്മിലുള്ള വാഗ്വാദം അവസാനിക്കുന്ന ഭാഗവും കണ്ടാലും!

"കന്യകയായി ഞാൻ ജീവിക്കും നി
ശ്ചയം
ധന്യയാം മേരിതൻ കാരുണ്യത്താൽ
ക്രിസ്തുവിൻ പാദങ്ങളാണിതു സത്യം
താൻ
വ്യത്യാസം വന്നിടാതെല്ലപോലും."

സൽക്കാര്യത്തിനുപോലും ഇങ്ങനെ ആണയിടാമോയെന്നു് സംശയത്തിനിവിടെ വകനലകുന്നു. എങ്കിലും ആകപ്പാടെ നോക്കുമ്പോൾ, കവിയുടെ പരിശ്രമം വിജയപൂവ്വം പൂത്തിയായിട്ടുണ്ടെന്നു് നിസ്സംശയം അഭിപ്രായപ്പെടാം. ക്രിസ്ത്യാനികൾക്കു് നെററിചുളിക്കാതെതന്നെ ഈ കാവ്യം പാരായണം ചെയ്തു രസിക്കാവുന്നതുമാണു്.

ശ്രീ നാരായണപിള്ളയുടെ കാവ്യത്തിലെ ശബ്ദപ്രൗഢിയും പ്രാസമാധുരിയും രസപൗഷ്കല്യവും ഭാവപ്രകടനവും സംഗീതാത്മകതയും പ്രശംസയെ അർഹിക്കുന്നു. പല ഭാഗങ്ങളും ശ്രവണമസൃണങ്ങളാക്കിത്തീത്തതിൽ കവി അഭിനന്ദനാർഹൻ തന്നെ.

എന്നിരുന്നാലും, ശ്രീമാൻ പിള്ളയ്ക്കു വേണമെങ്കിൽ, ഈ കവിത ഒന്നുകൂടി ആസ്വാദ്യജനകമാക്കാമായിരുന്നില്ലേയെന്നു തോന്നിപ്പോകും ചില ഖണ്ഡങ്ങൾ വായിക്കുമ്പോൾ—

ഈ കൃതി മുദ്രണംചെയ്യിച്ച മെസ്സേഴ്സ് പാലാ കെ. ടി. അബ്രാഹവും പി. ജെ. തോമ്മസും സ്തുത്യർഹമായ ഒരു വ്യവസായമാണു ചെയ്തിട്ടുള്ളതു്. കവിയേയും പ്രസാധകന്മാരെയും അഭിനന്ദിച്ചുകൊള്ളുന്നു. ഏതാദൃശകാവ്യകൃതികൾ ഇനിയും എഴുതിച്ചും പ്രസാധനം ചെയ്തും ക്രിസ്ത്യാനികളുടെ കവിതാഭിരുചിയെ വർദ്ധിപ്പിക്കുവാൻ പ്രസാധകന്മാർ തല്പരന്മാരായി കാണുവാൻ ആഗ്രഹിക്കുന്നു. സി. കെ. എം.

പൈങ്ങോട്ടൂർ
പാദുവാപള്ളിയിൽ
വി. അന്തോനീസിന്റെ
തിരുനാൾ
ഫെബ്രുവരി 19-ാംനു (പേത്രത്താ) ഞായറാഴ്ച
അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നതാണു.
എന്നു
വികാരി

വിമർശനവീഥി

# യുക്തിവാദിസമ്മേളനത്തിലെ യുക്തിഹീനപ്രസ്താവങ്ങൾ

കഴിഞ്ഞ ഡിസംബർ 18-ാംനു മദ്രാസിൽവച്ചു ഇൻഡ്യയിലെ യുക്തിവാദികളുടെ ഒന്നാമത്തെ സമ്മേളനം നടക്കുകയുണ്ടായി. സ്വാഗതപ്രസംഗം ചെയ്ത മിസ്റ്റർ എ. ഡി. രാമനാഥൻ, ഒരു വേദപുസ്തകത്തേയൊ, ഒരാളെയൊ, ഒരു പാരമ്പര്യത്തെയൊ പ്രാമാണ്യമാക്കി പറയപ്പെടുന്നതു ഒരു വിശ്വാസപ്രകാരണത്താൽ സ്വീകരിക്കുകമാത്രം ചെയ്യുന്നതിനുപകരം പരിശോധിക്കാനും ന്യായവാദംചെയ്യാനും കാരണങ്ങൾ ചോദിക്കാനുമുള്ള ഓരോ മനുഷ്യന്റേയും മൗലികമായ അവകാശം അംഗീകരിക്കപ്പെടേണ്ടതാണെന്നു പ്രസ്താവിക്കുകയുണ്ടായി. സർ ആർ. പി. പരാഞ്ചിപ്പെയെ അദ്ധ്യക്ഷസ്ഥാനത്തേക്കു ക്ഷണിച്ച മി. എച്ചു. ഡി. രാജാ, മാനുഷികകാര്യങ്ങൾ നടത്തപ്പെടേണ്ടതു യുക്തിയുടെ മാർഗ്ഗരേഖയാൽ മാത്രമായിരിക്കണമെന്നും വിശ്വാസസത്യങ്ങളാൽ (Dogma) ആയിരിക്കരുതെന്നുമുള്ളതും ഏററവും അത്യാവശ്യകമാണെന്നു പ്രസ്താവിച്ചു. ഡാ. പരാഞ്ചിപ്പെ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ, ഒരു ഗ്രന്ഥത്തിന്റെയൊ ഒരു മതാദ്ധ്യക്ഷന്റെയൊ വാക്കു പ്രമാണിച്ചുമാത്രവും യുക്തിയുടെ പരിശോധനയ്ക്കു വിധേയമാക്കാതെയും യുവജനങ്ങളെക്കൊണ്ടു തത്വോപദേശങ്ങൾ സ്വീകരിപ്പിക്കുന്നതിനെ അപലപിച്ചു. ഈ ആശയങ്ങൾതന്നെ സമ്മേളനത്തിൽ പാസാക്കിയ പ്രമേയങ്ങളിലൊന്നിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

### യുക്തിവാദികളുടെ അജ്ഞത

മതക്കാർ പ്രായേണ അവർ പ്രാമാണികമായി ഗണിക്കുന്ന വേദപുസ്തകത്തിന്റെയൊ മതാദ്ധ്യക്ഷന്റെയൊ വാക്കുകളെ ആധാരമാക്കി പലതും വിശ്വസിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. ഈ ആക്ഷേപം യുക്തിവാദികൾതന്നെയും പ്രധാനമായി പുറപ്പെടുവിക്കുന്നതു കത്തോലിക്കാമതാനുസാരികളെപ്പററിയാണു. ഈ പ്രാസംഗികന്മാർ കത്തോലിക്കരെ നാമം പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലെങ്കിലും അവരുടെ ആക്ഷേപം കത്തോലിക്കരുടെ മതവിശ്വാസത്തെപ്പററിയാണെന്നു ഊഹിക്കുന്നതിൽ തെററുണ്ടായിരിക്കുകയില്ല. ആകയാൽ ഇവരുടെ ആക്ഷേപം കത്തോലിക്കരുടെ മതവിശ്വാസത്തിനു യഥാർത്ഥത്തിൽ ബാധകമാണോ എന്നു പരിശോധിക്കാം.

കത്തോലിക്കർ അവരുടെ വേദപുസ്തകം ദൈവനിവേശിതമായ ഗ്രന്ഥമാണെന്നു വിശ്വസിക്കുന്നു. തന്മൂലം അവയിലടങ്ങിയിരിക്കുന്ന തത്വോപദേശങ്ങൾ ദൈവത്തിന്റെ അരുളപ്പാടായി അവർ വിശ്വസിക്കുന്നു. കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാ ദൈവവെളിപാടു പഠിപ്പിക്കുന്നതിൽ അപ്രമാദിത്വവരം ലഭിച്ചിട്ടുള്ളവനാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. തന്മൂലം ദൈവവെളിപാടു സംബന്ധിച്ചുള്ള മാർപ്പാപ്പായുടെ വിധിപ്രസ്താവങ്ങളെ അവർ വിശ്വസിക്കുന്നു. എന്നാൽ കത്തോലിക്കരുടെ ഈ വിശ്വാസം യുക്തിപൂർവ്വകമല്ലെന്നു, യുക്തി ഉപയോഗിച്ചുള്ള പരിശോധനയുടെയും ന്യായവാദത്തിന്റെയും ഫലമായി യഥാർത്ഥത്തിൽ സ്വീകാര്യമെന്നു ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതാണെന്നും, ആരെങ്കിലും ആക്ഷേപിച്ചാൽ അയാളുടെ അജ്ഞതയെപ്പററി പരിതപിക്കുകയേ നിവൃത്തിയുള്ളു. ആക്ഷേപകന്മാർ ആദ്യം ചെയ്യേണ്ടതു കത്തോലിക്കരുടെ പ്രസ്തുതവിശ്വാസം യുക്തിയെ ആധാരമാക്കിയിട്ടുള്ളതാണോ എന്നു അന്വേഷിക്കുകയാണു; തങ്ങളുടെ വിശ്വാസത്തിനു ആധാരമായി കത്തോലിക്കർ സ്വീകരിക്കുന്ന യുക്തി സാധുവാണോ എന്നു ആക്ഷേപകന്മാർ ന്യായവാദം ചെയ്യേണ്ടതാണു. ഇതു രണ്ടും ചെയ്യാത്തവർ യുക്തിയുടെ നാമത്തിൽ, മനുഷ്യന്റെ മൗലികാവകാശത്തിന്റെ നാമത്തിൽ, പ്രസ്തുതപ്രസംഗങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ ചെയ്യുന്നില്ലെന്നാണു തെളിയുന്നതു. അങ്ങനെ ചെയ്യാതെയുള്ള ആക്ഷേപങ്ങൾ കേവലം അജ്ഞതയുടെ ഫലം മാത്രമാകുന്നു. കത്തോലിക്കരുടെ വിശ്വാസത്തിന്റെ ശരിയായ സ്വഭാവത്തെപ്പററി കേവലം അജ്ഞന്മാരായിരുന്നുകൊണ്ടാണു ഈ പ്രാസംഗികന്മാർ അതിനെ ആക്ഷേപിക്കുന്നതു.

### കത്തോലിക്കാവിശ്വാസത്തിന്റെ യുക്തി

ഒരു നല്ല വൈദ്യന്റെ ചികിത്സയിൽ രോഗി വിശ്വസിക്കുന്നു. ഒരു നല്ല അദ്ധ്യാപകന്റെ ബോധനത്തിൽ വിദ്യാർത്ഥി വിശ്വസിക്കുന്നു. ഒരു നല്ല വക്കീലിന്റെ ഉപദേശത്തിൽ കക്ഷി വിശ്വസിക്കുന്നു. ഒരു നല്ല ബസ്സ് ഡ്രൈവരുടെ നേതൃത്വത്തിൽ യാത്രക്കാർ വിശ്വസിക്കുന്നു ഈ വിശ്വാസങ്ങൾ സാമാന്യേന യുക്തിയുക്തങ്ങളാണെന്നു സമ്മതിക്കപ്പെടുന്നുമുണ്ടു. വൈദ്യൻ വിധിക്കുന്ന ചികിത്സയുടെ ഗുണദോഷങ്ങളെ സ്വന്തം യുക്തി ഉപയോഗിച്ചു പരിശോധിക്കാനും അവയെപ്പററി ന്യായവാദംചെയ്തു ബോദ്ധ്യപ്പെടുവാനും തനിക്കു കഴിയുന്നതുകൊണ്ടല്ല രോഗി അതിൽ വിശ്വസിക്കുന്നതു. പ്രസ്തുത വൈദ്യനു ആ ചികിത്സയുടെ ഗുണദോഷങ്ങളെപ്പററി അറിയാമെന്നും അറിവനുസരിച്ചു അദ്ദേഹം പ്രവർത്തിക്കുമെന്നും മററുമുള്ള ബോദ്ധ്യമേ രോഗിക്കുള്ളു. ഈ ബോദ്ധ്യം രോഗിക്കുണ്ടാകുന്നതുതന്നെ സ്വന്തം പരിശോധനയുടെയും യുക്തിവാദത്തിന്റെയും ഫലമായിട്ടല്ല. വിദഗ്ദ്ധരും സത്യസന്ധന്മാരും മററുമായ ആളുകൾ സാമാന്യേന ആ വൈദ്യനെ ചികിത്സയ്ക്കു കൊള്ളുന്നവനായി സ്വീകരിച്ചുപോരുന്നുണ്ടെന്നുള്ള വസ്തുതയാണു രോഗിയുടെ വിശ്വാസത്തിനാധാരം. അദ്ധ്യാപകനെ വിദ്യാർത്ഥിയും, വക്കീലിനെ കക്ഷിയും, ബസ്സ് ഡ്രൈവരെ യാത്രക്കാരും വിശ്വസിക്കുന്നതിനെപ്പററിയും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. ഇവരാരും സ്വന്തം പരിശോധനയുടെയും ന്യായവാദത്തിന്റെയും ഫലമായിട്ടല്ല, പ്രസ്തുത പൊതുജനസമ്മതിയെ ആധാരമാക്കിയാണു വിശ്വാസം അർപ്പിക്കുന്നതു. ആ വിശ്വാസം യുക്തിയുക്തമാണെന്നു മനുഷ്യർ സമ്മതിക്കുകയും ചെയ്യുന്നു.

### ദൈവവിശ്വാസം

യുക്തിജന്യങ്ങളായ ന്യായങ്ങളാൽ മാത്രം പുരുഷോത്തമനായ ഏക ദൈവമുണ്ടെന്നു അനിഷേദ്ധ്യമായി തെളിയുന്നുണ്ടു. ഭൂമിയിൽ ജീവിച്ചിട്ടുള്ള മഹാചിന്തകന്മാരിലും പണ്ഡിതന്മാരിലും വലിയ ഭൂരിപക്ഷം ഈ ന്യായങ്ങളാൽ ബോദ്ധ്യപ്പെട്ടു ദൈവത്തിൽ വിശ്വസിച്ചിട്ടുള്ളവരാണു. ചിന്തകന്മാരിലും പണ്ഡിതന്മാരിലും ഒരു വിഭാഗം ദൈവത്തിൽ വിശ്വസിക്കുന്നവരല്ലെന്നുള്ളതുകൊണ്ടു പ്രസ്തുത ന്യായങ്ങൾ അസാധുക്കളെന്നോ, ദുർബലങ്ങളെന്നോ അനുമിക്കേണ്ടതില്ല. ദൈവവിശ്വാസികളല്ലാത്ത ഈ കൂട്ടരിൽ പലരും പ്രസ്തുത ന്യായങ്ങൾ അറിഞ്ഞിട്ടില്ലാത്തവരോ തെററിദ്ധരിച്ചിട്ടുള്ളവരോ ആണെന്നുള്ളതു ഒരു വസ്തുതമാത്രമാണു. ദൈവവിശ്വാസിയായ ഓരോ സാമാന്യമനുഷ്യനും പ്രസ്തുത ന്യായങ്ങൾ ശരിയായി ഗ്രഹിക്കുകയോ അവയ്ക്കെതിരേയുള്ള ആക്ഷേപങ്ങൾക്കു സമാധാനം പറയുകയോ ചെയ്യുവാൻ കഴിവുള്ളവനായിരിക്കണമെന്നില്ല. വൈദ്യന്റെ വാക്കിനെ രോഗിയും, അദ്ധ്യാപകന്റെ വാക്കിനെ വിദ്യാർത്ഥിയും, വക്കീലിന്റെ വാക്കിനെ കക്ഷിയും, ബസ്സ് ഡ്രൈവരുടെ വാക്കിനെ യാത്രക്കാരും എന്നപോലെ തത്വജ്ഞന്മാരായ ദൈവവിശ്വാസികളുടെ വാക്കിനെ ആധാരമാക്കി അവനു ദൈവത്തിൽ വിശ്വസിക്കാവുന്നതാണു. ആ വിശ്വാസം അവന്റെ നിലയിൽ യുക്തിയുക്തമായിരിക്കും. ലൗകികകാര്യങ്ങളിൽ മനുഷ്യരുടെ വിശ്വാസം യുക്തിയുക്തമെന്നു ഈ തോതനുസരിച്ചു ന്യായമായി പറയാമെങ്കിൽ മതകാര്യങ്ങളിലുള്ള വിശ്വാസവും എന്തുകൊണ്ടു യുക്തിയുക്തമെന്നു പറഞ്ഞുകൂടാ?

### ക്രിസ്തുമതവിശ്വാസം

ക്രിസ്തു ഏക ദൈവാവതാരമാണെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതും യുക്തി ഉപയോഗിച്ചുള്ള പരിശോധനയുടെയും ന്യായവാദത്തിന്റെയും ഫലമായിട്ടാണു. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായിട്ടടങ്ങിയ സുവിശേഷഗ്രന്ഥങ്ങൾ സാക്ഷാൽ ചരിത്രഗ്രന്ഥങ്ങളാണെന്നും, തന്മൂലം അവയിൽ വിവരിക്കപ്പെട്ടിട്ടുള്ള ക്രിസ്തുവിന്റെ അത്ഭുതങ്ങൾ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളവയാണെന്നും, ദൈവശക്തികൂടാതെ പ്രകൃത്യതീതങ്ങളായ അത്തരം ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ലെന്നും, തന്മൂലം സ്വശക്തിയുപയോഗിച്ചു ആ പ്രവൃത്തികൾ ചെയ്ത ക്രിസ്തു മനുഷ്യപ്രകൃതിയോടുകൂടി അവതാരം ചെയ്ത ദൈവംതന്നെയാണെന്നും ചരിത്രലക്ഷ്യങ്ങൾ ഉൾപ്പെടെയുള്ള യുക്തിജന്യങ്ങളായ ന്യായങ്ങളാൽ തെളിയുന്നുണ്ടു. ഈ ന്യായങ്ങൾ പഠിച്ചറിഞ്ഞു ബോദ്ധ്യപ്പെട്ടു മഹാചിന്തകന്മാരും പണ്ഡിതന്മാരും സാധാരണക്കാരും അസംഖ്യങ്ങളായി ക്രിസ്തുവിൽ വിശ്വസിച്ചിട്ടുണ്ടു. വിശ്വസിക്കാത്തവർ അതിലും അസംഖ്യങ്ങളായി ഉണ്ടെന്നുള്ള വസ്തുത പ്രസ്തുത ന്യായങ്ങളുടെ സാധുതയ്ക്കു ബാധകമല്ല. അവരധികവും ആ ന്യായങ്ങൾ അറിഞ്ഞിട്ടില്ലാത്തവരോ, പരിശോധിക്കാൻ മനസ്സില്ലാത്തവരോ, തെററിദ്ധരിച്ചിട്ടുള്ളവരോ, അവയുടെ പ്രേരണയ്ക്കു വഴിപ്പെടാനുള്ള മനോഗുണമില്ലാത്തവരോ ആണെന്നുള്ളതിനു തെളിവില്ലായ്കയില്ല. ആകയാൽ ക്രിസ്തുവിലുള്ള വിശ്വാസം ഏററവും യുക്തിയുക്തമാണു. സാമാന്യക്കാരനായ ഓരോ ക്രിസ്തുമതവിശ്വാസിയും ഈ ന്യായങ്ങളെല്ലാം ഗ്രഹിച്ചിരിക്കണമെന്നോ അവയ്ക്കെതിരായ ആക്ഷേപങ്ങൾക്കു സമാധാനം പറയുവാൻ കഴിവുള്ളവനായിരിക്കണമെന്നോ ആവശ്യമില്ല. അവയെ ഗ്രഹിക്കുവാനും ആക്ഷേപങ്ങൾക്കു സമാധാനം പറയുവാനും കഴിവുള്ളവരുടെ വാക്കിനെ ആധാരമാക്കി വിശ്വസിച്ചാൽ അവന്റെ വിശ്വാസം മുൻപറഞ്ഞ കാരണങ്ങളാൽ യുക്തിയുക്തമായിരിക്കും.

### കത്തോലിക്കാവിശ്വാസം

ക്രിസ്തു ഏകസഭ സ്ഥാപിച്ചിട്ടുണ്ടെന്നും അതു റോമൻ കത്തോലിക്കാസഭയാണെന്നും അതിന്റെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായ്ക്കു ക്രിസ്തുവിന്റെ നാമത്തിൽ അവികലമായ തത്വോപദേശങ്ങൾ പഠിപ്പിക്കുവാൻ അപ്രമാദമായ വരം ലഭിച്ചിട്ടുണ്ടെന്നും ബൈബിൾ ദൈവനിവേശിതമായ ഗ്രന്ഥമാണെന്നും മററുമുള്ള കത്തോലിക്കരുടെ വിശ്വാസവും യുക്തിജന്യങ്ങളായ ന്യായങ്ങളിന്മേൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണു. തന്മൂലം ആ വിശ്വാസവും യുക്തിയുക്തമാണു. അകത്തോലിക്കാസഭകളിൽ ജനിച്ചുവളർന്നിട്ടുള്ള അസംഖ്യം മഹാചിന്തകന്മാരും പണ്ഡിതന്മാരും സാത്വികന്മാരും ഈ ന്യായങ്ങൾ പഠിച്ചറിഞ്ഞു ബോദ്ധ്യപ്പെട്ടു വളരെ ത്യാഗങ്ങൾ സഹിച്ചു കത്തോലിക്കാസഭയുടെ ഏററവും വിശ്വസ്തരംഗങ്ങളായിത്തീർന്നിട്ടുള്ളതുതന്നെ പ്രസ്തുത ന്യായങ്ങളുടെ സാധുതയ്ക്കു തെളിവാണു. കത്തോലിക്കാസഭയിൽ വിശ്വസിക്കാത്ത അകത്തോലിക്കാ പണ്ഡിതന്മാർ അസംഖ്യം ഉണ്ടെന്നുള്ള വസ്തുത പ്രസ്തുതന്യായങ്ങളുടെ സാധുതയ്ക്കു ബാധകമല്ല. അതിന്റെ കാരണം മുൻപു പറഞ്ഞതുതന്നെ.

വാസ്തവം പറഞ്ഞാൽ യുക്തിക്കു ബോദ്ധ്യംവരാത്ത, യുക്തിയുക്തമല്ലാത്ത, യാതൊന്നും വിശ്വസിച്ചുകൂടായെന്നാണു കത്തോലിക്കാസഭയുടെ സ്പഷ്ടമായ ഉപദേശം. കത്തോലിക്കാസഭയിലെ വിശ്വാസസത്യങ്ങൾ (Dogmas) മനുഷ്യരുടെ യുക്തിക്കു അതീതങ്ങളാണെങ്കിലും വിപരീതങ്ങളല്ല. വൈദ്യന്റെ ചികിത്സ രോഗിയുടെ യുക്തിക്കു അതീതമാണെങ്കിലും വൈദ്യന്റെ വിശ്വാസയോഗ്യമായ വാക്കിനെ ആധാരമാക്കി രോഗി വിശ്വസിക്കുന്നു. ഇതുപോലെ കത്തോലിക്കാസഭയിലെ വിശ്വാസസത്യങ്ങൾ ദൈവം വെളിപ്പെടുത്തിയവയാണെന്നു തെളിയുന്നതിനാലാണു കത്തോലിക്കർ അവയെ സ്വീകരിക്കുന്നതു. ദൈവം വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ വഹിയാത്തവനാകയാൽ അവിടത്തെ വാക്കു വിശ്വസിക്കുന്നതു യുക്തിയുക്തമാകുന്നു. ആ വാക്കിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളുടെ അന്തരീകസ്വഭാവം മുഴുവനും തനിക്കു ഗ്രഹിക്കുവാൻ സാധിക്കുന്നില്ലെന്നുവച്ചു അവയെ വിശ്വസിക്കാതിരിക്കുന്നതു വിശ്വാസയോഗ്യനായ വൈദ്യന്റെ വാക്കു രോഗി വിശ്വസിക്കാതിരിക്കുന്നതിനെക്കാൾ ലക്ഷം മടങ്ങു യുക്തിവിരുദ്ധമായിരിക്കും. ഇതൊന്നും അറിയാതെയോ മനസ്സിലാക്കാതെയോ ആണു പണ്ഡിതന്മാരെന്നു വിചാരിക്കപ്പെടേണ്ട പ്രസ്തുത യുക്തിവാദി പ്രാസംഗികന്മാർ മതവിശ്വാസത്തെ കണ്ണടച്ചു യുക്തിഹീനമെന്നു ആക്ഷേപിച്ചിരിക്കുന്നതു.

—

## സഭ വിജയംവരിക്കും

“ജപ്പാനിൽ കമ്മ്യൂണിസത്തിന്റെ ശക്തി കുറഞ്ഞിരിക്കുന്നു. ലോകമാസകലമുള്ള കത്തോലിക്കർ ഇപ്പോൾ വേണ്ട സഹായം ചെയ്യുകയാണെങ്കിൽ, ജപ്പാന്റെ ആത്മരക്ഷയ്ക്കുള്ള യുദ്ധത്തിൽ സഭയ്ക്കു വിജയംവരിക്കുവാൻ സാധിക്കുന്നതാണു” എന്നത്രെ പ്രചാരണതിരുസംഘത്തിന്റെ കീഴുള്ള “ഫീദെസ്” എന്ന വാർത്താവിതരണസംഘക്കാർ ഈയിടെ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു. പ്രസ്താവന ഇപ്രകാരം തുടരുന്നു: “കമ്മ്യൂണിസ്റ്റു വിപത്തു അത്യാസന്നമെന്നു തോന്നിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ അപകടനില എല്ലായ്പ്പോഴും ഉള്ളതുതന്നെ; കാരണം, രോഗപ്രായമായിട്ടാണു പ്രസ്തുത കക്ഷി സംഘടനാശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു”. എന്നു പറഞ്ഞിട്ടു, ഇപ്പോൾ മുമ്പത്തെപ്പോലെ ഭീതിജനകമല്ല. സൃഷ്ടിപരമായ പ്രവൃത്തികളിലും (വേണമെന്നില്ലാ)തെ ഇപ്പോൾ ജപ്പാൻകാരുടെ ആഗ്രഹം. മിഷനറിമാരും പണവും ഉടനടി ആവശ്യമായിരിക്കുന്നു; കാരണം ഇപ്പോഴത്തേതുപോലുള്ള അവസരം പിന്നീടു ലഭിച്ചില്ലെന്നുവരാം. 1959-ൽ ജപ്പാനിലെ കത്തോലിക്കരുടെ സംഖ്യ 117,388 ആയിരുന്നു. 1949-ൽ അതു 158,388 ആയി വർദ്ധിച്ചു ജപ്പാനിൽ

പ്രഭാഷണം

# ആ ഉടമ്പടി

“ആകയാൽ ദൈവം യോജിപ്പിച്ചതു് മനുഷ്യർ വേർതിരിക്കാതിരിക്കട്ടെ.” (മത്താ. XIX-6).

ലോകത്തിലെ സാമൂഹ്യജീവിതചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നതു് ഉടമ്പടികളിന്മേലാണ്. രാഷ്ട്രീയവും സാമ്പത്തികവും വാണിജ്യപരവുമായ സകല രംഗങ്ങളിലും ഉടമ്പടികൾക്കുള്ള പ്രാധാന്യം അന്യാദൃശമാണ്. അററ്ലാൻറിക് ഉടമ്പടി, പോട്സ്ഡാം ഉടമ്പടി, പൂനഉടമ്പടി തുടങ്ങിയ രാഷ്ട്രീയരംഗത്തിലെ സുപ്രസിദ്ധങ്ങളായ ഉടമ്പടികളെപ്പോലെ തന്നെ നാടൻപ്രദേശങ്ങളിലെ അനുദിനജീവിതത്തിലും കൊള്ളക്കൊടുക്കകളിലും നിരവധി ഉടമ്പടികൾ അവശ്യം സംഭവ്യങ്ങളാണ്. ഇവയിൽ എല്ലാംകൊണ്ടും സർവ്വപ്രധാനമായ ഒന്നാണ് വൈവാഹികഉടമ്പടി. ഭാര്യാഭർത്താക്കന്മാർ അവരുടെ ജീവിതസൗധത്തിന്റെ ഉപരിതലത്തിൽ നിന്നുകൊണ്ടു് കീഴ്പ്പോട്ടു നോക്കുമ്പോൾ കാണാം അവരുടെ സൗധം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു് മഹത്തായ ഒരു ഉടമ്പടിയിന്മേലാണെന്നു്. പോരാ, സമുദായം —മനുഷ്യവംശംതന്നെ— അധിഷ്ഠിതമായിരിക്കുന്നതു വൈവാഹിക ഉടമ്പടിയിന്മേലാണു; കാരണം, കുടുംബം സമുദായത്തിന്റെ അസ്ഥിവാരമാണെങ്കിൽ കുടുംബത്തിന്റെ അടിസ്ഥാനം വിവാഹക്കരാറാണ്. വികാരതരളിതമായ അന്തരീക്ഷത്തിൽ വരണ്ടതൊണ്ടയോടും വിറയ്ക്കുന്ന അധരങ്ങളോടുംകൂടി ഒരു യുവാവും യുവതിയും പരസ്പരം ഒരു ഉടമ്പടി ചെയ്യുന്നു. ആശീർവചസ്സുകളരുളുന്ന പുരോഹിതന്റെയും സാക്ഷികളായ മാന്യജനങ്ങളുടേയും മുമ്പിൽ ഈ ഉടമ്പടി നിർവ്വഹിക്കപ്പെടുന്നു. ദൈവം അതിനെ വിശുദ്ധീകരിച്ചു ഒരു കൂദാശയായി ഉയർത്തുകയും ചെയ്യുന്നു. സർവ്വപ്രധാനവും പരിപൂതവുമായ ഈ വൈവാഹിക ഉടമ്പടി പാലിക്കുന്നതിൽ എന്നു് ലോകം ബദ്ധശ്രദ്ധമാകയും വിജയം വരിക്കയും ചെയ്യുമോ അന്നു് ലോകം സമാധാനത്തിന്റെ പൂനിലാവിൽ നിർവൃതിയടയും.

എന്താണീ വൈവാഹിക ഉടമ്പടി? കുഴപ്പംപിടിച്ച ഖണ്ഡികകളൊന്നും ഈ കരാറിലില്ല. വധൂവരന്മാർ തങ്ങളെത്തന്നെ മുഴുവനായും പരസ്പരം അർപ്പണം ചെയ്യുന്നു; ശരീരം മാത്രമല്ല, ആത്മാവും. ഈ ഉടമ്പടി കുറെ നാളത്തേക്കു മാത്രമുള്ളതല്ല, പ്രത്യുത, ഇരുകക്ഷികളിൽ ഒരാളുടെ മരണംവരെ ഇതു് അഭംഗം നിലനില്ക്കും. ഈ ഉടമ്പടി രണ്ടുപേർതമ്മിൽ മാത്രമേ പാടുള്ളു; മൂന്നാമതൊരു കക്ഷിക്കു ഇതിൽ സ്ഥാനമോ അവകാശമോ ഇല്ല; അവ നൽകാൻ പാടില്ലതാനും. പരസ്പരം താങ്ങും തണലും സഹായവും നൽകണമെന്നുള്ളതും ഇതിൽ അന്തർലീനമാണല്ലോ. “ആകയാൽ അവർ ഒരു ശരീരമല്ലാതെ രണ്ടല്ല” (മത്താ. XIX-6). ദാമ്പത്യധർമ്മാനുഷ്ഠാനത്തിനായി ശരീരത്തെ പരസ്പരം നൽകുവാനുള്ള ചുമതല അവർ ഈ ഉടമ്പടിവഴിയായി ഏറെറടുക്കുന്നു. എന്നാൽ ശാരീരികമായ ഐക്യത്തെക്കാൾ കൂടുതലായ ഐക്യം ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ഉണ്ടാകേണ്ടിയിരിക്കുന്നു. അവരുടെ വ്യക്തിത്വവും ജീവിതം മുഴുവനും ഒന്നിക്കണം. ജഡികമായ ഐക്യം മാത്രമെയുള്ളുവെങ്കിൽ അതിൽ മൃഗങ്ങളെയാണ് അനുകരിക്കുന്നതു്. ചെറുപ്പമാണ്, യുവത്വം തുളുമ്പിനിൽക്കുന്നു, സൗന്ദര്യം വഴിഞ്ഞൊഴുകുന്നു, വികാരം തിരതല്ലുന്നു—ഇതിന്റെയെല്ലാം ഫലമായി ഉളവാകുന്ന പ്രേമവും ജഡികമായ ഐക്യവും മൃഗങ്ങളുടേതിനു തുല്യമാണ്; സ്ഥിരമല്ല. യുവത്വം എന്നും നിലനിൽക്കുകയില്ല; സൗന്ദര്യവും ക്ഷയിക്കും; വികാരങ്ങൾ എരിഞ്ഞമരും; ജരാനരകൾ ബാധിക്കും; ശാരീരികമായ-ദാമ്പത്യധർമ്മം അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ലാത്തതും പാടില്ലാത്തതുമായ കാലഘട്ടങ്ങൾ ഉണ്ടാകും. അപ്പോഴൊക്കെയും വൈവാഹിക ഉടമ്പടിയും തജ്ജന്യമായ പരസ്പരസ്നേഹവും നിലനില്ക്കണം. അതിനായി ഹൃദയംകൊണ്ടും മനസ്സുകൊണ്ടുമുള്ള സ്വയസമർപ്പണവും ഐക്യവും കൂടിയേ കഴിയൂ; ശരീരം മാത്രമല്ല, ആത്മാവും (The whole person) പരസ്പരം നൽകപ്പെടുകയും ഒന്നിക്കയും വേണം.

ഇപ്രകാരം ശരീരം ശരീരത്തിനും ആത്മാവു് ആത്മാവിനും മുഴുവനായും സമർപ്പിക്കപ്പെടുമ്പോൾ അതിൽ മൂന്നാമതൊരു കക്ഷിക്കു സ്ഥാനമോ അവകാശമോ നല്കാൻ പാടില്ലെന്നുള്ളതു് സുവിദിതമാണല്ലോ. ഇതിലാണു് ദാമ്പത്യവിശ്വസ്തത അടങ്ങിയിരിക്കുന്നതു്. രണ്ടുപേർതമ്മിലുള്ള ഉടമ്പടി ആ രണ്ടു പേരെയും ബാധിക്കുന്നു. ഒരുവൻ മാതാപിതാക്കന്മാരെ വിട്ടു് സ്വന്തം ഭാര്യയോടുചേർന്നു ഇരുവരും ഒരു ജഡമായിത്തീരുന്നു. എന്നാൽ മറെറാരു കക്ഷിക്കു് ഇവർ സ്വയം സമർപ്പിക്കുമ്പോഴൊക്കയും ഈ ഐക്യം തകർന്നു പോകയും ചവിട്ടിമെതിക്കപ്പെടുകയും ചെയ്യുന്നു. അതാണല്ലോ വ്യഭിചാരം. ഈ വിശ്വസ്തതാലംഘനം പ്രവൃത്തികൾകൊണ്ടോ വാക്കുകൾകൊണ്ടോമാത്രമല്ല, വിചാരങ്ങൾ, ആഗ്രഹങ്ങൾ എന്നിവകൊണ്ടും സംഭവിക്കുന്നതാണ്. ഇക്കാര്യത്തിൽ ക്രിസ്തുനാഥന്റെ വാക്കുകൾ കർശനവും ദാക്ഷിണ്യരഹിതവുമാണ്: “എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്ന ഏവനും ഉടനെതന്നെ ഹൃദയംകൊണ്ടു അവളുമായി വ്യഭിചാരംചെയ്തുകഴിഞ്ഞു.” (മത്താ V. 28) ഒരുവന്റെ ബാല്യകാലംമുതൽ കുതിച്ചാടി ഇരമ്പിമറിഞ്ഞുവരുന്ന സ്നേഹസരിത്തിനെ ദാമ്പത്യമാകുന്ന തോടു വെട്ടി അതിലേക്കു തിരിച്ചുനിർത്തുന്നു. അച്ഛസ്ഫടികസങ്കാശമായ നിർമ്മലത്വമിയലുന്ന ആ ജലാശയത്തിൽ മററാർക്കുംതന്നെ പ്രവേശനമില്ല. ആരെങ്കിലും അതിലേക്കു കാലെടുത്തുകുത്തിയാൽ അതു് ഉടനെ കലങ്ങിപ്പോകും. ലോകത്തിൽ ഇരുനൂറു കോടിയിലധികം ജനങ്ങളുണ്ടു്. തന്നിമിത്തം സ്വന്തം ഭർത്താവിനെക്കാൾ, അല്ലെങ്കിൽ ഭാര്യയെക്കാൾ സൗന്ദര്യവും യോഗ്യതയും ആകർഷകത്വവും, കാര്യശേഷിയും, സ്ഥാനവും, സമ്പത്തും കൂടുതൽഉള്ള സ്ത്രീപുരുഷന്മാരെ കണ്ടുമുട്ടിയെന്നുവരാം. അപ്പോൾ ഒട്ടുംതന്നെ ഭ്രമിച്ചുവശാകരുതു്. പരിശുദ്ധമായ ഒരു ഉടമ്പടിയുടെ സ്മരണ തദവസരത്തിൽ ഉദിച്ചുയരണം. സ്നേഹപ്രകടനങ്ങളുമായി വല്ലവരും സമീപിക്കുന്നുണ്ടെങ്കിൽ അതെല്ലാം നിഷ്കരുണം വെട്ടിമാററണം, മുളയിലേ നുള്ളിക്കളയണം, കർശനമായ കരുതലുകൾ ഉണ്ടായിരിക്കണം. ദാമ്പത്യജീവിതത്തിന്റെ മതിൽക്കെട്ടുകൾ ഉറപ്പും ഉയരവുമുള്ളവയായിരിക്കണം; മറെറാരാൾ അതിനുള്ളിൽ പ്രവേശിക്കുവാൻ ഒരിക്കലും അനുവദിക്കരുതു്.

ഉടമ്പടികൾ ലംഘിക്കുന്നവരെ—വാക്കുപാലിക്കാത്തവരെ— ലോകം കുററപ്പെടുത്തുക പതിവാണ്. എന്നാൽ വൈവാഹിക ഉടമ്പടിയെപ്പോലെ അത്ര ശ്രേഷ്ഠവും ഉൽകൃഷ്ടവുമായ മററു യാതൊരു ഉടമ്പടിയുമില്ല. സാധാരണ കരാറുകളിൽ എന്തെങ്കിലും സാധനങ്ങളോ, പണമോ, വസ്തുവിന്മേലുള്ള അവകാശമോ കൈമാററം ചെയ്യപ്പെടുന്നു. എന്നാൽ വിവാഹക്കരാറിലാകട്ടെ വസ്തുക്കളല്ല, പ്രത്യുത രണ്ടു മനുഷ്യവ്യക്തികൾ സ്വന്തം ആത്മാവിനേയും ശരീരത്തേയുമാണ് പരസ്പരം സമർപ്പിക്കുന്നതും കൈമാററം ചെയ്യുന്നതും. ഇവയെക്കാൾ വിലപിടിച്ച യാതൊന്നും അവർക്കു കൈമാറുവാനില്ല. കൊടുത്തുകഴിഞ്ഞാൽ ആ വസ്തു സ്വന്തമല്ലല്ലോ. അതുകൊണ്ടു് ഭർത്താവിനു നൽകപ്പെട്ട സ്വന്തശരീരവും ഹൃദയവും മനസ്സും ഒരു ഭാര്യ എങ്ങനെ മറെറാരു പുരുഷനു് നൽകും? ഭാര്യക്കു നൽകപ്പെട്ട സ്വന്തശരീരവും ഹൃദയവും മനസ്സും എങ്ങനെ ഒരു ഭർത്താവു് മറെറാരു സ്ത്രീക്കു നൽകും? പരിശുദ്ധവും മഹത്തമവുമായ ഒരുടമ്പടിയാണിതു്. ഫുൾട്ടൺ ഷീൻ എന്ന മഹാൻ ചോദിക്കുന്നു, സ്വന്തംഭാര്യയോടുള്ള ഉടമ്പടി നിസ്സങ്കോചം ലംഘിക്കയും ചവുട്ടിമെതിക്കയുംചെയ്യുന്ന നേതൃമ്മന്യന്മാർ രാഷ്ട്രീയങ്ങളും വാണിജ്യപരങ്ങളുമായ ഉടമ്പടികൾ പാലിക്കുമെന്നു എങ്ങനെ വിശ്വസിക്കാമെന്നു്. നമ്മുടെ നാടുകളിലും അന്യരുടെ ഉടമ്പടികളേയും കരാറുകളേയും സംബന്ധിച്ച കാര്യങ്ങളിൽ പ്രവേശിച്ചു് അവയെ നീതിയുക്തമായി പാലിക്കണമെന്നു് കക്ഷികളെ അനുശാസിക്കയും നിർബന്ധിക്കയും മാദ്ധ്യസ്ഥം പറയുകയും ചെയ്യുന്ന സമുദായപ്രമാണികളും പൊതുക്കാര്യപ്രസക്തന്മാരും ആദ്യമായിത്തന്നെ സ്വന്തം ഭാര്യയോടുള്ള പരിശുദ്ധമായ ഉടമ്പടി ശരിയായി പാലിക്കുന്നുണ്ടോ എന്നു ആത്മശോധന ചെയ്യട്ടെ.

വൈവാഹിക ഉടമ്പടി കക്ഷികളുടെ ഇഷ്ടംപോലെ റദ്ദ്ചെയ്യാൻ സാദ്ധ്യമല്ല. കാരണം, കൂദാശവഴിയായി ദൈവം അതിനെ പരിശുദ്ധീകരിക്കയും സ്ഥിരീകരിക്കയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. “ഭാര്യയെ ഉപേക്ഷിക്കുന്ന ഏവനും അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നുവെന്നും ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നുവെന്നും ഞാൻ നിങ്ങളോടു പറയുന്നു.” (മത്താ. V-32) പാശ്ചാത്യരാജ്യങ്ങളിൽ വിവാഹമോചനമെന്ന മഹാരോഗം സന്മാർഗ്ഗത്തെ കാർന്നുതിന്നുന്നുണ്ടു്. നമ്മുടെ നാട്ടിൽ അതിനു് അത്രതന്നെ പ്രചാരം സിദ്ധിച്ചിട്ടില്ല. എങ്കിലും ഒരു ദുരാചാരത്തെപ്പററി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. ദാമ്പത്യജീവിതത്തിലേക്കു കാലെടുത്തുകുത്തുന്ന ഒരു വധുവിനു ചിലപ്പോഴുണ്ടാകുന്ന ദുരനുഭവമെന്താണ്? വിവാഹത്തിന്റെ പിറെറദിവസംതന്നെ വരൻ കൊളമ്പിലേക്കോ ബോംബേക്കോ പോകുന്നു. സ്വഭർത്താവിനെ ഒന്നു കൺകുളിർക്കെ കാണുന്നതിനുപോലും ആ തരുണിക്കു് കഴിഞ്ഞിട്ടില്ല. അങ്ങനെ ചിലപ്പോൾ നീണ്ട കൊല്ലങ്ങൾതന്നെ കഴിഞ്ഞെന്നുവരാം. ഒരു പക്ഷെ എഴുത്തുകളോ പണമോ വരുന്നുണ്ടായിരിക്കാം; അല്ലെങ്കിൽ അതുമുണ്ടാകയില്ല. അവരുടെ വൈവാഹിക ഉടമ്പടി എന്തായിത്തീർന്നു? വിവാഹക്കരാറുകൾ പാലിക്കപ്പെടുവാൻ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു താമസിക്കണമെന്നുള്ളതു് അത്യന്താപേക്ഷിതമാണ്. എന്നാൽ ചില കുടുംബവഴക്കുകളുടേയും, അമ്മായിഅമ്മപ്പോരിന്റെയും, സ്ത്രീധനത്തിന്റെയും, പലഹാരത്തിന്റെയും, ആഭരണങ്ങളുടേയും പേരിൽ ഭാര്യാഭർത്താക്കന്മാർ വളരെമാസങ്ങളും ചിലപ്പോൾ കൊല്ലങ്ങളും പിരിഞ്ഞു താമസിക്കുന്നതു് വലിയ അപരാധമല്ലേ? ഏവംവിധമുള്ള വേർപിരിഞ്ഞ ജീവിതത്തിന്റെ ഗൗരവമേറിയ അനാശാസ്യതയും അതിൽനിന്നു ഇരുകൂട്ടർക്കും വന്നുകൂടാവുന്ന ദൂഷ്യഫലങ്ങളും അവർ നന്നായി ഗ്രഹിക്കട്ടെ.

(ജെ. ചെമ്മണ്ണൂർ)

ക്രിസ്ത്യാനികൾ എണ്ണത്തിൽ കുറവാണെങ്കിലും അവർ തീക്ഷ്ണമതികളാണ്. അവരുടെ സംഖ്യാബലത്തെ തീർച്ചയായും അതിശയിക്കുന്ന ഒരു പ്രേരണാശക്തിയാണ് അവരവിടെ ചെലുത്തിക്കൊണ്ടിരിക്കുന്നതു്.”

## വിൻസെൻഷ്യൻസഭ

ധ്യാനപ്രസംഗങ്ങൾ, സാധുജനസേവനം മുതലായ മഹനീയലക്ഷ്യങ്ങളോടുകൂടി, തോട്ടകവും അങ്കമാലിയും കേന്ദ്രങ്ങളാക്കി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വിൻസെൻഷ്യൻ കോൺഗ്രിഗേഷനിൽ ചേരാൻ ആഗ്രഹമുള്ള സ്കൂൾഫൈനൽ പാസ്സായ യുവാക്കൾ, പ്രസ്തുത കോൺഗ്രിഗേഷൻ വകയായി അങ്കമാലി ആശ്രമത്തിൽ നടത്തുന്ന പെററിസെമ്മിനാരിയിൽ ചേരുന്നതിനു് മാർച്ച് 31-ാംനു-ക്കു മുമ്പു് അപേക്ഷകൾ അയച്ചിരിക്കേണ്ടതാണ്. ഇക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ ചേരാനുള്ളവർക്കും അപേക്ഷകൾ അയക്കാം.

സുപ്പീരിയർ ജനറൽ
വിൻസെൻഷ്യൻ ഹൗസ്
തോട്ടകം—വൈക്കം


## കുരുമുളകിന്റെ വിലക്കയററം

മുളകിന്റെ വർദ്ധിച്ച വില സാമ്പത്തികമായി നിങ്ങളിൽ പലരേയും മെച്ചമാക്കിയിട്ടുണ്ടു്. എന്നാൽ നിങ്ങൾ സമ്പാദിച്ച പണത്തിന്റെ ഏതാനും ഭാഗം ഭാവിയിലേയ്ക്കുവേണ്ടി കരുതിവയ്ക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും.

നിങ്ങളുടെ പണം സുരക്ഷിതമായും ആദായകരമായും ആവശ്യത്തിനു എടുക്കത്തക്കവിധത്തിലും നിക്ഷേപിക്കുന്നതിനുള്ള സൗകര്യമുണ്ടു്.

ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, പെരുമ്പാവൂർ


## പൊരുത്തക്കാരൻ

(2-ാംപേജ് തുടർച്ച)

ല്പതിഷ്ണുത്വത്തിന്റെ ഒരു ചിറകു വിരിക്കൽ.

“നമ്മുടെ പെണ്ണിനെ അതു ചേററിക്കുണ്ടാ.” യാഥാസ്ഥിതികത്വം പിന്നെയും എതിർത്തു. “തുണീം ചട്ടേം കവണിയുമാ പെൺപിള്ളേർക്കു ചേരുന്നതു്.”

“ഈ കഴുതയോടു പറഞ്ഞാൽ മനസ്സിലാകുകയില്ലേ?” മാത്തനു കോപം വന്നു. “ഇപ്പോഴത്തെ പരിഷ്കാരത്തിനനുസരിച്ചൊക്കെ വേണം. അല്ലെങ്കിൽ! ..........” അയാൾ ആ രഹസ്യം പറച്ചിൽ ആവർത്തിച്ചു. അതുമാത്രം കുഞ്ഞമ്മയ്ക്കു മനസ്സിലായില്ല. എങ്കിലും അവൾക്കറിയാം ഭാഗ്യം തന്നെ സമീപിക്കുകയാണെന്നു്.

അവൾ പള്ളിയിൽപ്പോകാൻ അണിഞ്ഞൊരുങ്ങി. കഴുത്തു നിറയെ മാല, കൈത്തണ്ടുകൾ നിറയെ വളകൾ, വിരലുകൾ പലതിലും മോതിരം, എങ്കിലും അവൾക്കു് എന്തെന്നില്ലാത്ത ഒരു അസഹിഷ്ണുത. ആ ആഭരണങ്ങൾ അന്നാട്ടിലെ കുബേരകുമാരികളുടെ ശരീരത്തെ പലവുരു അലങ്കരിച്ചതാണ്. നാളെ അവ ഉടമസ്ഥരുടെ കണ്ണത്തിലും കൈയിലുമൊക്കെ ചാടിക്കയറിയിട്ടു് അവളെ പരിഹസിക്കയില്ലെന്നു് ആരറിഞ്ഞു? എങ്കിലും അവൾ ഒന്നു നിശ്ചയിച്ചു. പുരയിടത്തിനു പലരും വില പറയുന്നുണ്ടു്; തനിക്കു സ്വന്തമായി ഏതാനും ആഭരണങ്ങളുണ്ടാകാതിരിക്കയില്ല. (തുടരും)

## പ്രാർത്ഥന

(പി. എൽ. ഇടപ്പള്ളി)

(ഗാഥ)

താരാധിനാഥന്റെ പുണ്യതിരുനാമ-
മാരാധിക്കട്ടെ മനുഷ്യരെല്ലാം.
നാഥനേ! മന്നിൽ നിൻ രാജ്യം വരേണമേ;
നാകസാമ്രാജ്യത്തിലെന്നപോലെ.
അങ്ങേത്തിരുനാമം മന്നിലും മംഗള-
മങ്ങനെതന്നെ പകർന്നിടാവൂ!

ഞങ്ങടെയന്നന്നെയപ്പം മുടങ്ങാതെ-
യിന്നും തരേണമേ തമ്പുരാനേ!
ഞങ്ങൾ പൊറുക്കും കടക്കാരോടെ; ന്നപോ-
ലങ്ങും പൊറുക്കണേ ഞങ്ങളോടും.
പാപത്തിൽവീഴ്ത്തും പരീക്ഷയിൽ പൂകാതെ
പാലിച്ചുകൊള്ളണേ ഞങ്ങളെ നീ
തിന്മയിൽനിന്നുമകററണേ; യങ്ങനെ
നന്മയിൽക്കൂടി നയിക്കുകാമ്മേൻ.

Sathya Deepam

Vol. 23 Ernakulam February 15 1950 No. 25

## വിശുദ്ധവത്സരത്തിൽ

(1-ാം പേജു് തുടർച്ച)

സം മുഴുവനും സമർപ്പിച്ചുകഴിയുന്നവരോടു പരിശുദ്ധ പിതാവു പറയുന്ന വാക്കുകൾ വീണ്ടും ഉദ്ധരിച്ചുകൊള്ളട്ടെ.

"ദരിദ്രരോടും പീഡിതരോടും നാം പറയുന്നു: നിങ്ങളുടെ ഭാഗധേയം എന്തുതന്നെ ആയിരുന്നാലും നിങ്ങളോടു നീതി ചെയ്യണമെന്നു അവകാശപ്പെടാവുന്നതാണു്. അങ്ങനെ നീതിചെയ്യുവാൻ ഇതരർ ബാദ്ധ്യസ്ഥരാണെങ്കിലും നിങ്ങൾക്കു മരണമില്ലാത്ത ഒരാത്മാവുണ്ടെന്നും ലോകത്തിനു നല്കാൻ കഴിയാത്ത ഒരു ഭാഗ്യം നിങ്ങൾക്കു നിശ്ചയിച്ചിട്ടുണ്ടെന്നും ഓർക്കണം. നിങ്ങൾക്കും നിങ്ങളുടെ കുടുംബാംഗങ്ങൾക്കും ഭക്ഷിക്കുവാനും ഉടുക്കുവാനും കിടക്കുവാനും ആവശ്യമുണ്ടെന്നുള്ളതു ശരിതന്നെ; എന്നാൽ തൽസംബന്ധമായ ഉൽക്കണ്ഠ നിങ്ങളുടെ സ്വർഗ്ഗീയ അന്ത്യത്തിനു എതിരല്ലാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അതുവഴി നിങ്ങളുടേയോ നിങ്ങളെ ഏല്പിച്ചിരിക്കുന്ന നശിക്കുവാൻ പാടില്ലാത്ത സമ്പത്തായ നിങ്ങളുടെ മക്കളുടേയോ ആത്മാക്കളെ നിങ്ങൾ മറക്കരുതു്. അവയെപ്പറ്റി ശ്രദ്ധയില്ലാത്തവരാകരുതു്. ദൈവമില്ലാത്ത ദരിദ്രർക്ക ധനം ശക്തിയേറിയ ഒരു ആയുധമാണു്; ദൈവമില്ലാത്ത ദരിദ്രർക്ക ധനം മരണത്തിന്റെ ഒരു കെണിയാണു്.

"വിശുദ്ധ വത്സരത്തിൽനിന്നു സമാധാനത്തെ—ദൈവം നിയമിച്ചിരിക്കുന്ന വിധത്തിൽ അന്തർദേശീയ സമുദായങ്ങളുടെ ക്രമീകരണത്തെ—നാം പ്രതീക്ഷിക്കുന്നു. സർവ്വേശ്വരന്റെ പ്ലാൻ അനുസരിച്ചു സമാധാനത്തിലും ഐക്യത്തിലും നീതിയിലും വർത്തിക്കുന്നവർ—യുദ്ധത്തിലും ശണ്ഠയിലും ദേശീയ സ്വാർത്ഥതയിലും നിമഗ്നരായിരിക്കുന്നവരല്ല—പൊതുഗുണത്തെ മുൻനിറുത്തിക്കൊണ്ടു മനുഷ്യർക്കായി ദൈവം നല്കിയിരിക്കുന്ന സമ്പത്തിന്റെ ന്യായമായ ഒരോഹരി എല്ലാവർക്കും കിട്ടത്തക്കവിധം മനുഷ്യസമുദായമാകുന്ന കുടുംബത്തെ നയിച്ചുകൊണ്ടുപോകേണ്ടതാണു്."

വിശുദ്ധ വത്സരത്തിലേക്കു മൂന്നു പ്രായോഗികനിർദ്ദേശങ്ങൾകൂടി നമ്മുടെ പരിശുദ്ധ പിതാവു നൽകുന്നുണ്ടു്. അവിടുന്നു പറയുന്നു: "വിശുദ്ധവത്സരം പ്രഥമതഃ പരിഹാരത്തിന്റേയും പശ്ചാത്താപത്തിന്റേയും കാലമായിരിക്കണം. ഗാഗുൽത്താമലയിലെ പരിഹാരകൃത്യത്തെ അനുസ്മരിക്കുന്ന ഈ വിശുദ്ധവത്സരം, പ്രിയമക്കളേ നിങ്ങളുടേയും നിങ്ങളുടെ സന്താനങ്ങളുടേയും പാപപരിഹാരത്തിനായി വിനിയോഗിക്കുവിൻ, കഴിഞ്ഞകാലത്തെ തിന്മകളെ പശ്ചാത്താപത്തിന്റെ കണ്ണുനീരിൽ താഴ്ത്തിക്കളയുക. തങ്ങൾതന്നെ ഉണ്ടാക്കിയ പീഡനോപകരണങ്ങൾവഴി ഈ തലമുറ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അതു തങ്ങളുടെ പാപങ്ങളുടേയും ദ്രോഹങ്ങളുടേയും ഫലം തന്നെയാണു് എന്നു ഓർക്കുകയും ചെയ്യുവിൻ. സർവ്വേശ്വരന്റെ ഉദാരമായ വാഗ്ദാനങ്ങളുടെ പ്രകാശത്തിൽക്കൂടെ നോക്കുന്നതായാൽ മനുഷ്യർ പരസ്പരം ശാന്തമായും ക്ഷമാപൂർവ്വവും, തെറ്റുകൾ മറന്നു ജീവിക്കുവാൻ ഈ വിശുദ്ധവത്സരത്തിൽ പ്രത്യേകം കടപ്പെട്ടാണിരിക്കുന്നതെന്നു ബോദ്ധ്യമാകും."

തനിച്ചും കൂട്ടമായും പരിഹാരംചെയ്യേണ്ട ചുമതല വിവരിച്ചതിനുശേഷം പരിശുദ്ധപിതാവു ചോദിക്കുന്നു: "കുരിശിൽതറയ്ക്കപ്പെട്ട മിശിഹായും യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന തിരുസഭമുഴുവനും പരിഹാരത്തിലേർപ്പെട്ടിരിക്കയിൽ ആരു് ഈ ചുമതലയിൽനിന്നു തന്നെത്തന്നെ സ്വതന്ത്രനാക്കും?"

മൂന്നാമതായി ക്ഷമിക്കുവാൻ പഠിക്കണം. പരിശുദ്ധപിതാവു പറയുന്നു: 'രാഷ്ട്രീയ കോളിളക്കങ്ങൾ വഴിയും നിർഭാഗ്യകരമായ സമരത്താലും ചരിത്രത്തിലെങ്ങും കാണാത്തവിധം അസംഖ്യമാളുകൾ വധിക്കപ്പെടുകയും നരവേട്ട നടമാടുകയും ചെയ്യുന്നതു കണ്ടപ്പോൾ നമ്മുടെ ഹൃദയം കഠിനമായ വേദനയനുഭവിച്ചു. ആത്മാർത്ഥതയുള്ള ക്രിസ്ത്യാനി ക്ഷമിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. കുറ്റംചെയ്യുവരോടല്ല തെറ്റിപ്പോയവരോടു് അവിവേകമായ അസഹിഷ്ണുതയും പ്രതികാരബുദ്ധിയും ഗവണ്മെണ്ടു് അധികാരികൾതന്നെ പ്രകാശിപ്പിക്കുന്നതും അതിർത്തിവിട്ടു ശിക്ഷ നീട്ടിക്കൊണ്ടുപോകുന്നതും നീതിവിരുദ്ധമാണു്. ഗവണ്മെണ്ടു് അധികാരികൾക്കും ഐക്യബോധവും രമ്യതാശീലവും സർവ്വനാഥൻ നൽകുമാറാകട്ടെ... തന്റെ പീഡകരോടു ക്ഷമിച്ച ഈശോമിശിഹായുടെ നാമത്തിൽ ഗവണ്മെണ്ടുകളോടു, വിശിഷ്യ, ക്രൈസ്തവഗവണ്മെണ്ടുകളോടു നാം അഭ്യർത്ഥിക്കുന്നു, രാജ്യനിയമങ്ങളുടെ കാഠിന്യത്തെ ലഘുപ്പെടുത്തി എത്രയും മംഗളകരവും മാഹാത്മ്യമേറിയതുമായ വിശുദ്ധവത്സരത്തിൽ ക്ഷമാപൂർവ്വം വർത്തിക്കണമെന്നു്."

പശ്ചാത്തപിക്കുക, പരിഹാരംചെയ്യുക, പരസ്പരം ക്ഷമിക്കുക ഇവയാണു് നമ്മുടെ പരിശുദ്ധപിതാവു് ഈ വിശുദ്ധവത്സരത്തിൽ ആവശ്യപ്പെടുന്നതു്. പ്രായശ്ചിത്തത്തിന്റെ അവസരമാണല്ലോ നോമ്പുകാലം. ആകയാൽ ഈ നോമ്പുകാലത്തു പ്രത്യേകിച്ചും നമ്മൾ നമ്മുടെ പാപങ്ങളെക്കുറിച്ചു് അനുതപിക്കുകയും തെറ്റുകൾക്കു പരിഹാരം ചെയ്യുകയും, നമ്മളെ ഉപദ്രവിച്ച എല്ലാവരോടും ക്ഷമിക്കുകയുംവേണം. യഹൂദർക്കു നൽകിയ ജൂബിലിവത്സരനിയമങ്ങളിൽ ഒന്നു ജൂബിലിവത്സരത്തിൽ കടങ്ങൾ ഒഴിവാക്കിക്കൊടുക്കണമെന്നാണു്. ഇന്നു ധനകാര്യങ്ങളിൽ ഈ നിയമം ആരും പാലിക്കുന്നില്ല. എന്നാൽ വഞ്ചന വഴിയോ മറ്റുവിധത്തിലോ നാം മറ്റുള്ളവരെ നമ്മുടെ കടക്കാരാക്കിയിട്ടുണ്ടെങ്കിൽ സകല കടങ്ങളും ഇളവുചെയ്തു കൊടുക്കേണ്ടതാണു്. അന്യന്റെ വസ്തുക്കളെ നശിപ്പിച്ചതിലുള്ള തെറ്റു പരിഹരിക്കുവാൻ ഉത്തരിപ്പുകടങ്ങൾ വീട്ടിയേ മതിയാവൂ എന്നു പ്രിയമക്കളേ നിങ്ങൾക്കു അറിവുള്ളതാണല്ലോ. ഈ വിശുദ്ധവത്സരത്തിൽ അങ്ങനെയുള്ള കടങ്ങൾ വീട്ടുന്നതിനും ദ്രോഹിച്ചവരോടു് ക്ഷമിക്കുന്നതിനും പ്രത്യേകം ഉത്സാഹിക്കുവിൻ.

മുമ്പു പ്രസ്താവിച്ചതുപോലെ കൂട്ടത്തോടെയുള്ള ഒരു "തൊഴുത്തിൽക്കയറ്റ"മാണു് പരിശുദ്ധപിതാവു ഈ വത്സരത്തിന്റെ ഒരു പ്രധാനോദ്ദേശമായി പ്രതീക്ഷിക്കുന്നതു്. ആകയാൽ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടു പ്രസിദ്ധംചെയ്ത തിരുവെഴുത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ തിരുസഭയോടുള്ള ഭക്തി എല്ലാവരിലും നിലനില്ക്കുന്നതിനും ദുഷ്ടാലോചനകൾക്കും വഞ്ചനകൾക്കും പീഡനങ്ങൾക്കുമെതിരായി തിരുസഭയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, തിരുസഭയെ ആശ്ലേഷിക്കാതെ അന്ധകാരത്തിൽ നടക്കുന്നവർക്കു സുവിശേഷപ്രകാശംലഭിച്ചു് തിരുസഭയാകുന്ന തൊഴുത്തിൽ എല്ലാവരും പ്രവേശിക്കുന്നതിനും, തൊഴിലാളികളും മുതലാളികളും തങ്ങളുടെ ഭിന്നതകൾതീർത്തു് ഒരു പിതാവിന്റെ മക്കളെപ്പോലെ ഐക്യത്തിലും സന്തുഷ്ടിയിലും ജീവിക്കുന്നതിനു് ആവശ്യമായ സാമുദായികനീതി നടപ്പിലായിക്കാണുന്നതിനും ഈ വിശുദ്ധവത്സരത്തിൽ, പ്രത്യേകം ഈ നോമ്പുകാലത്തു. നിങ്ങൾ പ്രാർത്ഥിക്കണം. അതിനായി കുരിശിന്റെ വഴി നടത്തി കാഴ്ചവയ്ക്കണം. ഉപവാസത്തേയും മാംസവർജ്ജനത്തേയും സംബന്ധിച്ച ലഘുവായ നിയമങ്ങളെങ്കിലും അനുഷ്ഠിക്കണം. അടുത്തടുത്തു—പാടുണ്ടെങ്കിൽ എല്ലാദിവസവും—ശരിയായി ദിവ്യപൂജകാണുകയും കൂടെക്കൂടെ വി. കുർബാന ഉൾക്കൊള്ളുകയും ചെയ്യണം. അങ്ങനെ ഈ വിശുദ്ധവത്സരം ദൈവത്തിന്റെ വത്സരമായിത്തീരുമാറാകട്ടെ.

ബ്ലോക്ക് സ്റ്റുഡിയോ

രാപകൽ വ്യത്യാസമില്ലാതെ,

ഏതു സമയത്തും ബ്ലോക്കുകൾ നിർമ്മിക്കുന്നതിനു സാധിക്കുന്ന ഏററവും നവീനമാതൃകയിലുള്ള സജ്ജീകരണങ്ങൾ.

പരിചയസമ്പന്നനായ സ്റ്റുഡിയോപ്രവർത്തകന്റെ

വിദഗ്ദ്ധനേതൃത്വം.

മിതമായ നിരക്കു്. കൂടുതൽ ബ്ലോക്കുകൾ എടുപ്പിക്കുന്നവർക്കു ന്യായമായ ഡിസ്കൗണ്ടു്.

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം

ആരോഗ്യപംക്തി

## സുധാരസം

(മിസ്സസ് മാർഗ്രററ് കോരപനയ്ക്കൽ. വൈദ്യകലാനിധി)

രണ്ടുരൂപാത്തൂക്കം നല്ല ചുണ്ണാമ്പു് 32 ഔൺസ് ശുദ്ധജലത്തിൽ കലക്കി വൃത്തിയായ ഒരു ഭരണിയിൽ വയ്ക്കുക. പിറേറദിവസം വെള്ളത്തിന്റെ മുകളിൽ അല്പം വെളുത്തു കട്ടിയായ ഒരു സാധനം കാണും. മേശക്കത്തികൊണ്ടോമററൊ അതു് നിശ്ശേഷം എടുത്തുകളയണം. വെള്ളം തെളിഞ്ഞതു് ഊററിയെടുത്തു് ഭരണിയിലാക്കണം. ഇങ്ങനെ ഏഴു പ്രാവശ്യം ഊററിയെടുത്തശേഷം കുപ്പിയിലാക്കി സൂക്ഷിക്കാം. ഓരോ പ്രാവശ്യവും ജലനിരപ്പിൽകാണുന്ന സ്ഫടികസമാനമായ പാട എടുത്തു കളയുകയുംവേണം. ഈവിധത്തിലെടുക്കുന്ന ജലത്തിനു സുധാരസമെന്നു പറയുന്നു.

നാമമാത്രമായ ചിലവിലും ശ്രമത്തിലും ലഭിക്കാവുന്ന സുധാരസം അനേകം രോഗങ്ങൾക്കു് ഫലപ്രദമായ ഒരു സിദ്ധൗഷധമാണു്.

മൂന്നുമാസംമുതൽ പ്രായമുള്ള കുട്ടികൾക്കു് ഇതു കാച്ചിയ പാലിൽ ചേർത്തു് കൊടുക്കാം. 8 ഔൺസ് പാലിൽ അര ഔൺസ് സുധാരസം ചേർക്കാം. മുലകുടിമാറുന്ന അവസരത്തിലുംമററും കൈകാലുകൾ ശോഷിച്ചു, വയറുചാടി, നെഞ്ചുന്തി, വിളറി ക്ഷീണിച്ചിരിക്കുന്ന ശിശുക്കൾക്കു് ഇപ്രകാരം കൊടുത്താൽ അത്ഭുതകരമായ ഫലം കാണും. പല്ലുവരുന്നതിനു താമസം നേരിടുന്നതിന്റെ ഒരു കാരണം ദേഹത്തിൽ "കാൽസ്യ" (calcium)ത്തിന്റെ അളവുകുറവാണു്. ഈ കുറവിനെ പരിഹരിക്കുകയും ഭംഗിയും ഉറപ്പും ഉള്ള ദന്തനിര സൃഷ്ടിക്കുകയും ചെയ്യുന്നതിൽ സുധാരസം സമർത്ഥമാണു്. ഇപ്പോൾ സർവസാധാരണമായി കാണാറുള്ള കൃമിദന്തം (പുഴുപ്പല്ലു്) പല്ലുതേയുക മുതലായവയ്ക്കും ഇതു നല്ലതാണു്. അസ്ഥികൾ ദാർഢ്യവും വലിപ്പവും ഉള്ളവയായിത്തീരുന്നതിനും ഇതു് ഉപകരിക്കുന്നു. സുധാരസത്തിൽ സമം വെളിച്ചെണ്ണയോ നല്ലെണ്ണയോ ചേർത്തു് നന്നായി യോജിപ്പിച്ചു പുരട്ടിയാൽ തീപ്പൊള്ളൽകൊണ്ടു് സ്ഫോടം (കുമള) ഉണ്ടാകാതിരിക്കുന്നതിനും വ്രണം പഴുക്കാതിരിക്കുന്നതിനും അഥവാ പഴുത്താൽ തന്നെ അടയാളം ഉണ്ടാകാതിരിക്കുന്നതിനും ഉപകരിക്കുന്നു. സുധാരസവും വെണ്ണനെയ്യുംകൂടി ചാലിച്ചു പുരട്ടിയാൽ കുട്ടികളുടെ കുരപ്പൻ ഉണങ്ങും. അപസ്മാരം ഉള്ള ശിശുക്കൾക്കു് സുധാരസം പാലിൽ ചേർത്തു പതിവായി കൊടുത്താൽ നിശ്ശേഷം മാറിക്കിട്ടുന്നതാണു്. ആവണക്കെണ്ണയിൽ ചാലിച്ചുപുരട്ടിയാൽ കാലുവിള്ളൽ (വിപാദിക) ഭേദമാകും. സുധാരസവും മീൻനെയ്യും(cod liver oil)കൂട്ടിച്ചേർത്തു് സേവിച്ചാൽ ചുമ നെഞ്ചുവേദന മുതലായവ മാറി ശരീരം തടിക്കും.

വെറും രണ്ടുപൈസമാത്രം ചെലവാക്കിയാൽ ഇപ്രകാരം ഗുണപ്രദവും പ്രയോഗസൗകര്യമുള്ളതും, സാധാരണ ഉപയോഗിക്കേണ്ട സന്ദർഭം തരുന്നതുമായ മറെറാരൗഷധം സുലഭമല്ലതന്നെ.

## സഭാവസ്ത്രദാനം

ഫെബ്രുവരി 9-ാംനു വ്യാഴാഴ്ച എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് 31 അർത്ഥിനികൾക്കു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കർമ്മലീത്താ സഭാവസ്ത്രം നല്കിയിരിക്കുന്നു. തദവസരത്തിൽ റവ. ഡോ. തോമസ് മൂത്തേടൻ എം. എ. ഡി. ഡി. സന്യാസജീവിതത്തെ പരാമർശിച്ചു് ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

## GLEANINGS

"Gimme a Dime for a cup of coffee?" asked the hobo of the plainclothes man.

"Do you ever work?" said the plainclothes man.

"Now and then."

"What do you do?"

"This and that."

"Where?"

"Oh, here and there."

The plainclothes man took him to the police station.

"When do I get out of here?" wailed the hobo.

"Sooner or later," growled the desk sergeant.

* * *

Henry: "Are you still engaged to that homely girl?"

George: "No, I'm not."

Henry: "Good for you, old fellow. How did you get out of it?"

George: "I married her."

## സൗജന്യവിതരണ ഫണ്ട്

വെരി റവ. ഡോക്ടർ കുര്യാക്കോസ് നമ്പ്യാപറമ്പിൽ, കാഞ്ഞൂർ ക. 6-0-0

*Permissu Ecclesiastico*

Printed & Published by K. L. Varkey at the Mar Louis Memorial Press Ernakulam